എഡിറ്റോറിയൽ

# സത്യം വാങ്ങുക

*“നിങ്ങൾ സത്യം വില്ക്കുകയല്ല വാങ്ങുകയത്രേ വേണ്ടത്”*
*(സദൃശവാക്യങ്ങൾ 23: 23)*



ഒരു ചെറിയ വാക്യം. ആദ്യകേൾവിക്ക് ഒരു കടങ്കഥപോലെ തോന്നുമെങ്കിലും സ്വയം പ്രകാശിക്കുന്ന ഒരു വചനമാണിത്. ക്രിസ്തീയജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഇതു ധാരാളം വെളിച്ചം നൽകും.

സത്യം വാങ്ങുകയാണു വേണ്ടതെന്നു പറയുമ്പോൾ രണ്ടു കാര്യങ്ങൾ അതിൽ നിന്നു വ്യക്തമാണ്. ഒന്ന്: സത്യം നമുക്ക് പുറത്താണ്. രണ്ട്: അതു സ്വന്തമാക്കാൻ നാം ഒരു വിലകൊടുക്കണം.

എന്തു വാങ്ങാനും ഒരു വില കൊടുക്കേണ്ടതുണ്ട്. സത്യത്തിനും അങ്ങനെ തന്നെ. സത്യത്തിനു നാം നൽകേണ്ട വില എന്താണ്? സത്യം താഴ്മയോടെ സ്വീകരിച്ചാൽ മാത്രമേ അതു നമ്മുടെ സ്വന്തമാകുകയുള്ളു. സത്യത്തിനു നാം ആദ്യമായി നൽകേണ്ട വിലയും അതാണ്. നമ്മെക്കുറിച്ചുള്ള ഒരപ്രിയ സത്യം മറ്റൊരാളിൽ നിന്നു സ്വീകരിക്കാൻ നമുക്ക് എത്ര താഴ്മ ആവശ്യമുണ്ട്- പ്രത്യേകിച്ചും അതു നമ്മെക്കാൾ ചെറിയ ഒരാളിൽ നിന്നാകുമ്പോൾ!

ദാവീദ് രാജാവിന്റെ ജീവിതത്തിലെ ഒരനുഭവം ശ്രദ്ധിക്കുക. അദ്ദേഹം ശത്രുക്കളെ എല്ലാം കീഴ്പ്പെടുത്തി അതീവ ശക്തനും അതിപ്രശസ്തനുമായി വാഴുമ്പോൾ തന്റെ വിശ്വസ്ത പടയാളികളിലൊരാളായ ഊരിയാവിനെ ചതിയിൽപ്പെടുത്തി കൊല്ലുകയും ഊരിയാവിന്റെ ഭാര്യ ബേത്ത്ശേബയെ ഭാര്യയാക്കുകയും ചെയ്യുന്നു. വേലിതന്നെ വിളവു തിന്ന അനുഭവം. രാജ്യത്തു സത്യവും നീതിയും ധർമ്മവും നടപ്പാക്കേണ്ട രാജാവുതന്നെ കൊലപാതകവും വ്യഭിചാരവും ഉൾപ്പെടയുള്ള കല്പനാലംഘനങ്ങൾ നടത്തിയശേഷവും അതേപ്പറ്റി നേരിയ പശ്ചാത്താപം ഇല്ലാതെ കഴിയുകയാണ്. ബേത്ത്ശേബയെ സ്വന്തമാക്കിയശേഷം ഊരിയാവിനെ അതീവരഹസ്യമായി രാജാവു തന്നെ കൊല്ലിക്കുകയായിരുന്നു എന്ന കൊട്ടാര രഹസ്യങ്ങളൊന്നും അന്ന് പൊതുജനം അറിഞ്ഞിരിക്കുകയില്ല. അവരുടെ ദൃഷ്ടിയിൽ രാജ്യത്തിനുവേണ്ടി പൊരുതി മരിച്ച ധീരജവാന്റെ വിധവയെ കുപ്പയിൽനിന്നുയർത്തി രാജ്യത്തെ മഹാറാണിയാക്കി വാഴിച്ചത് രാജാവിന്റെ ഹൃദയവിശാലതയുടെയും മഹാമനസ്കതയുടെയും തെളിവാണ്! രാജാവിന്റെ ഈ മുഖംമൂടിയാണ് നാഥാൻ പ്രവാചകൻ പിച്ചിച്ചീന്തിയത്. രണ്ടു ശമുവേൽ 12-ാം അധ്യായത്തിൽ ഇതിന്റെ വിശദവിവരങ്ങൽ നമുക്കു കാണാം.

പക്ഷേ തന്നെക്കുറിച്ചുള്ള ഒരപ്രിയസത്യം പരസ്യമായിപ്പറഞ്ഞ നാഥാൻ പ്രവാചകനോട് ദാവീദ് കോപിച്ചില്ല; അദ്ദേഹത്തെ തടവിലാക്കുകയോ കൊല്ലുകയോ ചെയ്തില്ല. (എന്നാൽ മറ്റുപല രാജാക്കന്മാരും അങ്ങനെയായിരുന്നില്ല. 2 ദിനവൃത്താന്തം 16: 10, 24:21, 25:15, 16 എന്നീ ഭാഗങ്ങൾ കാണുക). മറിച്ച് ദാവീദ് തന്നെക്കുറിച്ചുള്ള ആ അപ്രിയസത്യത്തെ താഴ്മയോടെ സ്വീകരിച്ചു. അദ്ദേഹം ‘ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരുവനായി’ (അപ്പോ. പ്രവൃത്തി 13:22) മാറിയതിൽ എന്താണത്ഭുതം?

ഇതുപോലെ ഉന്നതചിന്തയും ദുരഭിമാനവും ഒക്കെ വിലയായി നൽകി തന്നെക്കുറിച്ചുള്ള ഒരപ്രിയസത്യം പത്രോസ് എളിമയോടെ ഏറ്റുവാങ്ങിയ സന്ദർഭം സുവിശേഷങ്ങളിൽ നാം കാണുന്നു. പത്രോസ് പിശാചിന്റെ ‘ഉച്ചഭാഷിണി’യായി മാറിയിരിക്കുകയാണെന്ന സത്യം യേശു പരസ്യമായി പ്രസ്താവിച്ചപ്പോൾ (മത്തായി 26:23) പത്രോസ് അത് താഴ്മയിൽ സ്വീകരിക്കാതിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ഇസ്കര്യോത്താ യൂദായെപ്പോലെ (യോഹന്നാൻ 12:4 7, മർക്കോ 14:10) എന്നീ ഭാഗങ്ങൾ ശ്രദ്ധിക്കുക) പത്രോസും ഇടറിപ്പോകുകയും എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകുകയും ചെയ്യുമായിരുന്നു.

സത്യത്തിന് കൊടുക്കേണ്ട മറ്റൊരു വില അനുസരണമാണ്. 1 പത്രോസ് 1:22 സത്യം, അനുസരിക്കാനുള്ളതാണെന്നു വ്യക്തമാക്കുന്നു. അനുസരണത്തിനു പകരം അനുസരണമല്ലാതെ മറ്റൊന്നുമില്ല. യേശുപറഞ്ഞ ഒരു പിതാവിന്റെയും രണ്ടുപുത്രന്മാരുടെയും ഉപമ ഈ സത്യത്തിലേക്കു വിരൽ ചൂണ്ടുന്നു. (മത്തായി 21:28-31). ഒരു പിതാവ് തന്റെ രണ്ടു പുത്രന്മാരോടും മുന്തിരിത്തോട്ടത്തിൽ അധ്വാനിക്കാൻ ആവശ്യപ്പെട്ടു. ഒരുവൻ ആദ്യം മറുത്തുപറഞ്ഞെങ്കിലും പിന്നീട് അനുതപിച്ച് അപ്പന്റെ വാക്ക് അനുസരിച്ച് പ്രവർത്തിച്ചു. മറ്റേ മകൻ അപ്പനോട് ‘അനുസരിക്കാം’ എന്നു പറഞ്ഞെങ്കിലും അനുസരണത്തിന്റെ പ്രവൃത്തി അവനിൽ നിന്ന് ഉണ്ടായില്ല. ഈ രണ്ടു മക്കളിൽ പിതാവിന്റെ വാക്ക് ‘അനുസരിച്ച’ മകനാണ് അപ്പന്റെ ഇഷ്ടം ചെയ്തതെന്ന് യേശു പറഞ്ഞപ്പോൾ നല്ല വാക്കുകൾ അനുസരണത്തിന്റെ പ്രവൃത്തിക്കു പകരം ആകുകയില്ലെന്ന് അവിടുന്ന് വ്യക്തമാക്കുകയായിരുന്നു. ഉവ്വ്, അനുസരണമാണ് സത്യത്തിനു കൊടുക്കേണ്ട മറ്റൊരു വില.

ചില സത്യങ്ങൾ നമ്മെ സംബന്ധിച്ച് യാഥാർത്ഥ്യമാകാൻ ക്ഷമയോടെയുള്ള കാത്തിരിപ്പ് ആവശ്യമാണ്. സത്യത്തിനു കൊടുക്കേണ്ട മൂന്നാമത്തെ വില അതാണ്. പത്രോസിന്റെ ജീവിതത്തിൽ നിന്നുതന്നെ ഒരു ഉദാഹരണം കാണുക. ശീമോനേ, അന്ത്രയോസ് ആദ്യം യേശുവിന്റെ അടുത്ത് എത്തിച്ചപ്പോൾ അവിടുന്നു പൊടുന്നനെ ചെയ്തത് അവന്റെ പേരുമാറ്റുകയായിരുന്നു. (യോഹന്നാൻ 1:42). അവനു പത്രോസ് (പെട്രോസ്=പാറക്കഷണം) എന്ന പുതിയ പേരു നൽകി. പക്ഷേ ആ പേര് അന്വർത്ഥമാകാൻ അവന് എത്രനാൾ കാത്തിരിക്കേണ്ടിവന്നു! പാറക്കഷണം ഉറപ്പും സ്ഥിരതയും ഉള്ളതാണ്. പക്ഷേ ആ പേരു ലഭിച്ചിട്ടും ജീവിതത്തിൽ ചാഞ്ചല്യങ്ങളും അസ്ഥിരതയും അവനെ നിഴലുപോലെ പിൻതുടരുന്നതാണു നാം കാണുന്നത്. എടുത്തുചാട്ടങ്ങൾ, അഭിപ്രായസ്ഥിരതയില്ലായ്മ, വീഴ്ചകൾ ...... ഇവയൊന്നും പാറയുടെ സ്ഥിരതയ്ക്കു ചേർന്നതായിരുന്നില്ല. മറിച്ച് അവയെല്ലാം കളിമണ്ണിന്റെ അസ്ഥിരതയെയാണ് ഓർമിപ്പിച്ചത്. പക്ഷേ ഒരു നാളിൽ, പെന്തക്കോസ്തു ദിനത്തിൽ സ്വർഗ്ഗത്തിലെ അഗ്നിയുടെ സ്പർശം അവൻ ഏറ്റു കഴിഞ്ഞപ്പോൾ, ആ തീയിലൂടെ കളിമണ്ണ് കടന്നുപോയപ്പോൾ അതു പാറപോലെ ഉറപ്പുള്ളതായി. മുമ്പ് ഒരു ദാസിയുടെ മുൻപിൽ പോലും യേശുവിനെ സാക്ഷിക്കാൻ ധൈര്യമില്ലാതിരുന്ന പത്രോസ് അതിനുശേഷം എത്ര ധൈര്യത്തോടും ഉറപ്പോടും കൂടിയാണ് മഹാപുരോഹിതന്മാരോടും സൻഹദ്രിംസംഘത്തോടും സംസാരിക്കുന്നത്!

നമ്മെസംബന്ധിച്ചും ഈ വില നൽകി യാഥാർത്ഥ്യമാക്കേണ്ട ചില സത്യങ്ങളുണ്ട്. തിടുക്കവും അക്ഷമയും വിട്ടുകളഞ്ഞ് ക്ഷമാപൂർവ്വം കാത്തിരുന്നാൽ ഇന്നല്ലെങ്കിൽ നാളെ ഈ സത്യങ്ങൾ നമ്മെ സംബന്ധിച്ചു യാഥാർത്ഥ്യമായി ത്തീരും.

സദൃശവാക്യം 23:23 സത്യം വില്ക്കരുതെന്നും നമ്മോടാവശ്യപ്പെടുന്നു. എങ്ങനെയാണു നമുക്കു സത്യം വില്ക്കാൻ കഴിയുന്നത്? നമ്മെ സംബന്ധിച്ചു യാഥാർത്ഥ്യം ആയിത്തീർന്നിട്ടില്ലാത്ത ഒരു കാര്യം മറ്റൊരാളെ ഉപദേശിക്കുമ്പോൾ നാം സത്യത്തെ വില്ക്കുകയാണ്.

സത്യത്തെ വില്ക്കുന്നവരാകാതെ, താഴ്മയും അനുസരണവും ക്ഷമയും നൽകി നമുക്കു സത്യത്തെ വാങ്ങുന്നവരായി മാറാം.



# സത്യം അറിയുക അംഗീകരിക്കുക

എ. ഡബ്ല്യൂ. ടോസർ



ജീവിതത്തെ മുഴുവൻ പൂർണമായി വിശ്വാസത്താൽ ക്രിസ്തുവിനു സമർപ്പിക്കുക. ഇതിന്റെ ഫലമായി നാം അവിടുത്തെ കല്പനകൾ അനുസരിക്കുകയും നമ്മുടെ ക്രൂശ് എടുക്കുകയും ദൈവത്തെയും സഹജീവികളെയും സ്നേഹിക്കുകയും ചെയ്യും.

**നി**ത്യതയുടെ വെളിച്ചത്തിൽ നോക്കിയാൽ, ഈ അവസാനമണിക്കൂറിലെ ഏറ്റവും വലിയ ആവശ്യം എന്താണ്? സഭയെ അതിന്റെ ബാബിലോന്യ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച് സഭയിൽ ദൈവമഹത്വം പഴയതുപോലെ പ്രശോഭിപ്പിക്കുക എന്നതാണ് ഇന്നത്തെ ആവശ്യം.

സഭ എന്നു പറയുന്നത് അവ്യക്തവും നിഗൂഢവുമായ ഏതോ മതപരമായ അമൂർത്തതയാണെന്നു കരുതരുത്. ലളിതമായിപ്പറഞ്ഞാൽ നമ്മൾ ക്രിസ്ത്യാനികളാണ് സഭ. നമ്മൾ ചെയ്യുന്നതാണു സഭ ചെയ്യുന്നത്. കാര്യങ്ങൾ വ്യക്തികളെ ആശ്രയിച്ചാണിരിക്കുന്നതെന്നു സാരം. സഭയുടെ മുന്നോട്ടുള്ള ഏതു ചുവടും വ്യക്തികളുടെ തലത്തിൽ നിന്നാണു തുടങ്ങേണ്ടത്.

ദൈവമഹത്വം പുനഃസ്ഥാപിക്കാൻ നമ്മൾ, സാധാരണ ക്രിസ്ത്യാനികൾ ഇതിനുള്ള എന്തെങ്കിലും രഹസ്യം പഠിക്കേണ്ടതുണ്ടോ? വ്യക്തിപരമായ ഉണർവ്വിനു സഹായിക്കുന്ന, ഈ കാലഘട്ടത്തിൽ നമ്മുടെ സാഹചര്യത്തിൽ പ്രസക്തമായ ഏതെങ്കിലും ഫോർമുല ഉണ്ടോ? ഉണ്ട് എന്നാണ് എനിക്കു പറ

**സ്വർഗോന്നതങ്ങളിൽ പിതാവിന്റെ വലത്തുഭാഗത്തു നമ്മെ വിശ്വസ്തതയോടെ പ്രതിനിധാനം ചെയ്യുന്ന മഹത്വപൂർണനായ ഒരു പുരുഷനുണ്ട്. അവിടുന്നു നമ്മെ ഒരു കാലഘട്ടത്തിലേക്കു ഭൂമിയിൽ മനുഷ്യരുടെ ഇടയിലേക്ക് അയച്ചിരിക്കുന്നു. ഇവിടെ ഇപ്പോൾ നമുക്ക് അവനെ വിശ്വസ്തതയോടെ പ്രതിനിധാനം ചെയ്യാം .**

യുവാനുള്ള മറുപടി.

അതെന്താണെന്നു നിങ്ങൾ ചോദിച്ചേക്കാം. എന്റെ മറുപടി പലർക്കും തൃപ്തികരമായിത്തോന്നിയെന്നു വരികയില്ല. കാരണം, അത് ദുർഗ്രഹവും നിഗൂഢവും ചിലർക്കുമാത്രം മനസ്സിലാകുന്നതുമായ എന്തെങ്കിലും ഒരു രഹസ്യമല്ല. ഈ രഹസ്യം എല്ലാവർക്കും അറിയാവുന്നതാണ്. പുരാതനവും അതേസമയം നവീനവുമായ പരസ്യമായ ആ രഹസ്യം ഇതാണ്. ദൈവത്തെ നിങ്ങൾ തന്നെ പരിചയപ്പെടുക, അനുഭവിക്കുക.

പഠനംകൊണ്ട് ദൈവത്തെ പരിചയപ്പെടുവാൻ കഴിയുകയില്ല. സ്വാഭാവിക മനുഷ്യന്റെ ജ്ഞാനത്തിനും ദൈവത്തെ കണ്ടെത്തുവാൻ സാധ്യമല്ല.

ദൈവത്തെ അറിയുക എന്നതാണ് ലോകത്തിലേറ്റവും എളുപ്പമുള്ളതും അതേസമയം ഏറ്റവും പ്രയാസമുള്ളതുമായ കാര്യം. അതാണ് ഏറ്റവും എളുപ്പമുള്ളതെന്നു പറയാനുള്ള കാരണം, കഠിനമായ മാനസികയത്നങ്ങളിലൂടെയല്ല മറിച്ച് സൗജന്യമായാണത് നല്കപ്പെടുന്നത് എന്നതത്രേ. സൂര്യപ്രകാശം തുറസ്സായ സ്ഥലത്തു സ്വതന്ത്രമായി പതിക്കുന്നതുപോലെ തുറക്കപ്പെട്ട ഹൃദയങ്ങളിൽ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം സൗജന്യമായി നൽകപ്പെടുന്നു.

അതേസമയം ദൈവത്തെ അറിയുന്നത് ഏറ്റവും പ്രയാസമുള്ള കാര്യം ആയിരിക്കുന്നത് എന്തുകൊണ്ടാണ്? ദൈവത്തെ പരിചയപ്പെടുന്നതിന് നാം ചില വ്യവസ്ഥകൾ പാലിക്കണം. വീണുപോയ മനുഷ്യന്റെ വഴങ്ങാത്ത സ്വാഭാവത്തിന് ആ വ്യവസ്ഥകൾക്കു സ്വഭാവികമായി കീഴടങ്ങുവാൻ വിഷമമാണ്. അതുകൊണ്ടാണ് ദൈവത്തെ അറിയുന്നത് ഏറ്റവും പ്രയാസമുള്ള കാര്യമായി മാറിയിരിക്കുന്നത്.

ബൈബിൾ പഠിപ്പിക്കുന്നതും തലമുറകളായി വിശുദ്ധരായ ദൈവമനുഷ്യർ പറഞ്ഞുപോരുന്നതുമായ ആ വ്യവസ്ഥകൾ ഞാൻ ഇവിടെ ചുരുക്കമായി വിവരിക്കാം.

ഒന്ന്: പാപങ്ങളെ പൂർണമായി ഉപേക്ഷിക്കുക.

വിശുദ്ധനായ ദൈവത്തെ അശുദ്ധമായ വഴികളിലൂടെ ചരിക്കുന്ന മനുഷ്യനു കണ്ടുമുട്ടുവാൻ സാധ്യമല്ല. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും' (മത്തായി 5:8) എന്ന് യേശുക്രിസ്തു പറഞ്ഞതിന്റെ പൊരുളും ഇതുതന്നെ.

രണ്ട്: ജീവിതത്തെ മുഴുവൻ പൂർണമായി വിശ്വാസത്താൽ ക്രിസ്തുവിനു സമർപ്പിക്കുക.

ഇച്ഛയുടെ തലത്തിലും വൈകാരിക തലത്തിലും ക്രിസ്തുവുമായി ബന്ധം സ്ഥാപിക്കുകയും എല്ലാറ്റിലും അവിടുത്തെ അനുസരിക്കുന്നത് ഏകലക്ഷ്യമായിക്കരുതുകയും വേണം. ഇതിന്റെ ഫലമായി നാം അവിടുത്തെ കല്പനകൾ അനുസരിക്കുകയും നമ്മുടെ



**ഈ വീണുപോയ ലോകത്തിന്റെ വിലകുറഞ്ഞ മൂല്യബോധത്തെ ധൈര്യത്തോടെ നിരാകരിക്കുക. അവിശ്വാസികൾ തങ്ങളുടെ ഹൃദയം വച്ചിരിക്കുന്ന കാര്യങ്ങളിൽ നിന്ന് ആത്മാവിൽ പൂർണ്ണമായി മാറി നില്ക്കുക.**

ക്രൂശ് എടുക്കുകയും ദൈവത്തെയും സഹജീവികളെയും സ്നേഹിക്കുകയും ചെയ്യും.

മൂന്ന്: നമ്മെത്തന്നെ പാപത്തിനു മരിച്ചവരായും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവരായും എണ്ണുക.

നമ്മുടെ മുഴുവൻ വ്യക്തിത്വത്തെയും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനായി തുറന്നു കൊടുക്കണം. തുടർന്ന് ആത്മാവിൽ നടക്കുവാനും ജഡത്തിന്റെ ഇച്ഛകളെ കാലിനു കീഴിൽ മെതിച്ചു കളയുവാനും അഭ്യസിക്കണം.

നാല്: ഈ വീണുപോയ ലോകത്തിന്റെ വിലകുറഞ്ഞ മൂല്യബോധത്തെ ധൈര്യത്തോടെ നിരാകരിക്കുക. അവിശ്വാസികൾ തങ്ങളുടെ ഹൃദയം വച്ചിരിക്കുന്ന കാര്യങ്ങളിൽ നിന്ന് ആത്മാവിൽ പൂർണ്ണമായി മാറി നില്ക്കുക.

ദൈവം നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും ചൊരിയുന്ന പ്രകൃതിയുടെ ലളിതമായ വരദാനങ്ങൾ ആസ്വദിച്ച് സന്തുഷ്ടരായിക്കഴിയുവാൻ പഠിക്കണം.

അഞ്ച്: ദൈവത്തിന്റെ മഹത്വത്തെ നിരന്തരം സ്നേഹപൂർവ്വം ധ്യാനിക്കുവാൻ അഭ്യസിക്കുക.

എവിടെയും ഇന്നു മനുഷ്യനാണു ശ്രദ്ധാകേന്ദ്രം. മനുഷ്യനെ ചുറ്റിപ്പറ്റിയുള്ള കാഴ്ചപ്പാടിൽ നിന്നും മനസ്സിനെ ബോധപൂർവ്വം ക്ഷമയോടെ ദൈവത്തിങ്കലേക്കു തിരിക്കുന്ന പ്രവൃത്തിയാണിത്.

ആറ്: ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം വർദ്ധിക്കുന്തോറും സഹജീവികളെ സേവിക്കുന്നതു നമുക്കു പരമപ്രധാനമാകും. ദൈവത്തെക്കുറിച്ചുള്ള അനുഭവം വർദ്ധിക്കുമ്പോൾ അതിനെ കരുണയുടെ പ്രവൃത്തികളായി മറ്റുള്ളവർക്കു പകർന്നുകൊടുക്കുവാൻ നമുക്കുതോന്നും.

വ്യക്തിയുടെ ദൈവവുമായുള്ള ബന്ധത്തെക്കുറിച്ചാണ് നാം ഇതുവരെ ചിന്തിച്ചത്. പക്ഷേ ഒരാൾ പുരട്ടിയിരിക്കുന്ന സുഗന്ധലേപം അതിന്റെ സ്വയം പരക്കുന്ന മണംകൊണ്ട് ശ്രദ്ധയാകർഷിക്കുന്നതുപോലെ ഒരു വ്യക്തിയിൽ വർദ്ധിച്ചുവരുന്ന ദൈവികാനുഭവം ക്രിസ്തീയസമൂഹത്തിൽ ക്രമേണ അറിയുവാൻ ഇടയാകും. അപ്പോൾ ദൈവജനത്തിനിടയിൽ നാം നമ്മുടെ പുതിയ ദൈവികാനുഭവം പങ്കുവയ്ക്കുവാൻ തയ്യാറായിരിക്കണം.

സ്വകാര്യപ്രാർത്ഥനകൾ മാത്രമല്ല നമ്മുടെ പാട്ടും സാക്ഷ്യവും എഴുത്തും പ്രസംഗവുമെല്ലാം തേജോമയനായ നമ്മുടെ കർത്താവിനെ കേന്ദ്രീകരിച്ചുള്ളതായിരിക്കണം.

സ്വർഗോന്നതങ്ങളിൽ പിതാവിന്റെ വലത്തുഭാഗത്തു നമ്മെ വിശ്വസ്തതയോടെ പ്രതിനിധാനം ചെയ്യുന്ന മഹത്വപൂർണനായ ഒരു പുരുഷനുണ്ട്. അവിടുന്നു നമ്മെ ഒരു കാലഘട്ടത്തിലേക്കു ഭൂമിയിൽ മനുഷ്യരുടെ ഇടയിലേക്ക് അയച്ചിരിക്കുന്നു. ഇവിടെ ഇപ്പോൾ നമുക്ക് അവനെ വിശ്വസ്തതയോടെ പ്രതിനിധാനം ചെയ്യാം.

○

**അനുഭവം**

# മറ്റുള്ളവർ നിങ്ങളെപ്പറ്റി ദൂഷണം പറയുമ്പോൾ

**സാക്പുന്നൻ**

**ഇ**ൻഡ്യൻ നാവികസേനയിൽ നിന്നും വിടവാങ്ങി 1966 ൽ ഞാൻ പൂർണ്ണസമയ ക്രിസ്തീയവേലയിലായപ്പോൾ എന്നെ ഏറ്റവും അധികം ഉത്സാഹിപ്പിക്കുകയും ഉപദേശിക്കയും ചെയ്തത് സഹോദരൻ ഭക്തസിംഗ് ആയിരുന്നു. അക്കാലത്തെ ഇൻഡ്യയിലെ ഏറ്റവും പ്രഗത്ഭനായ സുവിശേഷകനായിരുന്ന അദ്ദേഹത്തെ ഒരു യഥാർത്ഥ ദൈവമനുഷ്യനായി മറ്റാരെയുംകാൾ അധികം ഞാൻ ബഹുമാനിച്ചിരുന്നു. കഴിഞ്ഞ 40 വർഷങ്ങളായി എനിക്ക് വളരെ വിലപ്പെട്ടതായിത്തീർന്നിട്ടുള്ള ദൈവവചനത്തിൽ അധിഷ്ഠിതമായ മൂന്ന് ഉപദേശങ്ങൾ അദ്ദേഹം എനിക്ക് നൽകുകയുണ്ടായി. അവ താഴെ ചേർക്കുന്നു:

1. ഒരു മനുഷ്യനോടും നിന്റെ ആവശ്യങ്ങൾ പറയാതിരിക്കുക.

2. വ്യക്തിപരമായ ആവശ്യങ്ങൾക്കായി അധികം പണം ചെലവാക്കാതെ ലളിതജീവിതം നയിക്കുക.

3. മറ്റുള്ളവർ നിന്നെ വിമർശിക്കുകയോ നിന്നെപ്പറ്റി ദൂഷണം പറയുകയോ ചെയ്യുമ്പോൾ ഒരിക്കലും സ്വയം പ്രതിരോധിക്കാതിരിക്കുക.

കഴിഞ്ഞ ലക്കത്തിൽ ആദ്യത്തെ രണ്ട് ഉപദേശങ്ങൾ പാലിക്കുവാൻ കർത്താവ് എന്നെ എങ്ങനെ സഹായിച്ചു എന്നതിനെപ്പറ്റി സൂചിപ്പിച്ചിരുന്നല്ലോ? 1975-76 കാലഘട്ടത്തിലാണ് മൂന്നാമത്തെ ഉപദേശത്തിന്റെ ആവശ്യകത ബോദ്ധ്യമായത്.




1975 ലും 1976 ലുമായി ഇൻഡ്യയിലെ പല ക്രിസ്തീയ വിശ്വാസികളുടെയും എന്നോടുള്ള മനോഭാവത്തെ വ്യത്യാസപ്പെടുത്തിയ മൂന്നു കാര്യങ്ങൾ സംഭവിച്ചു. തൽഫലമായി പലർക്കും എന്നോട് തികച്ചും നിഷേധാത്മകമായ മനോഭാവം ഉണ്ടായി.

ഒന്നാമതായി കർത്താവ് പരിശുദ്ധാത്മാവിലുള്ള സ്നാനം എനിക്ക് നൽകുകയും ഞാൻ അന്യഭാഷകളുടെ വരം പ്രാപിക്കുകയും ചെയ്തു. (ഇക്കാലത്ത് അന്യഭാഷാഭാഷണം പിശാചിൽ നിന്നാണ് വരുന്നത് എന്ന് വിശ്വസിക്കുന്ന ക്രിസ്തീയസമൂഹങ്ങൾ ഉണ്ടല്ലോ?).

രണ്ടാമതായി കർത്താവ് എന്റെ ഭവനത്തിൽ ഒരു പുതിയ സഭയ്ക്ക് രൂപം നൽകി. (എക്യൂമെനിസത്തിന്റെയും, സഭകൾ തമ്മിലുള്ള സ്വതന്ത്രസംവാദങ്ങളുടെയും ഈ കാലഘട്ടത്തിൽ വീട്ടിൽ ഒരു സഭതുടങ്ങുന്നത് പലർക്കും സ്വീകാര്യമായിരിക്കയില്ലല്ലോ?)



> **ദൈവീക അനുഗ്രഹം നമ്മിലൂടെ മറ്റുള്ളവരിലേക്ക് ഒഴുകുവാൻ മോശ മരുഭൂമിയിൽ പാറയെ അടിച്ചതുപോലെ നാമും തകർക്കപ്പെടേണ്ട ആവശ്യമുണ്ട്. മനുഷ്യരുടെ എതിർപ്പും ദൂഷണം പറച്ചിലും നമ്മെ ദൈവമുമ്പാകെ നുറുക്കത്തിൽ നിൽക്കുവാൻ സഹായിക്കുന്നു.**

മൂന്നാമതായി പരിശുദ്ധാത്മാവ് എനിക്ക് ക്രിസ്തുവിന്റെ മനുഷ്യത്വത്തെപ്പറ്റി വെളിപ്പാട് നൽകുകയുണ്ടായി. 'യേശു നമുക്ക് തുല്യമായി സകലത്തിലും പരീക്ഷിക്കപ്പെട്ടു' എന്നുള്ള സത്യം (എബ്രാ.4:15-മൂല ഗ്രീക്കു പരിഭാഷ) ദൈവഭക്തിയുള്ള ഒരു ജീവിതത്തിന്റെ മർമ്മമായി ഞാൻ ഗ്രഹിച്ചു. (1 തിമോ.3:16). എല്ലായിടത്തും ഈ മഹത്വകരമായ സത്യങ്ങൾ ഞാൻ പ്രസംഗിക്കാൻ തുടങ്ങി. (നൂറ്റാണ്ടുകളായി പ്രസംഗിക്കപ്പെടാത്ത ദൈവവചന സത്യങ്ങൾ ഒരുവൻ കണ്ടെത്തി വീണ്ടും പ്രസംഗിക്കാൻ തുടങ്ങുമ്പോൾ അത് ദുരുപദേശമാണെന്ന് തോന്നുന്നത് സ്വാഭാവികമാണല്ലോ?)

വളരെ എതിർപ്പ് ഉണ്ടായെങ്കിലും വ്യക്തിപരമായ ജീവിതത്തിലും കുടുംബജീവിതത്തിലും പാപത്തിന്മേൽ ജയമുള്ള സന്തോഷവാനായ ഒരു ക്രിസ്ത്യാനിയാക്കി എന്നെ തീർത്തത് മേൽപ്പറഞ്ഞ മൂന്നു കാര്യങ്ങളായിരുന്നു. ജീവിതത്തിൽ ആദ്യമായി സ്വർഗ്ഗത്തിന്റെ ഒരു മുൻരുചി പ്രാദേശിക സഭയിലെ കൂട്ടായ്മയിൽ ഞാൻ അനുഭവിക്കാൻ തുടങ്ങി. ഇതെല്ലാം സാത്താനെ ക്രുദ്ധനാക്കി.

കർത്താവിന്റെ അനുഗ്രഹം നമ്മുടെ ജീവിതത്തിൽ വർദ്ധിക്കുമ്പോൾ നമ്മോടുള്ള സാത്താന്റെ രോഷവും വർദ്ധിക്കും. കർത്താവ് ഇത് അനുവദിക്കുന്നത് നമ്മെ താഴ്മയിൽ നിലനിർത്താനും തന്നോട് കൂടുതൽ അടുപ്പിക്കാനും പിശാചിന്റെ ആക്രമണങ്ങൾ പ്രയോജനപ്പെടും എന്നതിനാലാണ്. ആത്മീയപോരാട്ടത്തിലൂടെ നാം ശക്തരായിത്തീരുവാനും ആയിരങ്ങൾക്ക് അനുഗ്രഹമായിത്തീരുവാനും വേറെ മാർഗ്ഗമില്ല. ദൈവിക അനുഗ്രഹം നമ്മിലൂടെ മറ്റുള്ളവരിലേക്ക് ഒഴുകുവാൻ മോശ മരുഭൂമിയിൽ പാറയെ അടിച്ചതുപോലെ നാമും തകർക്കപ്പെടേണ്ട ആവശ്യമുണ്ട്. മനുഷ്യരുടെ എതിർപ്പും ദൂഷണം പറച്ചിലും നമ്മെ ദൈവമുമ്പാകെ നുറുക്കത്തിൽ നിൽക്കുവാൻ സഹായിക്കുന്നു. അങ്ങനെ കോതമ്പുമണി നിലത്തുവീഴുകയും മനുഷ്യരുടെ മുമ്പാകെയുള്ള ആകർഷണീയത നഷ്ടപ്പെട്ട് മരണം വരിക്കയും ചെയ്യുന്നു. അപ്പോൾ സമൃദ്ധമായ ഫലം പുറപ്പെടുവിക്കാൻ കഴിയുന്നു.

ഞാൻ 'ആഴമുള്ള' ക്രിസ്തീയജീവിതത്തെപ്പറ്റി പ്രസംഗിക്കുന്ന കപടഭക്തനും പരാജിതനും എന്നാൽ പ്രസിദ്ധനുമായ ഒരു പ്രസംഗി ആയിരുന്ന കാലത്തോളം സാത്താൻ വളരെ സന്തുഷ്ടനായിരുന്നു. എന്നാൽ പുതിയ ഉടമ്പടിയിൻകീഴെയുള്ള ജീവിതത്തിലേക്ക് ഞാൻ പ്രവേശിക്കുകയും പുതിയനിയമസഭകൾ വിവിധ സ്ഥലങ്ങളിൽ ഉടലെടുക്കുകയും, സാമ്പത്തികമായി ഞാൻ സ്വയം പര്യാപ്തനായിത്തീരുകയും ചെയ്തപ്പോൾ സാത്താൻ ക്രുദ്ധനാകുകയും ദേശമെമ്പാടുമുള്ള ക്രിസ്തീയനേതാക്കളേയും പാസ്റ്റർമാരേയും എനിക്കെതിരേ ഇളക്കിവിടുകയും ചെയ്തു. ഇവരിൽ പലരും എന്റെ ശുശ്രൂഷയിൽ

**വാസ്തവം പറഞ്ഞാൽ എനിക്ക് ദോഷം ചെയ്യാൻ ഇന്നുവരെ ആർക്കും കഴിഞ്ഞിട്ടില്ല. കാരണം ഈ സന്ദർഭങ്ങളിലെല്ലാം റോമർ 8 ന്റെ 28 ൽ പറയും പോലെ സകലതും എന്റെ നന്മയ്ക്കായി കൂടി വ്യാപരിക്കുന്നത് മാത്രമാണ് ഞാൻ കണ്ടിട്ടുള്ളത്.**

അസൂയാലുക്കളോ, എന്റെ ശുശ്രൂഷയാൽ അവരുടെ കാപട്യവും, ബഹുമാനം തേടുന്ന സ്വഭാവവും ദ്രവ്യാഗ്രഹവും തുറന്നുകാട്ടപ്പെട്ടവരോ ആയിരുന്നു എന്നതാണ് സത്യം. അവർ എന്നെ 'പാപരഹിതമായ ക്രിസ്തീയ പൂർണ്ണത' 'ക്രിസ്തുവിന് ജഡത്തിൽ പാപം ഉണ്ടായിരുന്നു' തുടങ്ങിയ ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന ഒരു കള്ളപ്രവാചകനായി ചിത്രീകരിക്കാൻ തുടങ്ങി. ഈ ആരോപണങ്ങൾ ഒന്നും സത്യമായിരുന്നില്ല. എന്റെ പുസ്തകങ്ങളിലോ ടേപ്പുകളിലോ ഞാൻ ഈ കാര്യങ്ങൾ പഠിപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തെളിവ് ചൂണ്ടിക്കാണിക്കുവാൻ ഇക്കൂട്ടർക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ ഇത്തരം വസ്തുതകൾ ഒന്നും അവർക്ക് വിഷയമായിരുന്നില്ല. യാതൊരു തെളിവും ഇല്ലാതെ ദൈവമക്കളെപ്പറ്റി കിംവദന്തികൾ പ്രചരിപ്പിക്കുവാൻ സഹോദരന്മാരെ രാപ്പകൽ കുറ്റംചുമത്തുന്ന 'അപവാദി'യുമായി കൈകോർത്തു പിടിക്കാൻ പലക്രിസ്തീയ നേതാക്കൾക്കും യാതൊരു സങ്കോചവും ഇല്ല എന്ന കാര്യം ഞാൻ കണ്ടെത്തുകയായിരുന്നു. പല ക്രിസ്തീയ മാസികകളും പ്രസിദ്ധീകരണങ്ങളും ഇതേ ഗണത്തിൽപ്പെടുന്നവയത്രേ. സാധാരണ ഉച്ചപ്പത്രങ്ങളേപ്പോലെ അപവാദപ്രചാരണത്തിലേക്ക് എടുത്തുചാടാൻ, യാഥാർത്ഥ്യം പരിശോധിക്കാതെ കേട്ടുകേൾവി പ്രസിദ്ധീകരിക്കാൻ, അവയ്ക്ക് യാതൊരു മടിയും ഇല്ല.

ഭക്തസിംഗിൽ നിന്നും എനിക്കു ലഭിച്ച മൂന്നാമത്തെ ഉപദേശം ആവശ്യമായി വന്ന സന്ദർഭം അങ്ങനെ സംജാതമായി. കാരണം കൂടാതെ തനിക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചവരുടെ മുമ്പിൽ വായ്തുറക്കാതെ കുഞ്ഞാടിനെപ്പോലെ നിന്ന കർത്താവിനെപ്പോലെ നിശ്ശബ്ദനായിരിക്കാൻ എനിക്ക് അഭ്യസിക്കേണ്ടിവന്നു. അക്കാലത്തെന്നപോലെ കഴിഞ്ഞ മുപ്പതുവർഷക്കാലം ഇതേ നിലപാട് സ്വീകരിക്കാൻ കർത്താവ് എന്നെ സഹായിച്ചുകൊണ്ടിരിക്കുന്നു. എനിക്കെതിരേ ആരോപണശരങ്ങൾ തൊടുത്തുവിട്ട ആരോടും തന്നെ പ്രത്യുത്തരം പറയാൻ ഞാൻ വിസമ്മതിച്ചു. വ്യാജമായ ആരോപണങ്ങളാൽ ക്രൂരമായി ആക്രമിക്കപ്പെട്ട സന്ദർഭങ്ങളിലൊക്കെ കർത്താവ് എന്നോട് ഇപ്രകാരം ചോദിക്കുന്നതായി ഞാൻ മനസ്സിലാക്കി. "നീ നിന്നെത്തന്നെ നീതീകരിക്കുവാൻ ആഗ്രഹിക്കുന്നുവോ അതോ, ഞാൻ അവരെ കൈകാര്യംചെയ്യാൻ നീ എന്നെ അനുവദിക്കുമോ? "കർത്താവു തന്നെ അവരെ കൈകാര്യം ചെയ്യണം എന്ന് എപ്പോഴും ഞാൻ പ്രാർത്ഥിച്ചിരുന്നു. മുപ്പതു വർഷങ്ങൾക്കുശേഷവും ആരോപണ ശരങ്ങൾ നിലച്ചിട്ടില്ല. എന്നാൽ ദൈവം നമ്മോടൊപ്പം ഉണ്ടെങ്കിൽ ലോകം മുഴുവൻ നമുക്കെതിരെ വന്നാലും പ്രശ്നമില്ല. എനിക്കെതിരെ അപവാദം പ്രചരിപ്പിച്ചിട്ടുള്ള എല്ലാവരെയും സ്നേഹിപ്പാനും അവരോട് ക്ഷമിക്കാനുമുള്ള കൃപ കർത്താവ് എനിക്ക് തന്നിട്ടുണ്ട്. ദോഷത്തിനു പകരം ദോഷം ചെയ്യാനോ

*(ശേഷം പേജ് 33 ൽ)*





# സെൽവിൻ ഹ്യൂസ്: യേശുവിനോടൊപ്പം ഓരോ ദിവസവും

മാത്യു ജോർജ്

നമ്മിൽ പലരും പ്രതിദിനധ്യാനത്തിനു സഹായകരമായ പ്രസിദ്ധീകരണങ്ങൾ ഉപയോഗിക്കുന്നവരാണല്ലോ? ക്രൈസ്തവലോകത്ത് പ്രചാരം നേടിയിട്ടുള്ള പ്രതിദിനധ്യാന ഗ്രന്ഥങ്ങൾ നിരവധിയാണ്. പ്രതിദിന അപ്പം (ഡെയിലി ബ്രഡ്) മരുഭൂമിയിലെ നീരുറവകൾ (സ്ട്രീംസ് ഇൻ ദി ഡെസർട്ട്), ദിനംപ്രതിയുള്ള പാതയ്ക്ക് പ്രതിദിനവെളിച്ചം (ഡെയിലി ലൈറ്റ് ഫോർ ദി ഡെയിലി പാത്ത്) മെച്ചം ഓരോ ദിവസവും (ബെറ്റർ എവിരിഡേ) തുടങ്ങി എത്രയെത്ര ചിരപരിചിത നാമങ്ങൾ ! എന്നാൽ കഴിഞ്ഞ നാൽപ്പതിലേറെ വർഷങ്ങളായി ഒരേ ഒരു എഴുത്തുകാരനാൽ എഴുതപ്പെടുന്ന ഒരു ക്രിസ്തീയ ധ്യാനഗ്രന്ഥത്തെപ്പറ്റി ചിന്തിച്ചുനോക്കൂ. പല ഗ്രന്ഥങ്ങളും ഒരു വർഷത്തേക്ക് മാത്രം പലക്രിസ്തീയ എഴുത്തുകാരാൽ എഴുതപ്പെടുന്നതും ഏതുവർഷവും ഉപയോഗിക്കാവുന്നതുമാണ്. എന്നാൽ ഓരോ വർഷവും ഓരോ ദിവസത്തേക്കും ഉള്ള ധ്യാനചിന്തകൾ മുടങ്ങാതെ നാൽപ്പതുവർഷങ്ങൾ പ്രസിദ്ധീകരിക്കുക എന്നത് തികച്ചും അസാധാരണമായ ഒരു ദൗത്യമാണ്. ലോകമെമ്പാടുമുള്ള 130 രാജ്യങ്ങളിൽ ഏകദേശം പത്തുലക്ഷം വായനക്കാരുള്ള ക്രൂസേഡ് ഫോർ വേൾഡ് റിവൈവൽ (CWR) എന്ന പ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന 'ഒരോ ദിവസവും യേശുവിനോടൊപ്പം' എന്ന പ്രതിദിന ധ്യാന

**കഴിഞ്ഞ 40 വർഷങ്ങളായി 'ഓരോദിവസവും യേശുവിനോടൊപ്പം' എന്ന പ്രതിദിനധ്യാന പംക്തി സെൽവിൻ ഹ്യൂസ് തനിയേ തുടർച്ചയായി എഴുതി എന്നത് അത്ഭുതകരമാണ്. മുടങ്ങാതെ ഈ ദീർഘവർഷങ്ങൾ ഒരേ വ്യക്തി ഒരു പ്രസിദ്ധീകരണത്തിനു പിന്നിൽ നിലയുറപ്പിച്ചിട്ടുള്ള കാര്യം ചരിത്രത്തിൽ അപൂർവ്വമായിരിക്കും.**

ങ്ങൾ അതുല്യസ്ഥാനം അലങ്കരിക്കുന്നു. 'എവരിഡേ വിത്ത് ജീസസ്സ്' എന്ന ഇംഗ്ലീഷിലുള്ള പ്രസിദ്ധീകരണത്തിനായി കഴിഞ്ഞ നാല്പതിലധികം വർഷങ്ങളായി ദൈവം എഴുന്നേൽപ്പിച്ച സെൽവിൻ ഹ്യൂസ് 2006 ജനുവരി ഒൻപതിനു മഹത്വത്തിലേക്ക് പ്രവേശിച്ചു.

ക്രിസ്തീയ എഴുത്തുകാരൻ, ഇടയൻ, അദ്ധ്യാപകൻ, കൗൺസിലർ -ഈ ശുശ്രൂഷകൾ എല്ലാം കൂടി ഒരു വ്യക്തിയിൽ സമ്മേളിക്കുക അപൂർവ്വമാണ്. ലോകത്തിന്റെ ആത്മീയ ഉണർവ്വ്

ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന 'ക്രൂസേഡ് ഫോർ വേൾഡ് റിവൈവൽ' എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകനായ സെൽവിൻ ഹ്യൂസ്, അത്തരക്കാരനായ മഹാനായിരുന്നു. ക്രിസ്തീയനേതാക്കളേയും, പ്രവർത്തകരെയും, കൗൺസിലേഴ്സിനെയും അഭ്യസിപ്പിക്കുന്നതിന് ബ്രിട്ടനിലും ലോകത്തിന്റെ വിവിധരാജ്യങ്ങളിലും നേതൃത്വം നൽകുന്ന ഈ പ്രസ്ഥാനത്തിന്റെ പ്രചോദകശക്തി അവസാനം വരെ സെൽവിൻ ഹ്യൂസ് ആയിരുന്നു. 'എവിരിഡേ വിത്ത് ജീസസ്സ്' എന്ന ധ്യാനപംക്തിയുടെ പ്രസിദ്ധി മൂലം ഇന്ന് 'ക്രൂസേഡ് ഫോർ വേൾഡ് റിവൈവൽ' എന്ന മാതൃ പ്രസ്ഥാനം പോലും അതിന്റെ നിഴലിലാണ് അറിയപ്പെടുന്നതെങ്കിലും മറ്റ് നിരവധി ക്രിസ്തീയപ്രസിദ്ധീകരണങ്ങൾ ക്രൈസ്തവലോകത്തിന് അവരിലൂടെ ലഭ്യമായിട്ടുണ്ട്.

1928 ഏപ്രിൽ 27-ാം തീയതി ബ്രിട്ടീഷ് പൗരനായി പിറന്ന സെൽവിൻ ബാല്യംമുതലേ തന്റെ കുടുംബത്തിന്റെ ക്രിസ്തീയവിശ്വാസത്താൽ സ്വാധീനിക്കപ്പെട്ടിരുന്നു. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ സാമ്പത്തികമാന്ദ്യത്തിന്റെ ചുഴിയിലായിരുന്നു അന്ന് ബ്രിട്ടൻ. 1904 ൽ വെയിൽസിൽ ഉണ്ടായ ഉണർവിന്റെ ശക്തി അറിഞ്ഞവരായിരുന്നു അന്ന് സെൽവിൻ ഹ്യൂസിന്റെ പൂർവ്വികരിൽ പലരും. പതിനാറാമത്തെ വയസ്സിൽ സെൽവിൻ വ്യക്തിപരമായി യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറകയും ഒരു പുതുസൃഷ്ടിയായിത്തീരുകയും ചെയ്തു.

ക്രിസ്തീയശുശ്രൂഷയ്ക്കായുള്ള പരിശീലനത്തിനുശേഷം അസം

**പ്രിയ പത്നിയുടെ വേർപാടിനോടൊപ്പം തന്റെ രണ്ട് ആൺമക്കളുടെ അകാല നിര്യാണം , വർഷങ്ങളായി തന്റെ ശരീരം കാർന്നു തിന്നു കൊണ്ടിരുന്ന അർബുദം ഇവയൊന്നും സെൽവിൻ ഹ്യൂസിനെ തളർത്തിക്കളഞ്ഞില്ല.**

ബ്ലീസ് ഓഫ് ഗോഡ് സഭയിലെ ശുശ്രൂഷകനായി നിയമിക്കപ്പെട്ട സെൽവിൻ, തെക്കൻ വെയിൽസ്, യോർക്ക്ഷയർ, കോൺവാൾ, എസ്സക്സ്, സെൻട്രൽ ലണ്ടൻ തുടങ്ങിയ സ്ഥലങ്ങളിൽ ഇടയശുശ്രൂഷ ചെയ്യുകയുണ്ടായി. 1965 ൽ സ്നേഹിതരുടേയും, സഭാംഗങ്ങളുടേയും ഉപയോഗത്തിനായി ഹ്രസ്വമായ വേദധ്യാനകുറിപ്പുകൾ പോസ്റ്റ് കാർഡിൽ എഴുതി അയയ്ക്കാൻ അദ്ദേഹത്തിന് പ്രേരണയുണ്ടായി. വളരെ വേഗത്തിൽ ആവശ്യക്കാരുടെ എണ്ണം വർദ്ധിച്ചതിനാൽ താമസിയാതെ ഈ വേദവായനാസഹായി ഒരു ദ്വൈമാസികാ പ്രസിദ്ധീകരണമായിത്തീർന്നു. ഈ ചെറിയ തുടക്കമാണ് 40 വർഷങ്ങൾക്കുശേഷം 130 ലധികം രാജ്യങ്ങളിൽ പത്തുലക്ഷത്തോളം പേർ വായിക്കുന്ന 'ഓരോ ദിവസവും യേശുവിനോടൊപ്പം' (Every Day with Jesus) എന്ന ശുശ്രൂഷയിൽ എത്തി നിൽക്കുന്നത്.

കൂടുതൽ സമയം പൊതുപ്രവർത്തനത്തിൽ ലഭ്യമാകാൻ ഒരു നിമിത്തവും ഇതിനിടയിൽ ഉണ്ടായി. അസംബ്ലീസ് ഓഫ് ഗോഡ് സഭയിലെ ചെറുപ്പക്കാരനായ ഈ പാസ്റ്റർ ഒരു പ്രത്യേക കാര്യത്തിൽ സഭാ കൗൺസിലിനെ തെറ്റിദ്ധരിപ്പിച്ചതിന്റെ പേരിൽ ആ



പ്രസ്ഥാനത്തിൽ നിന്നു രാജിവയ്ക്കേണ്ടിവന്നു. തുടർന്നുള്ള കാലഘട്ടത്തിൽ ഒരു പ്രത്യേക സഭാ ചട്ടക്കൂട്ടിനുള്ളിൽ ഒതുങ്ങി നിൽക്കാതെ ലോകവ്യാപകമായ ക്രിസ്തീയ സഭയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകുകയായിരുന്നു സെൽവിൻ ഹ്യൂസിനെക്കുറിച്ചുള്ള ദൈവനിയോഗം. ഒരു പ്രാദേശികസഭയുടെ ശുശ്രൂഷകനായിരിക്കുമ്പോഴുള്ള പരിമിതികളിൽ നിന്നും സ്വതന്ത്രനായി 'ക്രൂസേഡ് ഫോർ വേൾഡ് റിവൈവൽ' എന്ന പാരാ ചർച്ച് പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ഊർജ്ജസ്വലനായ ഈ ക്രിസ്തീയനേതാവ് വാസ്തവത്തിൽ സാർവ്വലൗകിക സഭയുടെ പൊതുസ്വത്തായി മാറുകയായിരുന്നു.



**സെൽവിൻ ഹ്യൂസ്:** ***അഗ്നിസ്പർശമേറ്റ അക്ഷരങ്ങളുമായ്....***

കഴിഞ്ഞ 40 വർഷങ്ങളായി 'ഓരോ ദിവസവും യേശുവിനോടൊപ്പം' എന്ന പ്രതിദിനധ്യാനപംക്തി തനിയേ തുടർച്ചയായി എഴുതി എന്നത് അത്ഭുതകരമായ ഒരു വസ്തുതയാണ്. ചിലപ്പോൾ മാത്രം മറ്റുള്ളവരുടെ സഹായം സ്വീകരിച്ചിട്ടുണ്ടെങ്കിലും, മുടങ്ങാതെ ഈ ദീർഘവർഷങ്ങൾ ഒരേ വ്യക്തി ഒരു പ്രസിദ്ധീകരണത്തിനു പിന്നിൽ നിലയുറപ്പിച്ചിട്ടുള്ള കാര്യം ചരിത്രത്തിൽ അപൂർവ്വമായിരിക്കും. ഈ നീണ്ട കാലഘട്ടത്തിൽ തന്റെ അനുഗൃഹീത തൂലികയിൽ നിന്നും ധ്യാനചിന്തകൾ അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരുന്നതിനിടയിൽ എത്രയോ വേദനാജനകമായ അനുഭവങ്ങളിലൂടെ ഈ ഭക്തൻ കടന്നുപോയിട്ടുണ്ടെന്നോ? 1986 ൽ തന്റെ പ്രിയ പത്നിയുടെ വേർപാടിനോടൊപ്പം തന്റെ രണ്ട് ആൺമക്കളുടെ അകാലനിര്യാണം, വർഷങ്ങളായി തന്റെ ശരീരം കാർന്നു തിന്നുകൊണ്ടിരുന്ന അർബുദം ഇവയൊന്നും ആ കർമ്മധീരനെ തളർത്തിക്കളഞ്ഞില്ല. മേൽപ്പറഞ്ഞ പ്രതിദിനധ്യാനപംക്തി കൂടാതെ പ്രചുരപ്രചാരം നേടിയ നിരവധി ഗ്രന്ഥങ്ങളും സെൽവിൻ ഹ്യൂസ് രചിച്ചിട്ടുണ്ട്. ക്രിസ്തുശക്തിയാലുള്ള ജീവിതം (Christ Empowered Living), ആത്മീയവിജയത്തിനുള്ള ഏഴ് പ്രമാണങ്ങൾ( 7 laws of Spiritial Success) ആത്മകഥയായ എന്റെ കഥ (My Story) തുടങ്ങിയ ഗ്രന്ഥങ്ങൾ അവയിൽ ചിലതാണ്.

വർഷങ്ങൾക്ക് മുമ്പ് അദ്ദേഹത്താൽ സ്ഥാപിതമായ 'ക്രൂസേഡ് ഫോർ വേൾഡ് റിവൈവൽ' എന്ന പ്രസ്ഥാനം പ്രസിദ്ധീകരണ രംഗത്തും, പ്രായോഗികപരിശീലനരംഗത്തും അനേകം നാഴികക്കല്ലുകൾ പിന്നിട്ടു കഴിഞ്ഞു. എന്നാൽ ഈ പ്രസ്ഥാനത്തിലുള്ള സെൽവിൻ ഹ്യൂസിന്റെ സ്വാധീനത്തിന് ഒട്ടും മങ്ങലേൽക്കാതെ അവസാനംവരെ അദ്ദേഹം ഈ പ്രവർത്തനങ്ങളിൽ സജീവ തൽപരനായിരുന്നു.

2005 ജൂൺ മാസത്തിൽ ബ്രണൽ സർവ്വകലാശാല "ക്രിസ്തീയ വിദ്യാഭ്യാസത്തിന് സെൽവിൻ ഹ്യൂസ് നൽകിയ സമഗ്രസംഭാവനകൾ" പരിഗണിച്ച് ഡോക്ടറേറ്റ് നൽകി അദ്ദേഹത്തെ ബഹുമാനിച്ചു. ലണ്ടൻസ്കൂൾ ഓഫ് തിയോളജി

**ശാന്തമായി സെൽവിൻ നിത്യതയിലേക്ക് പ്രവേശിച്ചു. തന്റെ ചുറ്റും നിൽക്കുന്നവരോട് തന്റെ ജീവിത ദൗത്യം പൂർത്തീകരിച്ചെന്നും കർത്താവിനെ മുഖാമുഖം കാണാനായി താൻ ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നും പറഞ്ഞുകൊണ്ടായിരുന്നു ആ അന്ത്യം**

യുടെ പ്രസിഡന്റായ ലോഡ് കേരി അദ്ദേഹത്തെ തദവസരത്തിൽ വിശേഷിപ്പിച്ചത് 'വിശ്വാസത്തിന്റെ അതികായൻ' എന്നായിരുന്നു. മുൻ കാന്റർബറി ആർച്ച് ബിഷപ്പിന്റെ ഈ വാക്കുകൾ വെറും മുഖസ്തുതി ആയിരുന്നില്ല. 'ക്രൂസേഡ് ഫോർ വേൾഡ് റിവൈവൽ' എന്ന പ്രസ്ഥാനത്തിന്റെയും, 'ഓരോ ദിവസവും യേശുവിനോടൊപ്പം' പ്രസിദ്ധീകരണത്തിന്റെയും 40-ാം വാർഷികം 2005 സെപ്റ്റംബർ മാസം ഇംഗ്ലണ്ടിൽ നടന്നപ്പോൾ സ്തോത്രപ്രാർത്ഥനയ്ക്കായി ആയിരത്തിലധികം സ്നേഹിതരും അഭ്യുദയകാംക്ഷികളും ഒത്തുചേർന്നു. നാല് ദശാബ്ദങ്ങളിലെ ധ്യാനപംക്തികളിലൂടെ പതിനായിരങ്ങളെ ആത്മികമായി ഉത്തേജിപ്പിച്ച യേശുക്രിസ്തുവിന്റെ ഈ ദാസന് കലവറയില്ലാതെ പ്രശംസയുടെ പൂച്ചെണ്ടുകൾ ലഭിച്ച സന്ദർഭമായിരുന്നു അത്.

'ഓരോ ദിവസവും യേശുവിനോടൊപ്പം' എന്ന ധ്യാനപംക്തി എഴുതുക എന്നതായിരുന്നു സെൽവിൻ ഹ്യൂസിന്റെ ജീവിതത്തിലെ പ്രഥമമായ ദൈവനിയോഗം എന്നുള്ളകാര്യം ഉറപ്പാണ്. ജീവിതത്തിന്റെ ഒടുവിലത്തെ വർഷങ്ങൾ അർബ്ബുദരോഗത്താൽ യാത്രചെയ്യാൻ നിവൃത്തിയില്ലാതെ വന്നപ്പോഴും ഈ പംക്തിയിലൂടെ ഓരോ ദിവസവും ഏകദേശം പത്തു ലക്ഷം പേർക്ക് ശുശ്രൂഷ ചെയ്യാൻ കഴിഞ്ഞിരുന്നു എന്ന വസ്തുത അദ്ദേഹത്തിന് അത്യധികമായ സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്തിരുന്നു.

സെൽവിൻ ഹ്യൂസിന്റെ ആത്മകഥ ദൈവത്തിനായി സമർപ്പിതനായ ഒരുവന്റെ അത്ഭുതാവഹമായ ഊർജ്ജസ്വലതയും, സത്യസന്ധതയും വെളിപ്പെടുത്തുന്നു. സുവിശേഷീകരണത്തിനായുള്ള ആവേശവും, യേശുവിനെ അനുഗമിക്കുന്നതിൽ ക്രിസ്തുശിഷ്യരെ സജ്ജമാക്കാനുള്ള പദ്ധതികളും സദാ അദ്ദേഹത്തിന്റെ ചിന്തകളിൽ നിറഞ്ഞു നിന്നിരുന്നു. ഇത്തരം ഒരു ദൈവമനുഷ്യനാകാൻ ഒരാൾക്ക് എങ്ങനെ കഴിഞ്ഞു എന്നതിന് ഉത്തരം തേടിപ്പോയാൽ സെൽവിന്റെ ഒരു ബാല്യകാലചിത്രം നാം ഓർക്കാതിരിക്കില്ല. വെയിൽസിലെ ഒരു തെരുവിലൂടെ ബാലനായ സെൽവിൻ നടന്നു പോകുമ്പോൾ, വഴിയോരത്തുള്ള ഒരു ചാപ്പലിൽ നിന്നും തന്റെ പിതാവ് മകന്റെ രക്ഷയ്ക്കായി ഉൽക്കടമായ ആത്മഭാരത്തോടെ പ്രാർത്ഥിക്കുന്ന ചിത്രം. ആ കാഴ്ച ആ ബാലനെ രൂപാന്തരപ്പെടുത്തിയില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ?

സെൽവിൻ ഹ്യൂസ് അവസരങ്ങൾ ഒന്നും പാഴാക്കാത്ത വ്യക്തിയായിരുന്നു. പലപ്പോഴും ശൂന്യതയിൽ വലിയ സാദ്ധ്യതകൾ കണ്ടെത്തുകയായിരുന്നു. തന്റെ വായനക്കാരുടെ യഥാർത്ഥ പ്രശ്നങ്ങൾ അറിഞ്ഞ് ദൈവവചനാടിസ്ഥാനത്തിലുള്ള ഉത്സാഹവും ധൈര്യവും പകരാൻ കഴിഞ്ഞ അദ്ദേഹം ഇരുപതാം നൂറ്റാണ്ടുകണ്ട

*ശേഷം പേജ് 33 ൽ*





('എവിരിഡേ വിത്ത് ജീസസ്' എന്ന സെൽവിൻ ഹ്യൂസിന്റെ പ്രതിദിനധ്യാനക്കുറിപ്പിൽ ഒരെണ്ണം)

# ക്രിസ്തീയ വളർച്ചയുടെ രഹസ്യം

**സെൽവിൻ ഹ്യൂസ്**

**ചി**ലരുടെ ക്രിസ്തീയവേരുകൾ ആഴത്തിലേക്ക് ഇറങ്ങുമ്പോൾ മറ്റു പലരുടെയും വേരുകൾ ഉപരിതലത്തിൽ തന്നെ തുടരുന്നത് എന്തുകൊണ്ട്? ഈ വിഷയത്തെപ്പറ്റി ഞാൻ ഗൗരവമായും സുദീർഘമായും ചിന്തിച്ചിട്ടുണ്ട്. എനിക്ക് മനസ്സിലായിട്ടുള്ളിടത്തോളം ഈ വ്യത്യാസം ഒരുവന്റെ ആശ്രയത്തിലുള്ള വ്യത്യാസമാണ്. പ്രവാചകനായ യിരെമ്യാവ് മുകളിൽപ്പറഞ്ഞ ചോദ്യത്തിന് ഇപ്രകാരം മറുപടിപറയും:'മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി, ഹൃദയംകൊണ്ട് യഹോവയെ വിട്ടുമാറുന്നവൻ ശപിക്കപ്പെട്ടവനാകുന്നു' (യിരെമ്യാ17:5).

നമുക്ക് അദൃശ്യമായ കാര്യങ്ങളെക്കാൾ ദൃശ്യമായവയിൽ ഉറപ്പ് കണ്ടെത്തുകയാണ് എളുപ്പമായ കാര്യം. ധനം, സമ്പത്ത്, വിദ്യാഭ്യാസയോഗ്യതകൾ, വ്യാപാരരംഗത്തെ നേട്ടങ്ങൾ വ്യക്തിപരമായ കഴിവുകൾ, ശാരീരികമായ സൗന്ദര്യം എന്നിങ്ങനെ ബാഹ്യമായ കാര്യങ്ങളിലാണ് നമ്മുടെ സുരക്ഷിതത്വവും, ജീവിതസാക്ഷാൽക്കാരവും എന്ന് ചിന്തിച്ചുപോകുന്നവരിൽ ക്രിസ്ത്യാനികളും നിരവധിയാണ്. നിങ്ങൾ എന്നെ തെറ്റിദ്ധരിക്കരുത്. മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ ഒന്നും അവയിൽത്തന്നെ തെറ്റായ കാര്യങ്ങളല്ല, എന്നാൽ നമ്മുടെ ഹൃദയങ്ങളുടെ അടിത്തട്ടിൽ നാമൊക്കെ കൊതിക്കുന്ന സുരക്ഷിതത്വവും, ജീവിതസാക്ഷാൽക്കാരവും പ്രദാനം ചെയ്യാൻ ഇവയൊന്നും പര്യാപ്തമല്ല എന്നുമാത്രം മനസ്സിലാക്കുക.

**ആരോ പറഞ്ഞതോർക്കുന്നു."നമ്മുടെ ആശ്രയം എവിടെവച്ചിരിക്കുന്നു എന്നതാണ് യഥാർത്ഥത്തിൽ ഒരുവന്റെ പക്വത വെളിപ്പെടുത്തുന്നത്." എത്രവലിയ സത്യം !**

നാം ആത്യന്തികമായി എന്തിനെയാണ് ആശ്രയിക്കുന്നത് എന്നുള്ളതാണ് നിർണ്ണായകമായ വസ്തുത. ആരോ പറഞ്ഞതോർക്കുന്നു."നമ്മുടെ ആശ്രയം എവിടെവച്ചിരിക്കുന്നു എന്നതാണ് യഥാർത്ഥത്തിൽ ഒരുവന്റെ പക്വത വെളിപ്പെടുത്തുന്നത്." എത്രവലിയ സത്യം! നമ്മുടെ ജീവിതത്തിൽ കാര്യങ്ങൾ കുഴഞ്ഞുമറിയുമ്പോൾ ഒന്നുകിൽ

**നാം ദൈവത്തിൽ യഥാർത്ഥമായി ആശ്രയം വയ്ക്കുകയും എല്ലാ കാര്യങ്ങളും അവിടുത്തെ നിത്യമായ പദ്ധതിപ്രകാരമാണ് കൂടിവ്യാപരിക്കുന്നതെന്ന് വിശ്വസിക്കയും ചെയ്യുമ്പോൾ നമ്മുടെ വേരുകൾ കൂടുതൽ ആഴത്തിലേക്ക് വളരുവാൻ തുടങ്ങുന്നു. നിർഭാഗ്യവശാൽ മിക്ക ക്രിസ്ത്യാനികളും ഇത്തരം ഒരു ആശ്രയ ജീവിതത്തിലേക്ക് വരുന്നില്ല.**

നമുക്ക് നിഷേധാത്മകമായി പ്രതികരിക്കാം; അല്ലെങ്കിൽ ക്രിയാത്മകമായി പ്രതികരിക്കാം. പരാതിപറച്ചിൽ, വിദ്വേഷം പ്രകടിപ്പിക്കൽ, ക്ഷമിക്കാൻ മനസ്സില്ലാതിരിക്കൽ ഇതൊക്കെ ആത്മീയമായി നമ്മുടെ വേരുകൾ ആഴത്തിലേക്ക് ഇറങ്ങുന്നതിൽ നിന്നും നമ്മെ തടസ്സപ്പെടുത്തുന്ന കാര്യങ്ങളാണ്. വേരുകൾ ഉപരിതലത്തിൽ മാത്രം കാണപ്പെടുന്നു. നാം ദൈവത്തിൽ യഥാർത്ഥമായി ആശ്രയം വയ്ക്കുകയും എല്ലാ കാര്യങ്ങളും അവിടുത്തെ നിത്യമായ പദ്ധതിപ്രകാരമാണ് കൂടിവ്യാപരിക്കുന്നതെന്ന് വിശ്വസിക്കയും ചെയ്യുമ്പോൾ നമ്മുടെ വേരുകൾ കൂടുതൽ ആഴത്തിലേക്ക് വളരുവാൻ തുടങ്ങുന്നു. നിർഭാഗ്യവശാൽ മിക്ക ക്രിസ്ത്യാനികളും ഇത്തരം ഒരു ആശ്രയജീവിതത്തിലേക്ക് വരുന്നില്ല. തങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ കാര്യങ്ങൾ നീങ്ങാതിരിക്കുമ്പോൾ പിറുപിറുക്കുകയും പരാതിപറയുകയും ചെയ്യുന്നവർ ആത്മീയ വേരുകൾ ആഴത്തിലേക്ക് വളർത്തിയെടുക്കാനുള്ള ദൈവദത്തമായ സുവർണ്ണാവസരങ്ങൾ നഷ്ടപ്പെടുത്തുന്നവരാണ്. അവരുടെ വേരുകൾ മുരടിച്ചുപോകുന്നു. ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു എന്ന് നാം അറിയുന്നു. റോമർ 8:28.

ജീവിതത്തിലെ ശോധനാവേളകളിൽ ദൈവം ആത്യന്തികനന്മയ്ക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള ഉറപ്പോടെ ജീവിക്കുന്നവരുടെ വേരുകൾ ദൈവത്തിൽ വളരുന്നു. നന്ദിയുള്ള ഒരു ഹൃദയം, ആരാധനയുടെ ആത്മാവ്, അധരങ്ങളിൽ സ്തുതി ഇവ ശോധനയുടെ സന്ദർഭങ്ങളെ ആത്മീയവളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്നു. ഞാൻ അറിയുന്ന രണ്ട് ക്രിസ്തീയ വനിതകൾ ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടവരായി വലിയ പരിശോധനയെ നേരിടുകയായിരുന്നു. ഒരാൾ തനിക്കു സംഭവിച്ചകാര്യത്തിൽ ദൈവത്തിനെതിരെ കൈപ്പുള്ള ഹൃദയം കൊണ്ടുനടക്കയും ആഴമായ വേരുകൾ ഇല്ലാത്തതിനാൽ നിലനിൽപ്പിനായി കുത്തഴിഞ്ഞ ജീവിത രീതികളിലേക്ക് വഴുതി വീഴുകയും ചെയ്തു. യിരെമ്യാപ്രവചനത്തിൽ കാണുന്ന മരുഭുമിയിലെ ചൂരൽച്ചെടിയുടെ അവസ്ഥയിലായ അവൾ നന്മവരുമ്പോൾ അനുഭവിക്കാൻ കഴിയാത്തവളായി. (യിരെമ്യാ 17:6). ഭർത്താവ് ഉപേക്ഷിച്ച മറ്റേ വനിത ആഴമായ ഹൃദയവേദനയോടെ എങ്കിലും അവളുടെ പരിതാപകരമായ അവസ്ഥയെ ദൈവം നന്മയ്ക്കായി എങ്ങനെ പ്രയോജനപ്പെടുത്തും എന്നുള്ളതിൽ മനസ്സ് കേന്ദ്രീകരിച്ചുകൊണ്ട് ദൈവത്തിന്റെ സമൃദ്ധിക്കായി കാത്തിരുന്നു. ആയിരക്കണക്കിന് സ്ത്രീകളെ ക്രിസ്തീയനടപ്പിൽ ഉത്സാഹിപ്പിക്കുന്ന ഒരു ശുശ്രൂഷയിലേക്ക് ക്രമേണ കർത്താവ് അവളെ നടത്തി.

നിത്യയാഥാർത്ഥ്യങ്ങൾക്കായുള്ള അഭിവാഞ്ഛ നമ്മുടെ ഹൃദയങ്ങളിൽ ഇല്ലെങ്കിൽ പരിശോധനകൾ വരുമ്പോൾ നിലനിൽപ്പിനായി താൽക്കാലികമായ കാര്യങ്ങളിലേക്ക് നാം തിരിയും. ഇത്തരം ശോധനകൾ വരുമ്പോൾ യാക്കോബ് അപ്പോസ്തലൻ പറഞ്ഞ കാര്യം നാം ചെയ്യേണം. 'അത് അശേഷം സന്തോഷം എന്ന് എണ്ണണം.(യാക്കോ.1:2). ജോർജ്ജ് മുള്ളർ പറഞ്ഞ വാക്കുകൾ ഇവിടെ ഉദ്ധരിക്കുന്നു: "മഹത്തായ വിശ്വാസം പഠിക്കാനുള്ള ഏക വഴി വലിയ ശോധനകളെ നേരിടുകയാണ്." നാം കേൾക്കാൻ ഇഷ്ടപ്പെടാത്ത എന്നാൽ അവശ്യം കേൾക്കേണ്ട സത്യം ഇതുതന്നെയാണ്.

○

# 'സ്വർഗ്ഗം കിട്ടുമെന്നാശിച്ചിട്ടല്ല'

**ഫ്രാൻസിസ് സേവ്യർ**

എന്റെ ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു.
അതിനാലെനിക്കു സ്വ2ർഗ്ഗം കിട്ടുമെന്നാശിച്ചിട്ടല്ല,
അങ്ങയെ സ്നേഹിക്കാത്തവർ ശാശ്വതമായി
മരിക്കുമെന്നു ഭയപ്പെട്ടിട്ടുമല്ല.

എന്റെ യേശുവേ, അങ്ങയുടെ കുരിശിൽ വച്ച്
അങ്ങെന്നെ കെട്ടിപ്പുണർന്നു;
എനിക്കുവേണ്ടിയങ്ങ് ആണികളും കുന്തവും
നിരവധി അപമാനങ്ങളും വഹിച്ചു.

അതേ, ദുഃഖവും അനേകം പീഡനങ്ങളും
ആത്മവിവശതയാലുള്ള വിയർപ്പും
മരണം പോലും,
അവിടുത്തെ ശത്രുവായ ഒരുവനുവേണ്ടി സഹിച്ചു.

അനുഗ്രഹിക്കപ്പെട്ടവനായ യേശുക്രിസ്തുവേ,
എന്തുകൊണ്ടു ഞാനങ്ങയെ ആത്മാർത്ഥമായി സ്നേഹിച്ചുകൂടാ?
സ്വർഗ്ഗം നേടുന്നതിനോ
നരകം ഒഴിവാക്കുന്നതിനോ അല്ല, തീർച്ച.

എന്തെങ്കിലും നേടിയെടുക്കാനുള്ള ആശയാലല്ല;
പ്രതിഫലം ലഭിക്കുന്നതിനുമല്ല;
എന്നുമെന്നും സ്നേഹിക്കുന്നവനായ കർത്താവേ!
അവിടുന്നെന്നെ സ്നേഹിക്കുന്നതുകൊണ്ടു മാത്രം.

# ഇരുന്നു വിശ്രമിക്കുക

**വാച്ച്മാൻ നീ**

"ക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ അവിടുത്തെ വലത്തുവശത്ത് ഇരുത്തുകയും ചെയ്തപ്പോൾ അവനിൽ പ്രവർത്തിച്ചത് ഈ ശക്തിയാണ്. അങ്ങനെ ഈ യുഗത്തിലും വരാനിരിക്കുന്ന യുഗത്തിലും എല്ലാ ആധിപത്യങ്ങൾക്കും അധികാരങ്ങൾക്കും ശക്തികൾക്കും പ്രഭുത്വങ്ങൾക്കും അറിയപ്പെടുന്ന എല്ലാ നാമങ്ങൾക്കുമുപരി അവനെ ഉപവിഷ്ടനാക്കി" (എഫേസ്യർ 1: 20, 21)

"യേശുക്രിസ്തുവിനോടു കൂടെ അവിടുന്നു നമ്മെ ഉയിർപ്പിച്ച് സ്വർഗ്ഗത്തിൽ അവനോടു കൂടെ ഇരുത്തുകയും ചെയ്തു" (എഫേസ്യർ 2: 6)

"ദൈവം.... അവനെ..... ഇരുത്തുകയും" എന്ന് ആദ്യവാക്യത്തിലും "നമ്മെ...... അവനോടു കൂടെ ഇരുത്തുകയും" എന്നു രണ്ടാമത്തെ വാക്യത്തിലും പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക.

യേശുക്രിസ്തുവിനെ സ്വർഗത്തിൽ മഹത്വത്തിന്റെ വലത്തുഭാഗത്ത് ഇരുത്തിയിരിക്കുന്നു എന്നതു സത്യമാണ്. അതുപോലെ സത്യമാണ് വ്യക്തിപരമായി ക്രിസ്തുവിലായ ഒരുവൻ വിശ്വാസത്താൽ സ്വർഗോന്നതങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുന്നു എന്നത്.

മിക്ക ക്രിസ്ത്യാനികളും ആദ്യം ഇരിക്കുവാനല്ല നടക്കുവാനാണ് അഭ്യസിക്കുന്നത്. പക്ഷേ ഇതു ദൈവിക പദ്ധതിക്ക് എതിരാണ്. നമ്മുടെ സ്വാഭാവികചിന്ത നാം നടന്നില്ലെങ്കിൽ എപ്പോഴെങ്കിലും ലക്ഷ്യത്തിലെത്താൻ കഴിയുമോ എന്നാണ്. പ്രയത്നമില്ലാതെ നമുക്ക് എന്താണു നേടുവാൻ കഴിയുന്നത്? എന്നാൽ ക്രിസ്തീയ മാർഗം വ്യത്യസ്തമായ ഒന്നാണ്. 'ചെയ്യുക' എന്നതിലല്ല ക്രിസ്തീയത ആരംഭിക്കുന്നത്. മറിച്ച് 'ചെയ്തിരിക്കുന്നു' എന്നതിൽ നിന്നാണ് അതു തുടങ്ങുന്നത്. അതുകൊണ്ടാണ് എഫേസ്യലേഖനം 'സ്വർഗത്തിലെ സകല ആത്മീയാനുഗ്രഹങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്ന' എന്ന് ആരംഭിക്കുന്നത് (എഫേസ്യർ 1:3). ദൈവം നമുക്കുവേണ്ടി ഒരുക്കിവച്ചിരിക്കുന്ന ഈ അനുഗ്രഹങ്ങൾ ഇരുന്ന് ആസ്വദിക്കുവാനാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്.

നടക്കുക എന്നതിൽ പ്രയത്നം അടങ്ങിയിരിക്കുന്നു. പക്ഷേ ദൈവം പറയുന്നതു നാം പ്രവൃത്തികളാലല്ല 'കൃപയാൽ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നു' എന്നാണ് (2:8). ഇതിന്റെ അർത്ഥം എന്താണ്? കർത്താവിൽ വിശ്രമിച്ചതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടതെന്നാണ് ഇതിന്റെ അർത്ഥം. രക്ഷിക്കപ്പെടുവാൻ നാം സ്വയമേ ഒന്നും ചെയ്തില്ല. നമ്മുടെ പാപഭാരം അവനിൽവച്ചു വിശ്രമിക്കുക മാത്രമേ ചെയ്തുള്ളൂ. ഇങ്ങനെ നമ്മുടെ പ്രവൃത്തികളിലല്ല, അവിടുന്നു നമുക്കായി ചെയ്തതിൽ ആശ്രയിച്ചാണ് നാം നമ്മുടെ ക്രിസ്തീയ



**മിക്ക ക്രിസ്ത്യാനികളും ആദ്യം ഇരിക്കുവാനല്ല നടക്കുവാനാണ് അഭ്യസിക്കുന്നത്. പക്ഷേ ഇതു ദൈവിക പദ്ധതിക്ക് എതിരാണ്. 'ചെയ്യുക' എന്നതിലല്ല ക്രിസ്തീയത ആരംഭിക്കുന്നത്. മറിച്ച് 'ചെയ്തിരിക്കുന്നു' എന്നതിൽ നിന്നാണ് അതു തുടങ്ങുന്നത്.**

ജീവിതം തുടങ്ങുന്നത്. ഒരുവൻ ഇപ്രകാരം ചെയ്യുന്നതുവരെ ക്രിസ്ത്യാനിയാവുകയില്ല. 'രക്ഷിക്കപ്പെടുവാൻ എനിക്കു സ്വയമായി ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പക്ഷേ ദൈവം തന്റെ മഹാകൃപയാൽ ക്രിസ്തുവിൽ എന്റെ രക്ഷയ്ക്കുവേണ്ടതെല്ലാം ചെയ്തു കഴിഞ്ഞു' എന്നതാണ് വിശ്വാസജീവിതത്തിന്റെ ആദ്യപടി. ക്രിസ്തീയ ജീവിതം ആദ്യം മുതൽ അവസാനംവരെ കർത്താവായ യേശുക്രിസ്തുവിലുള്ള പൂർണമായ ആശ്രയം എന്ന ഏകനിയമത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്.

നമ്മുടെമേൽ ധാരാളമായി കൃപ ചൊരിയുവാൻ ദൈവം തയ്യാറാണ്. നമുക്ക് എല്ലാം തരുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. പക്ഷേ ക്രിസ്തുവിൽ വിശ്രമിക്കുന്നില്ലെങ്കിൽ അവയൊന്നും കൈവശമാക്കുവാൻ കഴിയുകയില്ല. വിശ്രമിക്കുന്ന മനോഭാവമാണ് 'ഇരിക്കു'ന്നതിൽ നിന്നുപ്രകടമാവുന്നത്. എല്ലാം പൂർത്തിയായിക്കഴിയുമ്പോഴാണ്, ജോലിതീർത്തശേഷമാണ്, സാധാരണ നാം ഇരിക്കുന്നത്. വൈരുദ്ധ്യമായി തോന്നാമെങ്കിലും ഒരു സത്യം ഞാൻ പറയട്ടെ. നാം ആദ്യമായി ഇരിക്കുവാൻ പഠിച്ചിട്ടില്ലെങ്കിൽ ക്രിസ്തീയ ജീവിതത്തിൽ മുന്നോട്ടു പോകുവാൻ സാധ്യമല്ല.

ഇരിക്കുമ്പോൾ സത്യത്തിൽ എന്താണു സംഭവിക്കുന്നത്? നമ്മുടെ ശരീരത്തിന്റെ മുഴുവൻ ഭാരവും നാം ഇരിക്കുന്ന കസേരയിലോ കട്ടിലിലോ വയ്ക്കുകയാണു ചെയ്യുന്നത്. ഇരിക്കുമ്പോൾ നാം വിശ്രമിക്കുകയാണ്. കാരണം, അപ്പോൾ നമ്മുടെ ശരീരത്തിന്റെ ഭാരം പേശികളോ ഞരമ്പുകളോ അല്ല, നമ്മുടെ ശരീരത്തിനു പുറത്തുള്ള കസേരയോ കട്ടിലോ ആണു താങ്ങുന്നത്. ആത്മീയതലത്തിലും ഇങ്ങനെതന്നെയാണ്. ഇരിക്കുക എന്നു പറഞ്ഞാൽ എല്ലാ ഭാരവും - നമ്മുടെ ചുമടുകൾ, നമ്മുടെ ഭാവി, നമ്മെത്തന്നെ - കർത്താവിൽ ഇറക്കി വയ്ക്കുകയാണ്. ആ ചുമതല നാം സ്വയം വഹിക്കാതെ ദൈവത്തെ ഏല്പിക്കുന്നു; നാം വിശ്രമിക്കുന്നു.

ആദി മുതൽ തന്നെ ദൈവത്തിന്റെ പ്രമാണം ഇതാണ്. സൃഷ്ടിയുടെ ദിനങ്ങളിൽ ദൈവം ആറുദിവസം പ്രവർത്തിച്ചു. ഏഴാം ദിവസം അവിടുന്നു സ്വസ്ഥനായിരുന്നു. അന്നു ദൈവത്തിന്റെ ശബ്ബത്തായിരുന്നു. ദൈവം വിശ്രമിച്ച ദിവസം.

പക്ഷേ ആദാമിനെ സംബന്ധിച്ച് എങ്ങനെയായിരുന്നു? ആറാം ദിവസം സൃഷ്ടിക്കപ്പെട്ട ആദാം തന്റെ ജീവിതം ആരംഭിച്ചതുതന്നെ ശബ്ബത്ത് (വിശ്രമം) ആസ്വദിച്ചുകൊണ്ടാണ്. ദൈവം എല്ലാം പ്രവർത്തിച്ചു കഴിഞ്ഞിരുന്നതുകൊണ്ടാണ് ആദാമിന് വിശ്രമത്തോടെ തന്റെ ജീവിതത്തിനു തുടക്കം കുറിക്കുവാൻ കഴിഞ്ഞത്.

സുവിശേഷത്തെ സംബന്ധിച്ചും ഇങ്ങനെയാണ്. ദൈവം രക്ഷയ്ക്കു വേണ്ടതെല്ലാം നിറവേറ്റിക്കഴിഞ്ഞു. അതു നേടുവാൻ നാം ഇനി ഒന്നും ചെയ്യേണ്ടതില്ല. പൂർത്തിയായ ആ

**ക്രിസ്തീയത പ്രഘോഷിക്കുന്നത് ദൈവം ക്രിസ്തുവിൽ എല്ലാം ചെയ്തു തീർത്തു വെന്ന സത്യമാണ്. ഈ വസ്തുത നൽകുന്ന സന്തോഷത്തിലേക്ക് നാം വിശ്വാസത്താൽ നേരെ ചുവടുവച്ചാൽ മതി.**

രക്ഷയിലേക്കു വിശ്വാസത്തോടെ നേരിട്ട് പ്രവേശിച്ചാൽ മാത്രം മതി.

സൃഷ്ടിക്കുശേഷമുള്ള ദൈവത്തിന്റെ വിശ്രമവും രക്ഷണ്യവേലയെ തുടർന്നുള്ള ദൈവത്തിന്റെ വിശ്രമവും – ഈ രണ്ടു ചരിത്രവസ്തുകൾക്കിടയിലാണ് ആദാമിന്റെ വീഴ്ചയും മനുഷ്യന്റെ വിഫലമായ അധ്വാനവും അടങ്ങിയ മനുഷ്യവർഗ്ഗത്തിന്റെ ദാരുണമായ കഥ കിടക്കുന്നത്. മനുഷ്യന്റെ ഈ അധ്വാനത്തിന് അറുതിവരുത്തിക്കൊണ്ട് ദൈവപുത്രൻ ഭൂമിയിൽ വന്നു മനുഷ്യവർഗ്ഗത്തിന്റെ രക്ഷ പ്രവർത്തിച്ചെടുക്കുകയായിരുന്നു. "എന്റെ പിതാവ് പ്രവർത്തിക്കുന്നു. അതുകൊണ്ട് ഞാനും പ്രവർത്തിക്കുന്നു" എന്ന അവിടുത്തെ വാക്കുകൾ ഓർക്കുക. ഒടുവിൽ 'എല്ലാം നിവൃത്തിയായി' എന്നു ക്രൂശിൽ അവിടുന്നു പ്രഖ്യാപിക്കുന്നു.

അതുകൊണ്ട് ക്രിസ്തീയത പ്രഘോഷിക്കുന്നത് ദൈവം ക്രിസ്തുവിൽ എല്ലാം ചെയ്തു തീർത്തുവെന്ന സത്യമാണ്. ഈ വസ്തുത നൽകുന്ന സന്തോഷത്തിലേക്ക് നാം വിശ്വാസത്താൽ നേരെ ചുവടുവച്ചാൽ മതി. നാം ആദ്യം ഉദ്ധരിച്ച വാക്യത്തിൽ 'ഇരിക്കുക' എന്നൊരു കല്പനയല്ല പറഞ്ഞിരിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക. മരിച്ച് ക്രിസ്തുവിൽ നമ്മെ 'ഇരുത്തിയിരിക്കുന്നു' എന്ന വസ്തുതയാണ്.

രണ്ടു സത്യങ്ങളിലേക്കു നമ്മുടെ കണ്ണു തുറക്കണമെന്നാണ് പൗലോസ് അവിടെ പ്രാർത്ഥിക്കുന്നത് (എഫേ. 1: 19) ഒന്ന്: ദൈവം തന്റെ ശക്തിയാൽ അവനെ 'ഇരുത്തി'. രണ്ട്: ദൈവം തന്റെ കൃപയാൽ നമ്മെ അവനോടു കൂടി 'ഇരുത്തിയിരിക്കുന്നു.' ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം പ്രവർത്തനം പ്രാഥമികമായി നമ്മുടേതല്ല ദൈവത്തിന്റേതാണ് എന്നതാണ്. നാം ദൈവത്തിനുവേണ്ടിയല്ല, ദൈവം നമുക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ദൈവം തന്റെ വിശ്രമത്തിന്റെ അവസ്ഥ നമുക്കു നൽകുന്നു. തന്റെ പുത്രന്റെ പൂർത്തിയായ വേലയെ ദൈവം നമുക്കു സമ്മാനിച്ചശേഷം 'ഇരുന്നു വിശ്രമിക്കുക' എന്നു പറയുന്നു. ദൈവത്തിന്റെ ഈ വാഗ്ദാനം 'എല്ലാം ഒരുങ്ങിയിരിക്കുന്നു. വരിക' (ലൂക്കോ. 14: 17) എന്ന ക്ഷണമാണ് എന്നെ ഓർമിപ്പിക്കുന്നത്. അങ്ങനെ നാം ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് പ്രവർത്തിച്ചുകൊണ്ടല്ല. ദൈവം നമുക്കുവേണ്ടി ചെയ്തുതീർത്തവ കണ്ടെത്തിക്കൊണ്ടാണ്.

ഇവിടം മുതലുള്ള ക്രിസ്തീയ ജീവിതവും നമ്മുടെ പ്രവൃത്തിയെ അല്ല നമുക്കുവേണ്ടി ചെയ്തുതീർത്ത പ്രവൃത്തിയെ അംഗീകരിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. ഓരോ പുതിയ ആത്മീയാനുഭവവും ദൈവം ചെയ്തതിനെ വിശ്വാസത്താൽ അംഗീകരിക്കുന്നതിലാണ് തുടങ്ങുന്നത്. അഥവാ ഓരോ തവണയും 'ഇരുന്നു'കൊണ്ട് തുടങ്ങുന്നു എന്നു പറയാം. ദൈവംതന്നെ നിയമിച്ച ജീവന്റെ ഒരു പ്രമാണമാണിത്. തുടക്കം മുതൽ ഒടുക്കംവരെ



**ഓരോ പുതിയ ആത്മീയാനുഭവവും ദൈവം ചെയ്തതിനെ വിശ്വാസത്താൽ സ്വീകരിക്കുന്നതിലാണ് തുടങ്ങുന്നത്. അഥവാ ഓരോ തവണയും 'ഇരുന്നു'കൊണ്ട് തുടങ്ങുന്നു എന്നു പറയാം . ദൈവം തന്നെ നിയമിച്ച ജീവന്റെ ഒരു പ്രമാണമാണിത്.**

ക്രിസ്തീയ ജീവിതം ഈ ദൈവികപ്രമാണത്തിൽ അധിഷ്ഠിതമായാണ് പുരോഗമിക്കുന്നത്.

ശുശ്രൂഷയ്ക്കായി പരിശുദ്ധാത്മാവിന്റെ ശക്തി എനിക്കെങ്ങനെയാണു പ്രാപിക്കുവാൻ കഴിയുക? ഞാൻ അതിനായി പ്രയത്നിക്കേണ്ടതുണ്ടോ? പാപക്ഷമയുടെ കാര്യംപോലെയാണ് ഇതും. എനിക്കെങ്ങനെയാണു പാപക്ഷമ ലഭിച്ചത്? എഫേസ്യർ 1: 6 – 8 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. 'ധാരാളമായി കാണിച്ച കൃപാധനപ്രകാരം' എന്നാണ്? ആ കൃപയാകട്ടെ നമുക്കു സൗജന്യമായി ചൊരിഞ്ഞിരിക്കുന്നു. നമ്മുടെ രക്ഷ ക്രിസ്തുവിൽ തന്റെ രക്തത്താലാണ്. അവിടുന്നു നമുക്കായി ചെയ്തതിനെ അടിസ്ഥാനപ്പെടുത്തിയാണ് രക്ഷ നമ്മുടേതാകുന്നത്. ഇതാണു നമ്മുടെ 'രക്ഷയുടെ സുവിശേഷം.'

അങ്ങനെ എങ്കിൽ പരിശുദ്ധാത്മാവിനെ പകരുന്നതു സംബന്ധിച്ചുള്ള തിരുവചനാടിസ്ഥാനം എന്താണ്? യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പാണത്. കർത്താവ് ക്രൂശിൽ മരിച്ചതിനാൽ എനിക്കു പാപക്ഷമ ലഭിച്ചു. താൻ ദൈവത്തിന്റെ വലഭാഗത്തേക്ക് ആരോഹണം ചെയ്തതിനാൽ എനിക്കു പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചു (അപ്പോ. പ്രവൃത്തി 2:33). എന്റെ അവസ്ഥയെയോ, ഞാൻ ചെയ്യുന്ന കാര്യങ്ങളെയോ, ആശ്രയിച്ചല്ല ഈ ദാനവും പകരപ്പെടുന്നത്. ഞാൻ എന്തെങ്കിലും പ്രവർത്തിച്ചതു കൊണ്ടല്ല പാപക്ഷമ എനിക്കു ലഭിച്ചത്. എന്റെ പ്രവൃത്തികളാലല്ല പരിശുദ്ധാത്മശക്തിയും എനിക്കു ലഭിക്കുന്നത്. അഥവാ എനിക്കു ലഭിച്ചതെല്ലാം എന്റെ നടപ്പ് (പ്രയത്നം) മൂലമല്ല. എന്റെ ഇരിപ്പ് (വിശ്രമം, ആശ്രയം) മൂലമാണ്.

നീതികരണം, പാപത്തിന്മേലുള്ള ജയം, പഴയ മനുഷ്യന്റെ ക്രൂശീകരണം എന്നീ കാര്യങ്ങൾ ചിന്തിച്ചാലോ? ഇവിടെയും 'നടപ്പല്ല' 'ഇരിപ്പാ'ണ് പ്രസക്തമായിരിക്കുന്നത്. അതായത് എന്തെങ്കിലും ചെയ്യുകയല്ല, ചെയ്തുതീർന്നതിൽ വിശ്രമിക്കുകയാണുവേണ്ടത്. നാം 'പാപത്തിനു മരിച്ചു'. 'സ്നാനത്താൽ അവന്റെ മരണത്തിൽ പങ്കാളിയായിത്തീർന്നു,' 'അവനോടുകൂടെ കുഴിച്ചിടപ്പെട്ടു'. 'ദൈവം നമ്മെ ക്രിസ്തുവിനോടുകൂടി ഉയിർത്തെഴുന്നേല്പിച്ചു' (റോമർ 6: 2,3,4; എഫേ 2:5) എന്നീ വാക്യങ്ങൾ ശ്രദ്ധിക്കുക. ഇതിലെ ഈ ക്രിയാപദങ്ങളെല്ലാം ഭൂതകാലത്തിലാണ്.

ഭാവികാലമോ വർത്തമാനകാലമോ അല്ല ഉപയോഗിച്ചിരിക്കുന്നത്, സ്വർഗ്ഗത്തിൽ ഇരുത്തപ്പെട്ടിരിക്കുന്നു' ഈ സത്യം മനുഷ്യമനസ്സിന് ഒരു പ്രഹേളികയായിത്തോന്നാം – യോഹന്നാൻ 3:3ൽ യേശുക്രിസ്തു നിക്കോദേമൊസിനോടു പറഞ്ഞതുപോലെ മനുഷ്യമനസ്സിന് മനസ്സിലാകാത്ത ഒരു പ്രശ്നം. മനുഷ്യൻ പ്രായമായശേഷം വീണ്ടും ജനിക്കുന്നതെങ്ങനെ എന്നതായിരുന്നു അവിടെ ചിന്താക്കുഴപ്പമുണ്ടാക്കിയത്. അതിലും വിചിത്രമായി ഇതുതോന്നാം. കാരണം, ഇതു

*ശേഷം പേജ് 28 ൽ*

## മനുഷ്യന്റെ തോൽവിയിലെ ദൈവികലക്ഷ്യം II

# ഹൃദയത്തകർച്ചയുടെ വഴി

സാക്പുന്നൻ

**ഒ**രിക്കൽ പരിശുദ്ധാത്മാവിൽ നിറഞ്ഞ പല വിശ്വാസികളും ഇന്നു നേരിടുന്ന ദുരവസ്ഥ ഇതാണ്. അവർ ഒരിക്കലും ഹൃദയനുറുക്കമുള്ളവരല്ല. ഒരുപക്ഷേ അവർ യഥാർത്ഥമായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരിക്കാം. പക്ഷേ അവർ ഹൃദയം തകർന്ന ഒരവസ്ഥയിലല്ല. ഫലം നിഗളത്തിലൂടെ അവരുടെ അഭിഷേകം വേഗത്തിൽ നഷ്ടമായിരിക്കുന്നു.

എന്റെ സ്വന്തം ജീവിതത്തിൽ, ഹൃദയത്തകർച്ചയുടേയും ക്രൂശിന്റെ മാർഗ്ഗത്തിന്റേയും സത്യം പരിശുദ്ധാത്മാവിനാൽ നിറയുന്നതിനു മുൻപു തന്നെ ദൈവം എന്നെ പഠിപ്പിച്ചു. അത് എന്നെ സംബന്ധിച്ചു നന്നായി. വഴിതെറ്റിപ്പോകുന്നതിൽ നിന്ന് അതെന്നെ തടഞ്ഞു. എന്റെ ആത്മവിശ്വാസവും സ്വയനീതീകരണവും ഒരോ ദിവസവും പല വർഷം സംഭവിച്ച പരാജയത്തിലൂടെ ദൈവം തകർത്തുകളഞ്ഞു. എന്റെ 60 വർഷത്തെ ജീവിതത്തിന്റെ ഒരു ഗ്രാഫ് വരച്ചാൽ അത് ഏറെക്കുറെ ഇങ്ങനെയിരിക്കും. ഞാൻ ജനിച്ചപ്പോൾ എല്ലാ കുഞ്ഞുങ്ങളേയും പോലെ നിഷ്ക്കളങ്കനും പാപരഹിതനും ആയിരുന്നു. ഗ്രാഫിൽ ഉന്നതത്തിൽ ആയിരുന്നു. വീണ്ടും ജനിച്ച ശേഷം (19 വയസ്സുള്ളപ്പോൾ) വളരെ നാളത്തേക്ക് (വർഷങ്ങളിലേക്ക്) കാര്യങ്ങൾ എന്നെ സംബന്ധിച്ചു നന്നായി മുന്നോട്ടു പോയി. ഗ്രാഫ് അന്ന് ഉയർന്നുയർന്നു പോകുകയായിരുന്നു. എന്നാൽ ദൈവം എന്റെ ശുശ്രൂഷയെ അനുഗ്രഹിക്കാൻ തുടങ്ങിയപ്പോൾ, ക്രിസ്തീയവൃത്തങ്ങളിൽ ഞാൻ പരക്കെ അറിയപ്പെടാൻ ആരംഭിച്ചപ്പോൾ എന്നിൽ നിഗളം കടന്നുകൂടുകയും എന്റെ ഗ്രാഫ് ഞാൻ പോലും അറിയാതെ താഴേക്കു പോകുകയും ചെയ്തു. പുറമേ ഞാൻ

**ഒരിക്കൽ പരിശുദ്ധാത്മാവിൽ നിറഞ്ഞ പല വിശ്വാസികളും ഇന്നു നേരിടുന്ന ദുരവസ്ഥ ഇതാണ്. അവർ ഒരിക്കലും ഹൃദയനുറുക്കമുള്ളവരല്ല. ഒരുപക്ഷേ അവർ യഥാർത്ഥമായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരിക്കാം . പക്ഷേ അവർ നുറുങ്ങപ്പെട്ടിട്ടില്ല. ഫലം നിഗളത്തിലൂടെ അവരുടെ അഭിഷേകം വേഗത്തിൽ നഷ്ടമായിരിക്കുന്നു.**

അപ്പോഴും അറിയപ്പെടുന്ന ഒരു പ്രസംഗകനായിരുന്നു. എന്നാൽ എന്റെ ആന്തരിക ജീവിതവും ദൈവത്തോടൊപ്പമുള്ള എന്റെ നടപ്പും ശോചനീയമായ നിലയിലേക്കു പൊയ്ക്കൊണ്ടിരുന്നു. ആന്തരികമായി ഞാൻ ഒരു പിന്മാറ്റക്കാരനായിത്തീർന്നു. ഒടുവിൽ എന്റെ ജീവിതത്തിന്റെ ഗ്രാഫ് ഏറ്റവും താഴത്തെ തട്ടിൽ എത്തി. 26 വർഷം





ഹ്രസ്വദൃഷ്ടിയുള്ളവർ ആരാണ്? അവർ ഭൂമിയിലെ കാര്യങ്ങൾ – പാപത്തിന്റെ സുഖങ്ങൾ, ഭൗതിക സമ്പത്ത്, മനുഷ്യരുടെ ബഹുമാനവും അംഗീകാരവും – വിലമതിക്കുന്നവരാണ്. അങ്ങനെയുള്ള എല്ലാ മനുഷ്യരും ഹ്രസ്വദൃഷ്ടിയുള്ളവരാണ്. അത്തരം വിശ്വാസികളെ സംബന്ധിച്ച് നമുക്ക് സഹതാപമാണ് തോന്നേണ്ടത്.

മുൻപാണത്. ഒരു ഘട്ടത്തിൽ ഞാൻ എന്റെ ശുശ്രൂഷതന്നെ പൂർണമായി നിർത്തിവയ്ക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിച്ചു. കാരണം ഞാൻ പ്രയോഗത്തിൽ വരുത്താത്ത കാര്യങ്ങളെപ്പറ്റി പ്രസംഗിച്ച് ആളുകളെ വഞ്ചിക്കുവാൻ ഞാനാഗ്രഹിച്ചില്ല. ആ ഘട്ടത്തിൽ എന്റെ കാപട്യവും പിന്മാറ്റവും സംബന്ധിച്ച് ദൈവത്തിൽ നിന്ന് ന്യായവിധി മാത്രമേ ഞാൻ അർഹിച്ചുള്ളൂ. പക്ഷേ എന്നെ ന്യായം വിധിച്ചു നരകത്തിൽ തള്ളേണ്ടതിനു പകരം ദൈവം എന്താണു ചെയ്തതെന്നു അറിയാമോ? അവിടുന്നു പരിശുദ്ധാത്മാവിനാൽ എന്നെ നിറച്ചു.

എന്തുകൊണ്ടാണ് അവിടുന്നു അതുചെയ്തത്? കാരണം നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ. അതിലെ അത്ഭുതം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ വേണ്ടി ഞാൻ ഒരു ഉദാഹരണം കുറിക്കട്ടെ.

നിങ്ങൾ ഒരു ബൃഹത്തായ ബഹുരാഷ്ട്രകമ്പനിയിലെ ഉദ്യോഗസ്ഥനാണെന്നു കരുതുക. എന്നാൽ നിങ്ങൾ കമ്പനിയോട് അവിശ്വസ്തനായിത്തീർന്നു. അവരുടെ കല്പനകൾ ലംഘിക്കുകയും അവരുടെ നന്മയെ മുതലെടുക്കുകയും അവർക്കു ചീത്തപ്പേരുണ്ടാക്കുകയും ചെയ്യുന്നു. ഒരു ദിവസം നിങ്ങൾ വളരെ ഗുരുതരമായ ചില തെറ്റുകൾ വരുത്തി. അതുവരെയുള്ള എല്ലാ കുഴപ്പങ്ങളെക്കാളും ഗുരുതരമായ ഒന്ന്. അപ്പോൾ ആ കമ്പനിയുടെ ചെയർമാൻ നിങ്ങളെ സമീപിച്ച് നിങ്ങളെ പിരിച്ചു വിടുന്നതിനു പകരം "ഞങ്ങൾ നിങ്ങളോടു സകലതും ക്ഷമിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മാത്രമല്ല ഇന്നു മുതൽ നിങ്ങളുടെ ശമ്പളം മൂന്നിരട്ടിയാക്കുകയും

ചെയ്യും" എന്നുപറയുന്നു. ഇങ്ങനെ ഒരു കാര്യം നിങ്ങൾക്കു സങ്കൽപ്പിക്കാമോ? ഇല്ല. ഇതു നമ്മെ കാണിക്കുന്നതു ദൈവത്തിന്റെ വഴികൾ മനുഷ്യന്റെ വഴികളല്ല എന്നതാണ്. കാരണം 25 വർഷം മുൻപ് ദൈവം എനിക്കു ചെയ്തതിന്റെ ഒരു ചിത്രമാണിത്.

ദൈവം എന്നോട് ഇങ്ങനെ പെരുമാറിയതിന്റെ ഫലം എന്തായിരുന്നു? ദൈവത്തിന്റെ കരുണയെ മുതലെടുക്കുവാനും അന്നുമുതൽ കൂടുതൽ പാപം ചെയ്യാനും ഇത് എന്നെ പ്രേരിപ്പിച്ചോ? ഇല്ല. പകരം റോമർ 2:4 ൽ കാണുന്ന പോലെ ദൈവത്തിന്റെ കരുണ എന്നെ മാനസാന്തരത്തിലേക്ക് നയിച്ചു. അതെന്നെ നിലവിളിയിലേക്കും ഹൃദയത്തകർച്ചയിലേക്കും നയിക്കുകയുണ്ടായി. ദൈവത്തിന്റെ ദയ എന്നെ തകർക്കുകയും തുടർന്ന് അവിടുത്തേക്ക് വേണ്ടി നിർമ്മലവും വിശുദ്ധവുമായ ഒരു ജീവിതം നയിക്കുവാൻ പ്രേരിപ്പിക്കയും ചെയ്തു.

പക്ഷേ ഞാൻ നിങ്ങളോട് സത്യസന്ധമായി പറയട്ടെ ആ ദിവസം മുതൽ എന്റെ ജീവിതത്തിന്റെ ഗ്രാഫ് കുത്തനെ മുകളിലേക്ക് പോയില്ല. ഇല്ല. പാടുപെടുന്ന മറ്റു ക്രിസ്ത്യാനികളെപ്പോലെ എനിക്കും ജീവിതത്തിൽ ഉയർച്ച താഴ്ചകൾ ഉണ്ടായിരുന്നു. പൗലോസിനെപ്പോലെ "പുറത്ത് യുദ്ധവും അകത്തു ഭയവും" ഉണ്ടായിരുന്നു. "ഞാൻ നിരാശനാകുമ്പോൾ മറ്റു സഹോദരൻമാരാൽ അപ്പോഴും ആശ്വസിപ്പിക്കപ്പെടേണ്ടതായുണ്ടായിരുന്നു." 2 കൊരി 7:5,6. എന്നാൽ പൂർണ്ണതയിലേയ്ക്ക് ആയുവാൻ ഞാൻ ശ്രമിക്കുന്നു.

തന്റെ വഴികൾ എന്നിൽ നിവർത്തിക്കുന്നതിനു മുമ്പ് ദൈവം പരാജയത്തിന്റെ പടുകുഴിയിൽ ആവർത്തിച്ച് പതിക്കുവാൻ എന്നെ അനുവദിച്ചു.

**ആശയറ്റവരായി ആരുമില്ല. നിങ്ങൾ അത് കേട്ടോ? ആരും പ്രതീക്ഷയ്ക്കപ്പുറത്തല്ല. നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം പ്രതീക്ഷയ്ക്ക് വകയുണ്ട്. നിങ്ങൾ മരിക്കുമ്പോൾ മാത്രമേ പ്രതീക്ഷ അസ്തമിക്കുന്നുള്ളൂ.**

വീണ്ടുംജനനത്തിനുശേഷം എന്നെ ഒരു 'സീറോ പോയിന്റി'ലേക്ക് കൊണ്ടുവരുവാൻ അവിടുത്തേക്ക് 16 വർഷം വേണ്ടിവന്നു. അപ്പോഴേക്കും എനിക്ക് 35 വയസ്സായി. എന്റെ പകുതി ജീവിതം പിന്നിട്ടു കഴിഞ്ഞിരുന്നു. എന്നെപ്പോലെ വഴങ്ങാത്തവനല്ലെങ്കിൽ നിങ്ങൾക്ക് ഇത്രയും സമയം വേണ്ടിവരികയില്ല. നിങ്ങൾ ഒരിക്കലും പ്രതീക്ഷ കൈവിടാതിരിക്കാനും ഉൽസാഹം ലഭിക്കാനും വേണ്ടിയാണ് എന്റെ ഈ അനുഭവം പങ്കുവച്ചത്. എനിക്ക് വേണ്ടി അത് ചെയ്വാൻ ദൈവത്തിനു കഴിയുമെങ്കിൽ നിങ്ങൾക്ക് എല്ലാവർക്കും വേണ്ടിയും അത് ചെയ്യുവാൻ കഴിയും.

ആശയറ്റവരായി ആരുമില്ല. നിങ്ങൾ അത് കേട്ടോ? ആരും പ്രതീക്ഷയ്ക്കപ്പുറത്തല്ല. നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം പ്രതീക്ഷയ്ക്ക് വകയുണ്ട്. നിങ്ങൾ മരിക്കുമ്പോൾ മാത്രമേ പ്രതീക്ഷ അസ്തമിക്കുന്നുള്ളൂ.

ദൈവം ആഗ്രഹിച്ചനിലയിൽ പത്രോസിനെ കൊണ്ടുവരുന്നതിനു മുമ്പ് പത്രോസിനും ആ 'സീറോപോയിന്റിൽ' എത്തിച്ചേരേണ്ടതായുണ്ടായിരുന്നു.

നാം ഒരിക്കൽ തറനിരപ്പിലായിരുന്നെങ്കിൽ ഇപ്പോഴും ആ നിലയിൽ കഴിയുന്നവരെ നമുക്ക് പുച്ഛിക്കാൻ കഴികയില്ല. പാപികളെയോ പിൻമാറ്റക്കാരായ വിശ്വാസികളെയോ വീണുപോയ ക്രിസ്തീയനേതാക്കളെയോ ആരെയും നമുക്ക് അതിനു ശേഷം പുച്ഛിക്കാൻ കഴിയില്ല. ഒരു കാലത്തു നാം എത്ര വലിയ പരാജയം ആയിരുന്നെന്ന് അറിയാം എന്നുള്ളതിനാൽ പാപത്തിന്മേൽ ഉള്ള ജയത്തെപ്പറ്റി പിന്നീട് പ്രശംസിപ്പാൻ കഴികയില്ല.

"നിങ്ങളുടെ പാപങ്ങളുടെ ശുദ്ധീകരണം മറക്കരുത്" (2 പത്രോസ് 1:9) എന്നാണു പത്രോസ് ക്രിസ്ത്യാനികൾക്കു മുന്നറിയിപ്പ് നൽകുന്നത്. അവർ അത് മറന്നാൽ ഹ്രസ്വദൃഷ്ടിയുള്ളവരും അന്ധരുമായിതീരുമെന്ന് പത്രോസ് അവർക്ക് താക്കീത് നൽകുന്നു. ഞാൻ ഒരിക്കലും അന്ധനോ ഹ്രസ്വദൃഷ്ടിയുള്ളവനോ ആയിരിക്കുവാൻ ആഗ്രഹിക്കുന്നില്ല. സ്വർഗ്ഗീയ മൂല്യങ്ങളും നിത്യതയുടെ മൂല്യങ്ങളും കാണത്തക്കവിധം എപ്പോഴും ദീർഘദൃഷ്ടിയുള്ളവനായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഹ്രസ്വദൃഷ്ടിയുള്ളവർ ആരാണ്? അവർ ഭൂമിയിലെ കാര്യങ്ങൾ-പാപത്തിന്റെ സുഖങ്ങൾ, ഭൗതികസമ്പത്ത്, മനുഷ്യരുടെ ബഹുമാനവും അംഗീകാരവും-വിലമതിക്കുന്നവരാണ്. അങ്ങനെയുള്ള എല്ലാ മനുഷ്യരും ഹ്രസ്വദൃഷ്ടിയുള്ളവരാണ്. അത്തരം വിശ്വാസികളെ സംബന്ധിച്ച് നമുക്ക് ദുഃഖമാണ് തോന്നേണ്ടത്. പത്തടി അകലെ കാണാൻ കഴിയാത്ത നിലയിൽ കണ്ണിന്റെ കാഴ്ചമങ്ങിയ ഒരാളെ കണ്ടാൽ നിങ്ങൾക്ക് അയാളോട് ദേഷ്യം തോന്നുമോ? ഇല്ല. നിങ്ങൾക്ക് അവനോട് സഹതാപം മാത്രമേ തോന്നുകയുള്ളൂ. തന്റെ കണ്ണിന് രണ്ട് ഇഞ്ച് അടുത്തുവരെ പുസ്തകം പിടിച്ച് വായിക്കുന്ന ഒരുവനെകണ്ടാൽ നിങ്ങൾക്ക് അവനോട് ദേഷ്യമല്ല സഹതാപമാണ് തോന്നുന്നത്. ഒരു കണ്ണു

**ദൈവം എന്റെ എല്ലാ പാപങ്ങളും മായിച്ചുകളഞ്ഞുവെന്നും അവയിൽ ഒന്നുപോലും അവിടുന്ന് ഓർക്കുന്നില്ലെന്നും എനിക്കറിയാം . എന്റെ ഇതഃപര്യന്തമുള്ള ജീവിതത്തിൽ ഇതേവരെ ഒരു തെറ്റും ചെയ്യാത്തവനെപ്പോലെയാണ് ഞാൻ ഇന്നു ദൈവമുൻപാകെ നില്ക്കുന്നത്.**

ഡോക്ടർ കട്ടിക്കണ്ണടവെച്ച ഒരുവനോട് മുമ്പിലെ ചാർട്ട് വായിക്കാൻ ആവശ്യപ്പെടുകയും അവന് അത് വായിക്കാൻ കഴികയില്ല എന്ന് പറകയും ചെയ്താൽ ഡോക്ടർ എന്തു ചെയ്യും? ദേഷ്യപ്പെടുമോ? ഇല്ല. അവനോട് സഹതാപം മാത്രമേ ഡോക്ടർക്ക് ഉണ്ടായിരിക്കയുള്ളൂ.

പണം, പാപസുഖങ്ങൾ, ആളുകളുടെ അംഗീകാരം എന്നിവയ്ക്ക് വേണ്ടി ജീവിക്കുന്ന ഹ്രസ്വദൃഷ്ടിയുള്ള വിശ്വാസികളെ കണ്ടാൽ അവരെ ശാസിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. നമുക്ക് അവരോട് സഹതാപം മാത്രമേ തോന്നേണ്ടതുള്ളൂ. കാരണം അവർ വളരെ ഹ്രസ്വദൃഷ്ടിയുള്ളവരാണ്. ഒരുനാൾ അവർ കർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഖേദം മാത്രമേ അവർക്ക് ഉണ്ടാകയുള്ളൂ.

ഇതുപോലെയുള്ള ധാരാളം വിശ്വാസികൾ ഉണ്ട്. അവർ എങ്ങനെയാണ് അന്ധരായതെന്ന് നിങ്ങൾക്കറിയാമോ? അവർ "തങ്ങളുടെ മുൻകാലപാപങ്ങളുടെ ശുദ്ധീകരണം മറന്നവരാണ്" (2 പത്രോ1:9). ദൈവം തങ്ങളെ ഏതു കുഴിയിൽ നിന്നാണ് വലിച്ചു കയറ്റിയതെന്ന് അവർ മറന്നുപോയി. ദൈവം തങ്ങളെ അനുഗ്രഹിച്ചു എന്നതിൽ അവർ വളരെ അഹങ്കരിച്ചിരിക്കുന്നു.

ദൈവം എന്നെ ഏതു കുഴിയിൽ നിന്നാണു കരകയറ്റിയതെന്നു മറന്നു പോകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ദൈവം എന്റെ എല്ലാ പാപങ്ങളും മായിച്ചു കളഞ്ഞുവെന്നും അവയിൽ ഒന്നുപോലും അവിടുന്ന് ഓർക്കുന്നില്ലെന്നും എനിക്കറിയാം. എന്റെ ഇത:പര്യന്തമുള്ള ജീവിതത്തിൽ ഇതേവരെ ഒരു തെറ്റും ചെയ്യാത്തവനെപ്പോലെയാണ് ഞാൻ ഇന്നു ദൈവമുൻപാകെ നില്ക്കുന്നത് – കാരണം ഞാൻ 'ക്രിസ്തുവിന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടു'. (റോമർ 5:9). ദൈവം എന്നെ ഇന്ന് അങ്ങനെയാണു കാണുന്നത്. പക്ഷേ ഞാൻ ഒരിക്കൽ എന്തായിരുന്നുവെന്ന് ഞാൻ ഒരിക്കലും മറക്കുകയില്ല. ദൈവം എന്നോടു പറയുന്നത് "ഞാൻ നിന്റെ പാപങ്ങളെ ഒരുനാളും ഓർക്കുകയില്ല" എന്നാണ് (എബ്രായർ 8:12). പക്ഷേ ഒരിക്കൽ ഞാൻ എന്തായിരുന്നുവെന്ന് ഞാൻ എപ്പോഴും ഓർക്കും.

എന്റെ പാപങ്ങളെക്കുറിച്ചുള്ള ഓർമ്മകളിലൂടെ സാത്താന് എന്നെ കുറ്റംവിധിക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുംവിധം ഞാൻ എന്റെ ഭൂതകാലത്തെ ഇപ്പോൾ ഓർക്കുകയില്ല. ഇല്ല. ഒരിക്കലുമില്ല. 'ക്രിസ്തുയേശുവിലുള്ളവർക്ക് ഇപ്പോൾ ഒരു കുറ്റബോധവുമില്ല' (റോമർ 8:1). പിശാച് ഇപ്പോൾ എന്നെ കുറ്റപ്പെടുത്തുമ്പോൾ ഞാൻ അവന്റെ മുഖത്തു നോക്കിപ്പറയും "യേശുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിച്ചിരിക്കുന്നു." 'കുഞ്ഞാടിന്റെ രക്തം ഹേതുവായി' ഞാൻ സാത്താനെ ജയിച്ചിരിക്കുന്നു (വെളിപാടി 12:11). പക്ഷേ ഞാൻ ഒരിക്കൽ ഏതു കുഴിയിലായിരുന്നുവെന്നും അവിടെ ദൈവം എങ്ങനെ എന്നെ കണ്ടുമുട്ടി എന്നെ അവിടുത്തെ പരിശുദ്ധാത്മാവിനാൽ നിറച്ചു എന്നത്

**സത്യസന്ധമായി ഞാൻ പറയാം ,മറ്റുചില സഭാവിഭാഗങ്ങളിലുള്ള പലരേയും എന്നെക്കാൾ മെച്ചപ്പെട്ടവരായി ഞാൻ പരിഗണിക്കാറുണ്ട്.അവരെ ആരെയും ഞാൻ പുച്ഛത്തോടെ വീക്ഷിക്കുകയോ നിന്ദിക്കുകയോ ചെയ്യാറില്ല.**

ഞാൻ ഒരിക്കലും മറന്നുപോകുകയില്ല.

ദൈവം ഒരിക്കൽ യഹൂദയെക്കുറിച്ചു പറഞ്ഞതുപോലെ ഞാനും "ആർക്കും ദയതോന്നാതെ വെളിമ്പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ടവനായിരുന്നു. കർത്താവ് ആ വഴി വന്നപ്പോൾ എന്നെ ചോരയിൽ കിടന്നുരുളുന്നതുകണ്ട് എന്നെ എടുത്ത് കുളിപ്പിച്ച് വസ്ത്രം ധരിപ്പിച്ച് അലങ്കാരങ്ങൾ അണിയിച്ച് പൂർണത നൽകി (യെഹെസ്കേൽ 16: 5, 6, 9, 10, 14).

സഹോദരീസഹോദന്മാരെ, നിങ്ങളെ സംബന്ധിച്ച് ഇത് എങ്ങനെയാണ്? നിങ്ങളിൽ പലരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരാണെന്ന് എനിക്കറിയാം. എന്നാൽ നിങ്ങളെ തകർത്തു നിങ്ങളുടെ സ്വയവിശ്വാസത്തേയും ഗർവ്വിനേയും നീക്കിക്കളയുന്നതിൽ ദൈവം വിജയിച്ചിട്ടുണ്ടെന്നതിൽ എനിക്കുറപ്പില്ല. അതുസംഭവിച്ചിട്ടുണ്ടോ എന്നു കണ്ടെത്താൻ വളരെ എളുപ്പമാണ്. ഈ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം പറയുക.

ഒന്നാമത്: നിങ്ങൾ മറ്റുള്ളവരെ പുച്ഛത്തോടെ നോക്കാറുണ്ടോ? ചിലപ്പോൾ മറ്റു സഭാവിഭാഗങ്ങളിലുള്ളവരെ?.

ഉപദേശപരമായ കാര്യങ്ങളിൽ നാം പലരോടും വിയോജിക്കുന്നവരായിരിക്കാം. പക്ഷേ അവരെ ഒരിക്കലും നാം പുച്ഛത്തോടെ നോക്കരുത്. സത്യസന്ധമായി ഞാൻ പറയാം, മറ്റുചില സഭാ



വിഭാഗങ്ങളിലുള്ള പലരേയും എന്നെക്കാൾ മെച്ചപ്പെട്ടവരായി ഞാൻ പരിഗണിക്കാറുണ്ട്. ഉപദേശപരമായ വ്യത്യാസം കൊണ്ട് ഒരു പക്ഷേ അവരെല്ലാവരോടും ഒത്തു പ്രവർത്തിക്കുവാൻ എനിക്കു കഴിഞ്ഞെന്നു വരികയില്ല. എന്നാൽ അവരെ ആരെയും ഞാൻ പുച്ഛത്തോടെ വീക്ഷിക്കുകയോ നിന്ദിക്കുകയോ ചെയ്യാറില്ല.

പരീശനെപ്പോലെ നിങ്ങൾ എപ്പോഴെങ്കിലും നിങ്ങളോടു തന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ടോ? "ദൈവമേ, ഞാൻ മറ്റുള്ളവരെപ്പോലെ അല്ലാത്തതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു'' (ലൂക്കോസ് 18:11). എങ്കിൽ നിങ്ങൾ ഹൃദയം തകർന്ന ഒരുവനല്ല– ആത്മാവിന്റെ ഏതെല്ലാം അനുഭവങ്ങൾ നിങ്ങൾക്കുണ്ടെങ്കിലും.

ഇനി രണ്ടാമത്തെ ചോദ്യം: നിങ്ങളുടെ ആത്മീയ പുരോഗതിയിൽ, അല്ലെങ്കിൽ നിങ്ങൾ നേടിയ കാര്യങ്ങളിൽ, നിങ്ങൾ അഹങ്കാരമുള്ളവനാണോ?

തന്റെ ജഡത്തിൽ ഒരു നന്മയും വസിക്കുന്നില്ലെന്ന് ഹൃദയം തകർന്ന ഒരുവൻ തിരിച്ചറിയും. അതുകൊണ്ട് തന്റെ ശുശ്രൂഷയിലും ജീവിതത്തിലും കാണുന്ന ഏതുഫലത്തിനും അവൻ ദൈവത്തിനു വേഗം മഹത്വം കൊടുക്കും.

അതുകൊണ്ട് ഇതാണ് ഹൃദയംതകർന്ന ഒരുവന്റെ രണ്ടുലക്ഷണങ്ങൾ:

1 അവൻ മറ്റൊരാളെ – വിശ്വാസിയായാലും, അവിശ്വാസിയായലും – പുച്ഛത്തോടെ നോക്കുകയില്ല:

2 തന്റെ ആത്മീയ പുരോഗതിയിലോ ശുശ്രൂഷയിലോ അവൻ പുകഴുകയുമില്ല.

(തുടരും)

○

**Form IV (See Rule 8)**

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT JEEVAMOZHIKAL**

| | | | |
|---|---|---|---|
| 1 | Place of Publication | : | Kottayam |
| 2 | Periodicity | : | Monthly |
| 3 | Printers Name | : | T. Ipe |
| | Whether citizen of India | : | Yes |
| | Address | : | Orappankuzhiyil, Puthenangadi, Kottayam |
| 4 | Publisher's Name | : | T. Ipe |
| | Whether citizen of India | : | Yes |
| | Address | : | Orappankuzhiyil, Puthenangadi, Kottayam |
| 5 | Editor's Name | : | Geoji T. Samuel |
| | Whether citizen of India | : | Yes |
| | Address | : | 'Ardram', C.A.C Campus, Kumaranallur P. O., Kottayam - 16 |
| 6 | Name Address of the firm, who owns the News paper & holding more than one percent of the total capital: | | T.Ipe, Trustee, Christian Fellowship Trust, Kottayam - 16 |

I, T. Ipe hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Dated Publisher

## ഇരുന്നുവിശ്രമിക്കുക *പേജ് 21 ൽ നിന്ന്*

നമ്മുടെ തന്നെ ഒരു വീണ്ടുംജനനം പോലുമല്ല. എത്രയോ വർഷങ്ങൾക്കു മുമ്പ് മറ്റൊരുവനിൽ നിറവേറിയകാര്യം സ്വന്തം അനുഭവമായി എടുക്കുകയാണിവിടെ. എങ്ങനെയാണ് നമുക്കതു കഴിയുന്നത്? വിശദീകരിക്കാൻ കഴിയുകയില്ല. അതു ദൈവം ചെയ്തതായി ദൈവത്തിൽ നിന്നു തന്നെ പ്രാപിക്കുകയേ മാർഗ്ഗമുള്ളൂ. നാം ക്രിസ്തുവി

**ഒരു പുസ്തകത്തിന്റെ പേജുകൾക്കിടയിൽ ഒരു ഡോളർനോട്ട് വച്ചെങ്കിൽ പിന്നീട് ആ പുസ്തകത്തിനു ഭവിക്കുന്നതെല്ലാം അകത്തിരിക്കുന്ന ഡോളർനോട്ടിനും ബാധകമാണ്. അതുപോലെ ദൈവം നമ്മെയും ക്രിസ്തുവിൽ വച്ചു. അതുകൊണ്ട് അവിടുത്തേക്കു ഭവിച്ചതെല്ലാം നമുക്കും ബാധകമാണ്.**

നോടുകൂടെ ജനിച്ചിരിക്കുകയല്ല. നാം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുകയാണ് (ഗലാ. 2:20). അവിടുത്തെ മരണത്താലാണ് നാം അവനുമായി ബന്ധപ്പെട്ടിരിക്കുന്നത്. ദൈവം നമ്മെ അവനിൽ ഉൾപ്പെടുത്തി. നാം അവനോടൊപ്പം ഉണ്ടായിരുന്നു. കാരണം നാം 'അവനിൽ' ആണല്ലോ.

പക്ഷേ ഞാൻ ക്രിസ്തുവിൽ ആണെന്ന് എനിക്കെങ്ങനെ ഉറപ്പിക്കുവാൻ ആകും? "നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു" (1 കൊരി 1: 30) "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും.......ദൈവമല്ലോ" (2 കൊരി 1:21) എന്നിങ്ങനെ ബൈബിൾ തീർത്തു പറയുന്നതുകൊണ്ട് എനിക്കത് ഉറപ്പായി വിശ്വസിക്കുവാൻ കഴിയും.

ഒരു ഉദാഹരണം പറഞ്ഞാൽ ഞാൻ ഒരു പുസ്തകത്തിന്റെ പേജുകൾക്കിടയിൽ ഒരു ഡോളർനോട്ട് വച്ചു എന്നിരിക്കട്ടെ. എങ്കിൽ പിന്നീട് ആ പുസ്തകത്തിനു സംഭവിക്കുന്നതെല്ലാം അകത്തിരിക്കുന്ന ഡോളർനോട്ടിനും ബാധകമാണ്. പുസ്തകത്തെ ഒരിടത്തു നിന്നു മറ്റൊരിടത്തേക്കു കൊണ്ടുപോയാൽ ആ നോട്ടും പുസ്തകത്തോടൊപ്പം അങ്ങോട്ടു പോകും. കാരണം രണ്ടിന്റെയും ചരിത്രം ഒന്നായി മാറി. അതുപോലെ ദൈവം നമ്മെയും ക്രിസ്തുവിൽ വച്ചു. അതുകൊണ്ട് അവിടുത്തേക്കു സംഭവിച്ചതെല്ലാം നമുക്കും സംഭവിച്ചു. അവിടുന്ന് അനുഭവിച്ചതെല്ലാം ക്രിസ്തുവിൽ നാം അനുഭവിച്ചു.

"നാം ഇനി പാപത്തിനും അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടി ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു" (റോമർ 6:6). നാം ജനിക്കുന്നതിനു മുമ്പേ അതു നടന്നു കഴിഞ്ഞു. നിങ്ങൾ അതു സത്യമാണെന്നു വിശ്വസിക്കുന്നുണ്ടോ? ക്രിസ്തുവിനോടുകൂടിയുള്ള നമ്മുടെ ക്രൂശീകരണം മഹത്വപൂർണമായ ഒരു ഭൂതകാല ചരിത്രമാണ്. പാപത്തിൽനിന്നുള്ള വിടുതൽ നാം ചെയ്യാൻ പോകുന്നതിനെയോ ദൈവം നമുക്കായി ചെയ്യാനിരിക്കുന്നതിനെയോ ആശ്രയിച്ചല്ല ഇരിക്കുന്നത്. പകരം ക്രിസ്തുവിൽ നമുക്കുവേണ്ടി അവിടുന്ന് ഇതിനകം ചെയ്തുകഴിഞ്ഞതിനെ അടിസ്ഥാനമാക്കിയാണതിരിക്കുന്നത്.

ഈ സത്യം നമ്മുടെമേൽ പ്രകാശിക്കുമ്പോൾ നാം അതിൽ ചാരി വിശ്രമിക്കും (റോമർ 6:11). അപ്പോൾ വിശുദ്ധ ജീവിതത്തിന്റെ രഹസ്യവും നാം കണ്ടെത്തിക്കഴിഞ്ഞു.

○



# വീട്



**ടാൻസി ജേക്കബ്**

* എനിക്കു ലഭിച്ച ദൈവകൃപയ്ക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ പിന്നാലെ പണിയുന്നു; താൻ എങ്ങനെ പണിയുന്നുവെന്നു ഓരോരുത്തനും നോക്കിക്കൊള്ളട്ടെ. (1കൊരി.3:10)
* വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായിത്തീർന്നിരിക്കുന്നു. ഇതു കർത്താവിനാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു. (മത്താ.21:42).
* ജ്ഞാനമായവൾ തനിക്ക് ഒരു വീടു പണിതു; അതിന് ഏഴു തൂൺ തീർത്തു. (സദൃശ.9:1)
* ഞാൻ നിങ്ങളോടു പറയുന്നു. ആടുകളുടെ വാതിൽ ഞാൻ ആകുന്നു. (യോഹ.10:7)
* എന്റെ പ്രിയൻ ദ്വാരത്തിൽ കൂടി കൈനീട്ടി; എന്റെ ഉള്ളം അവനെച്ചൊല്ലി ഉരുകിപ്പോയി. (ഉത്തമ.5:4)
* ഗർഭത്തിൽ നിന്നെന്നപോലെ സമുദ്രം ചാടിപ്പുറപ്പെട്ടപ്പോൾ അതിനെ കതകുകളാൽ അടെച്ചവൻ ആർ? (ഇയ്യോ.38:8)
* ദിവസം പ്രതി എന്റെ പടിവാതില്ക്കൽ ജാഗരിച്ചും എന്റെ വാതില്ക്കട്ടിളെക്കൽ കാത്തുകൊണ്ടും എന്റെ വാക്കു കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. (സദൃശ.8:34)
* അതിന്റെ അസ്ഥികൾ ചെമ്പുകുഴൽ പോലെയും എല്ലുകൾ ഇരുമ്പഴി പോലെയും ഇരിക്കുന്നു. (ഇയ്യോ.40:18)
* പരിജ്ഞാനം കൊണ്ടു അതിന്റെ മുറികളിൽ വിലയേറിയതും മനോഹരവുമായ സകല സമ്പത്തും നിറഞ്ഞു വരുന്നു. (സദൃശ.24:4)
* ശണ്ഠകൂടുന്ന സ്ത്രീയോടു കൂടെ പൊതുവീട്ടിൽ പാർക്കുന്നതിനേക്കാൾ മേൽപ്പുരയുടെ ഒരു കോണിൽ പാർക്കുന്നതു നല്ലത്. (സദൃശ.25:24)
* സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആർ? നീ സമഭൂമിയായിത്തീരും; അതിനു കൃപ, കൃപ എന്ന ആർപ്പോടു കൂടെ അവൻ ആണിക്കല്ലു കയറ്റും. (സെഖ.4:7)
* അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. (എഫെ.3:21)
* മനുഷ്യർ തള്ളിതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിതവർഗമാകേണ്ടതിനു പണിയപ്പെടുന്നു. (1 പത്രോ.2:4-5)

○

# നമ്മുടെ ചിന്താ മണ്ഡലം

**അ**പ്പൊസ്തല പ്രവൃത്തി 8:22 ൽ പത്രൊസ്, ശീമോൻ എന്ന ആഭിചാരകനോട് ഇപ്രകാരം പറയുന്നു: “നീ ഈ ദുഷ്ടതയെക്കുറിച്ച് അനുതപിച്ച് കർത്താവിനോടു പ്രാർത്ഥിക്കുക. ഒരു പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിക്കുമായിരിക്കും.”

പാപചിന്തകളെ ഗൗരവമായിക്കാണുന്നവരല്ല അധികം ക്രിസ്ത്യാനികളും. അവ പ്രവൃത്തിയായിത്തീരാത്തതുകൊണ്ട് കുഴപ്പമില്ല എന്ന് അവർ കരുതുന്നു. എന്നാൽ മുകളിൽ കുറിച്ചിരിക്കുന്ന വാക്യം നമ്മോടെന്തു പറയുന്നു? പാപകരമായ ഒരു ചിന്ത, ഹൃദയത്തിന്റെ നിരൂപണം, പ്രാഥമികമായി ദുഷ്ടതയാണ് എന്നു തന്നെ. രണ്ടാമത് നീ അനുതപിച്ചു പ്രാർത്ഥിക്ക. **ഒരു പക്ഷേ** അതു ക്ഷമിച്ചുകിട്ടുമായിരിക്കും. എന്തുകൊണ്ടാണ് ഇവിടെ ‘ഒരു പക്ഷേ’ എന്ന പ്രയോഗം? എന്നാൽ ഇതേ പുസ്തകത്തിൽ തന്നെ “പാപങ്ങളുടെ മോചനത്തിനായി മാനസാന്തരപ്പെടുക” എന്നു പത്രോസ് തന്നെ പ്രസംഗിക്കുന്നുണ്ട്. (പ്രവൃത്തി 2:38). അവിടെ നാം ഈ പക്ഷേ പ്രയോഗം കാണുന്നില്ല. കഴിഞ്ഞകാല പാപ പ്രവൃത്തികളെ സംബന്ധിച്ച് ‘‘പക്ഷേ’’ പ്രയോഗമില്ല. ഒരുവൻ ക്രിസ്തുവിലേക്കു വരികയും മാനസാന്തരപ്പെടുകയും ചെയ്യുന്നതോടെ കഴിഞ്ഞകാല പാപപ്രവൃത്തികൾ പൂർണ്ണമായും മായ്ക്കപ്പെടുക തന്നെ ചെയ്യും. എന്നാൽ തുടർന്നുകൊണ്ടിരിക്കുന്ന പാപചിന്തകളുടെ കാര്യം അങ്ങനെയല്ല.

---

**അശുദ്ധചിന്തകൾ ഉള്ളവരെ ഒക്കെ പിടികൂടി 20 വർഷം തടവിലിടുന്ന ഒരു നിയമം ഉണ്ടാവുകയും എല്ലാ വ്യക്തികളുടെയും ചിന്തകളെ അറിയുന്ന ഒരു ഉപകരണ സംവിധാനം രൂപകൽപന ചെയ്തു പോലീസിനെ നിയോഗിക്കയും ചെയ്യുന്നു എന്നു കരുതുക. അപ്പോൾ തീർച്ചയായും താങ്കളുടെ ചിന്താ മണ്ഡലത്തെക്കുറിച്ചു താങ്കൾ ഗൗരവമുള്ള ഒരു വ്യക്തിയായിത്തീരും**

---

നാം ഈ ചിന്തകളെ ഗൗരവമായിട്ടെടുക്കുന്നില്ലെങ്കിലും യേശു അതിനെ എങ്ങനെ കാണുന്നു എന്നു ശ്രദ്ധിക്കുക: “ഉള്ളിൽ നിന്ന്, മനുഷ്യരുടെ ഹൃദയത്തിൽ നിന്ന് പുറപ്പെടുത്തുന്നത് : ദുശ്ചിന്ത, വ്യഭിചാരം, ദുർന്നടപ്പ്, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, ദോഷദൃഷ്ടി, ദൂഷണം, അഹങ്കാരം, മൂഢത, എന്നിവയാകുന്നു.’’ (മർക്കോ.7:21,22). ഇവിടെ വ്യഭിചാരത്തിനും കൊലപാതകത്തിനും മുമ്പിൽ പ്രഥമസ്ഥാനം തന്നെ ദുശ്ചിന്തയ്ക്കാണ് നൽകിയിരിക്കുന്നതെന്നതു ശ്രദ്ധിക്കുക.

നാം എന്തുകൊണ്ടാണ് പാപചിന്തകളെ ഗൗരവമായി കാണാത്തത്? ദൈവം അതിനെ കാണുന്ന കാഴ്ചപ്പാടിനെക്കുറിച്ച് നമുക്കുവേണ്ടത്ര ബോധമില്ലാത്തതുകൊണ്ടാണ്. ദൈവം തികച്ചും ഗൗരവമായിത്തന്നെ അതിനെ കാണുന്നു എന്നു നാം അറിയുക.

അശുദ്ധചിന്തകൾ ഉള്ളവരെ ഒക്കെ പിടികൂടി 20 വർഷം തടവിലിടുന്ന ഒരു നിയമം ഉണ്ടാവുകയും എല്ലാ വ്യക്തികളുടെയും ചിന്തകളെ അറിയുന്ന ഒരു ഉപകരണസംവിധാനം രൂപകൽപന ചെയ്തു പോലീസിനെ നിയോഗിക്കയും ചെയ്യുന്നു എന്നു കരുതുക. നിങ്ങൾ അതിനോട് എങ്ങനെ പ്രതികരിക്കും? അപ്പോൾ തീർച്ചയായും താങ്കളുടെ ചിന്താ മണ്ഡലത്തെക്കുറിച്ചു താങ്കൾ ഗൗരവമുള്ള ഒരു വ്യക്തിയായിത്തീരും. ഒരു പക്ഷേ ഒറ്റ രാത്രികൊണ്ടു താങ്കൾ ഒരു വിശുദ്ധനായി രൂപാന്തരപ്പെടാനും സാദ്ധ്യതയുണ്ട്.

ദൈവം തന്റെ കരുണയാലാണ് ന്യായവിധിയും ശിക്ഷയും ഒക്കെ താമസിപ്പിക്കുന്നത് എന്നതു എത്ര സത്യമാണ്. പാപകരമായ ചിന്തകൾക്കുമേൽ ദൈവം അയയ്ക്കുന്ന ശിക്ഷാവിധിയെക്കുറിച്ച് നാം അറിയുന്നുവെങ്കിൽ നാം നടുങ്ങുക തന്നെ ചെയ്യും. 20 വർഷത്തെ കഠിനതടവിനേക്കാളും എത്രയോ ഭയങ്കരശിക്ഷയാണ് അതിന്മേൽ വരുന്നതെന്നറിയുക. ലോകത്തെ മുഴുവനും നശിപ്പിക്കുവാൻ ദൈവം തീരുമാനമെടുത്ത ആദ്യസന്ദർഭത്തിൽ അതിന്റെ കാരണം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. “ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നു. അവന്റെ ഹൃദയനിരൂപണങ്ങൾ എല്ലായ്പ്പോഴും ദോഷത്തിലേക്ക് ആകുന്നുവെന്നും യഹോവ കണ്ടു.” (ഉൽപ.6:5).

> **പെട്ടെന്ന് കോപം വന്നിട്ട് നിങ്ങൾ ഒരാളെ അടിച്ചുവെന്നു കരുതുക. പിന്നീട് സുബോധം വന്ന് അനുതപിച്ച് മാപ്പു ചോദിച്ചു. നിങ്ങൾ ചെയ്ത പ്രവൃത്തി തികച്ചും തെറ്റുതന്നെ. എന്നാൽ നിരന്തരമുണ്ടാകുന്ന പ്രതികാര ചിന്തയാണ് അതിനെക്കാൾ ഗുരുതരം .**

അക്കാലത്ത് ഭൂമിയിൽ ബൈബിളോ സഭകളോ വേദോപദേഷ്ടാക്കന്മാരോ പാസ്റ്റർമാരോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മനുഷ്യർക്ക് നല്ല മാതൃകകളെ നൽകിയിരുന്നില്ല. പരിശുദ്ധാത്മാവിനെ നൽകിയിരുന്നില്ല. യേശു കുരിശിൽ മരിച്ചിരുന്നുമില്ല. എന്നിട്ടും തെറ്റായ നിരൂപണങ്ങളെ, പാപചിന്തകളെ കർശനമായിത്തന്നെ ദൈവം ശിക്ഷിച്ചു. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ സഹായങ്ങളും ലഭ്യമായിരിക്കുന്ന ഈ കൃപയുടെ കാലഘട്ടത്തിൽ ജീവിക്കുന്ന നാം ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കേണ്ടതുണ്ട്. കാരണം മുൻ കാലത്തെക്കാൾ ഗൗരവവും ഖണ്ഡിതവുമായ ശിക്ഷാവിധിയ്ക്കു നാം പാത്രരായിത്തീരുക തന്നെ ചെയ്യും.

“കാണുന്നതോ താത്ക്കാലികം. കാണാത്തതോ നിത്യം’’ (2 കൊരി.4:18) ഈ വേദഭാഗം നമ്മുടെ ചിന്തകൾ എത്ര ഗൗരവമായ സംഗതിയാണെന്നു മനസ്സിലാക്കാൻ നമ്മെ സഹായിക്കും. പെട്ടെന്ന് കോപം വന്നിട്ട് നിങ്ങൾ ഒരാളെ അടിച്ചുവെന്നു കരുതുക. പിന്നീട്

സുബോധം വന്ന് അനുതപിച്ച് മാപ്പു ചോദിച്ചു. നിങ്ങൾ ചെയ്ത പ്രവൃത്തി തികച്ചും തെറ്റുതന്നെ. എന്നാൽ നിരന്തരമുണ്ടാകുന്ന പ്രതികാരചിന്തയാണ് അതിനെക്കാൾ ഗുരുതരം.

നിങ്ങൾ ഒരാളെ ശകാരിക്കയും പിന്നീട് അനുതപിച്ചു മാപ്പു ചോദിക്കയും ചെയ്തു എന്നു കരുതുക. എന്നാൽ ശകാരിക്കേണ്ട ആളെ മുമ്പിൽ കിട്ടാതെ ഒരു പകൽ മുഴുവൻ മനസ്സിൽ അയാളെ ശകാരിച്ചുകൊണ്ടിരിക്കുന്നു എന്നു കരുതുക. ഇതിൽ ഏതായിരിക്കും ഭയങ്കരം? **കാണാത്തതു തന്നെ നിത്യം.** നമ്മുടെ പ്രവൃത്തികൾ കാണുന്നവയാണ്. ചിന്തകൾ കാണാത്തവയും. അവ നിത്യമാണ്.

> **നിങ്ങളുടെ നിത്യത നിങ്ങളുടെ ചിന്തപോലെ തന്നെ ആയിരിക്കും . നിങ്ങൾ പിശാചിനെപ്പോലെ ചിന്തിക്കുന്നുവെങ്കിൽ നിത്യതയിലും നിങ്ങൾ ഒരു പിശാചായിരിക്കും . നിങ്ങൾ ക്രിസ്തുവിന്റെ ചിന്തയുള്ളവരെങ്കിൽ നിത്യതയിലും ക്രിസ്തുതുല്യരായിരിക്കും .**

"ഒരു മനുഷ്യൻ തന്റെ ഹൃദയത്തിൽ ചിന്തിക്കുന്നതുപോലെയാകുന്നു." (സദൃ.23:7). നിങ്ങളുടെ നിത്യത നിങ്ങളുടെ ചിന്തപോലെ തന്നെ ആയിരിക്കും. നിങ്ങൾ പിശാചിനെപ്പോലെ ചിന്തിക്കുന്നുവെങ്കിൽ നിത്യതയിലും നിങ്ങൾ ഒരു പിശാചായിരിക്കും. നിങ്ങൾ ക്രിസ്തുവിന്റെ ചിന്തയുള്ളവരെങ്കിൽ നിത്യതയിലും ക്രിസ്തുതുല്യരായിരിക്കും. മരണശേഷം ചിലർക്കു ഞെട്ടലുണ്ടാകും. ഭൂമിയിൽ തങ്ങൾ വിശുദ്ധരെന്നു നടിച്ചു ജീവിച്ചു. പക്ഷേ ചിന്താമണ്ഡലം പിശാചിന്റേതുപോലെയായിരുന്നു. എന്നാൽ പുനരുത്ഥാനശരീരം എന്നതു ചിന്താമണ്ഡലത്തിനനുസൃതമായി രൂപപ്പെടുന്നു എന്നറിയുക. നിങ്ങൾ ഒരു മാലാഖയെപ്പോലെ സംസാരിക്കയും വിശുദ്ധനെപ്പോലെ നടക്കയും ചെയ്തു എന്നതു സത്യം തന്നെ. പക്ഷേ പുനരുത്ഥാനശരീരം രൂപപ്പെടുന്നതു ഇപ്പറഞ്ഞതിനനുസൃതമായല്ല. "ഒരു മനുഷ്യൻ ചിന്തിക്കുന്നതുപോലെയാകും അവൻ" എന്നു മാത്രമല്ല എന്നും അങ്ങനെ ആയിരിക്കയും ചെയ്യും. മ്ലേച്ഛമായ ചിന്തകളുള്ള ഒരുവനാണു നിങ്ങളെങ്കിൽ മ്ലേച്ഛമായ ഒരു പുനരുത്ഥാന ശരീരത്തിനല്ലേ നിങ്ങൾക്ക് അർഹതയുള്ളൂ. ഹീനമായ വൃത്തികെട്ട ശരീരമല്ലേ ലഭിക്കുക? ചിന്തകൾ മഹത്തരമെങ്കിൽ മഹത്വപൂർണ്ണമായ ശരീരം ലഭിക്കും. ക്രിസ്തുതുല്യമായ ചിന്തകളുള്ളവനു ക്രിസ്തുതുല്യമായ ശരീരം ലഭിക്കും.

പ്രിയസ്നേഹിതാ, പാപചിന്തകൾ ദൈവസന്നിധിയിൽ വലിയ ഗൗരവമുള്ളതാണ്. അതിന്റെ ശിക്ഷാവിധി എത്ര വൈകിയാലും കഠിനമായിരിക്കും. ഒരു പക്ഷേ വൈകില്ലായിരിക്കാം. അതുകൊണ്ട് "സങ്കൽപങ്ങളും, ദൈവപരിജ്ഞാനത്തിനെതിരായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളയുക. ഏതു ചിന്തയെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുക.'' (2 കൊരി.10:5). ഇനി അതിനു സമയം വൈകരുതേ.

**കടപ്പാട് പിൽഗ്രിംസ് ജേർണൽ (സമാഹൃതം)**

○



## സെൽവിൻ ഹ്യൂസ് *പേജ് 14 ൽ നിന്ന് തുടർച്ച*

പ്രവാചക ശബ്ദങ്ങളിൽ ഒന്നായിരുന്നു. അസംബ്ലീസ് ഓഫ് ഗോഡ് സഭാ പശ്ചാത്തലം പിൽക്കാലത്ത് വ്യവസ്ഥാപിത സഭകളിൽ കാരിസ്മാററിക് നവീകരണങ്ങൾ ഉളവായപ്പോൾ ആ വശ്യമായ അനുഭവജ്ഞാനം പകരാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. അമേരിക്കൻ ഐക്യനാടുകളിൽ സെൽവിൻ ഹ്യൂസ് നടത്തിയ നിരവധി സന്ദർശനങ്ങൾ അദ്ദേഹത്തിന്റെ ക്രിയാത്മകത വർദ്ധിപ്പിക്കാൻ സഹായകമായി. ഓവർ ഹെഡ് പ്രൊജക്ടറുകൾ ബ്രിട്ടനിൽ പ്രചരിപ്പിക്കുന്നതിൽ സെൽവിൻ ഹ്യൂസ് ഒരു പ്രധാനപങ്ക് വഹിച്ചിട്ടുണ്ട്. മരണാസന്നയായി പ്രിയപത്നി ഇനിഡ് ആശുപത്രിയിൽ കിടക്കുമ്പോൾ ഒരു സെമിനാറിൽ സംസാരിക്കവെ ദുഃഖാർത്തനായി തന്റെ ഹൃദയത്തിന് അല്പം ആശ്വാസത്തിനായി സദസ്യരെ നോക്കിയ സെൽവിൻ ബലഹീനനായ ഒരു മൺപാത്രമാണ് താനും എന്ന ബോധം നമുക്ക് നൽകുന്നു.

പല വർഷങ്ങൾ ആയിരങ്ങളെ യേശുവിനോടൊപ്പം നടക്കാൻ ഉത്സാഹിപ്പിച്ച സെൽവിൻ ഹ്യൂസിന്റെ വേർപാട് താൻ തുടങ്ങിവച്ച പ്രസ്ഥാനത്തെ ബാധിക്കാതിരിക്കില്ല. CWR-ന്റെ ചെയർമാൻ സ്റ്റീവ് ബ്രാഡ്‌ലിയുടെ വാക്കുകൾ ഉദ്ധരിക്കുന്നു. "സെൽവിനെ അറിയുകയും സ്നേഹിക്കുകയും ചെയ്തിരുന്ന എല്ലാവർക്കും ⇨

## അല്പകാര്യങ്ങളുടെ ദിവസം

*പേജ് 10 ൽ നിന്ന് തുടർച്ച*

എന്നെ ഉപദ്രവിക്കാൻ ശ്രമിച്ചവർക്ക് കേടുവരുത്താനോ ഒരു ചെറുവിരൽപോലും ഉയർത്താൻ എനിക്ക് ഇന്നുവരെ ഇടയായിട്ടില്ല.

വാസ്തവം പറഞ്ഞാൽ എനിക്ക് ദോഷം ചെയ്യാൻ ഇന്നുവരെ ആർക്കും കഴിഞ്ഞിട്ടില്ല. കാരണം, ഈ സന്ദർഭങ്ങളിലെല്ലാം റോമർ 8 ന്റെ 28 ൽ പറയുംപോലെ സകലതും എന്റെ നന്മയ്ക്കായി കൂടി വ്യാപരിക്കുന്നത് മാത്രമാണ് ഞാൻ കണ്ടിട്ടുള്ളത്. ഒരു ഉദാഹരണം പറയാം. എന്നെ സൂക്ഷിച്ചുകൊള്ളണം എന്ന് ഉപദേശം ലഭിച്ച പല വ്യക്തികളും തെറ്റായ ഉപദേശങ്ങൾ എന്താണെന്നറിയാൻ എന്റെ പുസ്തകങ്ങൾ വായിക്കാനും സന്ദേശങ്ങൾ ടേപ്പിലൂടെ ശ്രവിക്കാനും ഇടയായി. തൽഫലമായി അവർ സത്യത്താൽ പിടിക്കപ്പെടുകയും ഞങ്ങളോട് സഭാബന്ധത്തിൽ വരുകയും ചെയ്തു. ഞങ്ങളുടെ മദ്ധ്യത്തിൽ ഇന്ന് അവർ അനുഗൃഹീതരായ സഹോദരീസഹോദരന്മാരാണ്! ഇപ്രകാരം വീണ്ടുംവീണ്ടും ദൈവം പിശാചിനെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

"എന്റെ അഭിഷിക്തന്മാരെ തൊടരുത്; എന്റെ പ്രവാചകന്മാർക്ക് ഒരു ദോഷവും വരുത്തരുത്" എന്ന ദൈവത്തിന്റെ മുന്നറിയിപ്പ് (സങ്കീ.105:15) അവഗണിക്കുന്നവർ ഒരു ദിവസം ദൈവത്തിന്റെ ക്രോധത്തിന് ഇരയായിത്തീരും എന്നുള്ളതാണ് സത്യം. തന്റെ ഭൃത്യന്മാരെ ദൈവം കണ്ണിന്റെ കൃഷ്ണമണിപോലെ സൂക്ഷിക്കുന്നു (സെഖ 2:8) എന്ന കാര്യം അവർ ഗ്രഹിച്ചിരുന്നെങ്കിൽ. "പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും" (റോമർ 12:19) എന്ന് ദൈവവചനം പറയുന്നു. 'പകരം ചെയ്യുന്ന' കാര്യത്തിൽ ദൈവം വളരെ കൃത്യത പാലിക്കുന്നു എന്ന് നാം അറിഞ്ഞിരുന്നെങ്കിൽ!

○

ഇതൊരു ദുഃഖദിവസമാണ്. നൂറുകണക്കിന്, ആയിരക്കണക്കിന്, ജീവിതങ്ങളെ ലോകമാസകലം സ്പർശിച്ച ഈ മഹാൻ വ്യക്തികൾക്കായി എപ്പോഴും സമയം കണ്ടെത്തിയിരുന്നു. വ്യക്തിപരമായ സന്ദർശനങ്ങൾ അനേകരെ രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. താൻ വിശ്വസ്തതയോടെ സേവിക്കയും ശക്തിയോടെ സാക്ഷിക്കയും ചെയ്ത യേശുകർത്താവിന്റെ സന്നിധിയിലേക്ക് താൻ പ്രവേശിച്ചു എന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സെൽവിൻ തുടങ്ങിവയ്ക്കുകയും വളർത്തുകയും ചെയ്ത വേല മുമ്പോട്ടുകൊണ്ടുപോകാൻ ദൈവം ഞങ്ങളെ സഹായിക്കട്ടെ."

2006 ജനുവരി 9-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് ശാന്തമായി സെൽവിൻ നിത്യതയിലേക്ക് പ്രവേശിച്ചു. വേദന ഒട്ടും ഇല്ലാതെ തന്റെ ചുറ്റും നിൽക്കുന്നവരോട് തന്റെ ജീവിതദൗത്യം പൂർത്തീകരിച്ചെന്നും കർത്താവിനെ മുഖാമുഖം കാണാനായി താൻ ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നും പറയുകയുണ്ടായി. ഒടുവിലത്തെ സമയത്ത് ഏറ്റവും അടുത്ത കുടുംബാംഗങ്ങൾ അടുത്തുണ്ടായിരുന്നു. പ്രതിസന്ധികളിൽ തളരാതെ ദീർഘവർഷങ്ങൾ യേശുവിനോടൊപ്പം നടന്ന സെൽവിൻ നമുക്ക് മുമ്പോട്ടായാൻ വെല്ലുവിളി ഉയർത്തുന്നില്ലേ?..

## വാർത്താകൗതുകം

### തിരുശേഷിപ്പ് ഡി.എൻ.എ.ടെസ്റ്റിന്

**പാരീസ്**: റോമൻ കത്തോലിക്കാ സഭ സൂക്ഷിച്ചിട്ടുള്ള ജോവൻ ഓഫ് ആർക്കിന്റെ തിരുശേഷിപ്പ് ഡി.എൻ.എ പരിശോധനയ്ക്കു വിധേയമാക്കുന്നു. 1431 ൽ പത്തൊൻപതാം വയസ്സിൽ ജോവൻ ഓഫ് ആർക്കിനെ ഇംഗ്ലീഷുകാർ ജീവനോടെ ദഹിപ്പിച്ച് ചാരം നദിയിൽ ഒഴുക്കിയെങ്കിലും കത്തിക്കരിഞ്ഞ വാരിയെല്ലിന്റെ ഭാഗവും തുണിക്കഷണവും തിരുശേഷിപ്പായി സഭ ഇത്രയും നാൾ സൂക്ഷിച്ചു വരികയായിരുന്നു. പാരീസിലെ ഫിലിപ്പിചാർലിയർ എന്ന ജനിതക വിദഗ്ധനാണ് ഈ തിരുശേഷിപ്പ് ഇപ്പോൾ ഡി.എൻ.എ പരീക്ഷണത്തിന് വിധേയമാക്കുന്നത്. "ഈ പരീക്ഷണത്തിനു ശേഷം ഇതു ജോവാൻ ഓഫ് ആർക്കാണെന്നു ഞങ്ങൾക്കു പറയുവാൻ കഴിയുകയില്ല. എന്നാൽ ഇതു 1431 ൽ ദഹിപ്പിച്ച ഒരു പത്തൊൻപതുകാരിയുടെ ശരീരാവശിഷ്ടങ്ങളാണോ എന്ന് ആറു മാസത്തിനുള്ളിൽ പറയുവാൻ ഞങ്ങൾക്കു കഴിയും."-ഫിലിപ്പി ചാർലിയർ അറിയിച്ചു.

## Thought-provoking thoughts

* Words can't break bones, but they can break hearts
* The Gospel is one gift you can keep and still pass on to others.
* You gain interest only on what you invest
* God takes us into deep waters, not to drown us but to cleanse us.
* If you would master temptation, let christ master you
* Our Character is measured by what we do when no one is looking
* Become an organ-donor; give your heart to Jesus.



# അധോലോകത്തിൽനിന്നുള്ള കത്തുകൾ

സി. എസ്. ലൂയിസ്
മൊഴിമാറ്റം: സാജു ഏബ്രഹാം

### *വായിച്ചുതുടങ്ങും മുൻപ്*

*സി.എസ്. ലൂയിസിന്റെ പ്രശസ്തമായ 'ദി സ്ക്രൂടേപ്പ് ലെറ്റേഴ്സി'ന്റെ പരിഭാഷയാണിത്. :കുട്ടിപ്പിശാചിന്റെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യാനിയെ പിന്മാറ്റത്തിലേക്കു നയിക്കാൻ വേണ്ട നിർദ്ദേശങ്ങളാണ് അമ്മാവൻ പിശാച് കത്തിലൂടെ നൽകുന്നത്. കുട്ടിപ്പിശാചിന്റെ മേൽനോട്ടത്തിലുള്ള കക്ഷി-യുവാവായ ക്രിസ്ത്യാനി- തന്റെ അമ്മയും ഒന്നിച്ചുതാമസിക്കുകയാണ്. അവന്റെ പ്രാർത്ഥനാജീവിതത്തെ തകരാറിലാക്കാനും അമ്മയും അവനും തമ്മിലുള്ള ബന്ധത്തിൽ തെറ്റിദ്ധാരണ കൊണ്ടുവരുവാനും എല്ലാം വേണ്ട ഉപദേശങ്ങൾ കഴിഞ്ഞ കത്തുകളിലൂടെ പരിചയസമ്പന്നനായ അമ്മാവൻപിശാച് കുട്ടിപ്പിശാചിനു നൽകിക്കഴിഞ്ഞു. ക്രിസ്ത്യാനിയായ ചെറുപ്പക്കാരന് ഇതിനിടെ 'ലൗകികരായ' ചില സുഹൃത്തുക്കളെ കിട്ടി. അവരോടുള്ള കൂട്ടുകെട്ടുമൂലം അവനെ യാഥാർത്ഥ്യത്തിൽനിന്നു പതുക്കെ പൊള്ളയായ പൊങ്ങച്ചങ്ങളിലേക്കും കൃത്രിമമായ തിരക്കുകളിലേക്കും കൊണ്ടെത്തിക്കണമെന്ന് അമ്മാവൻ പിശാച് ഉപദേശിക്കുന്നു. ഇതിനിടെ, ക്രിസ്ത്യാനിയായ യുവാവിന് വീണ്ടും ആത്മീയമായ ഒരു മടങ്ങിവരവുണ്ടായി. എങ്കിലും ആത്മീയമായി അവൻ മുന്നോട്ടുപോകാതിരിക്കാൻ അവനെ തടയുവാനുള്ള തന്ത്രങ്ങൾ അമ്മാവൻ പിശാച് കുട്ടിപ്പിശാചിനു പറഞ്ഞുകൊടുത്തു. പ്രേമം, ലൈംഗികത, വിവാഹം തുടങ്ങിയവയെ തന്ത്രപൂർവ്വം ഉപയോഗിച്ച് ക്രിസ്ത്യാനിയെ എങ്ങനെ വീഴ്ത്താം എന്നാണു തുടർന്നുള്ള ചർച്ച. ചെറുപ്പക്കാരൻ ഇതിനിടെ നല്ല ഒരു ആത്മീയകൂട്ടത്തിൽ നിന്ന് ആത്മികയായ ഒരു പെൺകുട്ടിയെ വിവാഹം കഴിക്കാനുള്ള നീക്കം ആരംഭിച്ചു. ഇത് അമ്മാവൻ പിശാചിന് ഒരു വലിയ ആഘാതമായിരുന്നു.എങ്കിലും ഈ സാഹചര്യത്തിലും ക്രിസ്ത്യാനിയെ വീഴ്ത്താനുള്ള തന്ത്രങ്ങൾ അവൻ ഉപദേശിക്കുകയാണ്...തുടർന്നു വായിക്കുക.*

# പൊതുജനാഭിപ്രായത്തിന്റെ പൊള്ളത്തരം

**25**

പ്രിയപ്പെട്ട കുട്ടിപ്പിശാചേ,



നിന്റെ കക്ഷി ഇപ്പോൾ ആയിരിക്കുന്ന കൂട്ടത്തെ സംബന്ധിച്ചുള്ള പ്രധാന പ്രശ്നം അവർ 'വെറും ക്രിസ്ത്യാനികൾ' ആണെന്നുള്ളതാണ്. അവരെല്ലാം വ്യക്തിപരമായി വ്യത്യസ്ത താത്പര്യങ്ങൾ ഉള്ളവരാണെങ്കിലും 'കേവലം ക്രിസ്തീയത' എന്ന ബന്ധത്തിൽ ഒന്നായിരിക്കുന്നു. മനുഷ്യർ ക്രിസ്ത്യാനികളായാൽ പിന്നെ നമുക്ക് ചെയ്യാവുന്നത് അവരെ ഒരു പ്രത്യേക മാനസികാവസ്ഥയിൽ ആക്കുക എന്നതാണ്. അതായത് 'ക്രിസ്തീയതയും അതിന്റെ കൂടെ മറ്റെന്തെങ്കിലും' എന്ന തരത്തിൽ. ഉദാഹരണത്തിന് ക്രിസ്തീയതയും പ്രശ്നങ്ങളും ക്രിസ്തീയ

തയും മനശ്ശാസ്ത്രവും, ക്രിസ്തീയതയും പുതിയ ക്രമവും, ക്രിസ്തീയതയും വിശ്വാസത്താലുള്ള രോഗശാന്തിയും ക്രിസ്തീയതയും സസ്യാഹാരവും അങ്ങനെ പലതും. 'വെറും ക്രിസ്ത്യാനികൾ' എന്നതിനപ്പുറം അവർ ക്രിസ്തീയതയോടുകൂടെ എന്തെങ്കിലും ഉള്ളവരായിരിക്കട്ടെ. [1]അങ്ങനെയൊന്നും പറയാനില്ലാത്ത ക്രിസ്ത്യാനികളാണെങ്കിൽ ഏറ്റവും കുറഞ്ഞത് അവർ 'വ്യത്യാസമുള്ളക്രിസ്ത്യാനികളെ'ങ്കിലും ആയിരിക്കട്ടെ. അവരുടെ വിശ്വാസത്തെത്തന്നെ മാറ്റി പകരം ക്രിസ്തീയതയുടെ നിറം നൽകിയ മറ്റെന്തെങ്കിലും വയ്ക്കണം. തല്ക്കാലം പഴയതും മാറ്റമില്ലാത്തതുമായ കാര്യങ്ങളോടുള്ള വെറുപ്പ് എന്നതിൽ മാത്രം ഊന്നി പ്രവർത്തിക്കുക.

മനുഷ്യരുടെ ഹൃദയത്തിൽ നാം സൃഷ്ടിച്ച വളരെ വിലപ്പെട്ട ഒരു വികാരമാണ് പഴയതും മാറ്റമില്ലാത്തതും ആവർത്തിച്ചു വരുന്നതുമായ കാര്യങ്ങളോടുള്ള വെറുപ്പ്. മതത്തിനുള്ളിലെ അന്തമില്ലാത്ത പുതിയ ഉപദേശങ്ങൾ വിവാഹജീവിതത്തിലെ അവിശ്വസ്തത, സുഹൃത്ബന്ധങ്ങളിലെ സ്ഥിരതയില്ലായ്മ എന്നിങ്ങനെ പലതും ഇതിന്റെ ഫലമാണ്. കാലപരിധിക്കുള്ളിൽ ജീവിക്കുന്ന മനുഷ്യൻ യഥാർത്ഥ്യങ്ങളെ ആവർത്തിച്ച് അനുഭവിക്കുന്നു. ധാരാളം അനുഭവങ്ങൾ ഉണ്ടാകുവാൻ മനുഷ്യർക്കു വ്യത്യസ്ത വിഷയങ്ങളിൽ അനുഭവങ്ങൾ ഉണ്ടാകണം. മനുഷ്യർക്ക് മാറ്റങ്ങൾ ആവശ്യമുള്ളതുകൊണ്ട് നമ്മുടെ ശത്രു (ആനന്ദമാണ് ജീവിതത്തിന്റെ പരമോദ്ദേശ്യമെന്ന് കരുതുന്നവൻ) അവർക്കു സന്തോഷം നൽകുന്ന തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കുന്നു. അങ്ങനെയാണ് ആഹാരംകഴിക്കുക എന്ന പ്രാ

**ആനന്ദത്തിനും പുതുമയ്ക്കും വേണ്ടിയുള്ള താത്പര്യത്തെ പിശാച് അതിരുകടന്ന അത്യാർത്തിയാക്കി മാറ്റി മനുഷ്യരെ അസന്തുഷ്ടരാക്കി മാറ്റുന്നു. ഒപ്പം പുതുമയ്ക്കുവേണ്ടിയുള്ള പരക്കം പാച്ചിലിൽ ദൈവം വച്ചിട്ടുള്ള അതിരുകളെ മനുഷ്യർ മറികടക്കുവാനും പിശാചു പ്രേരിപ്പിക്കുന്നു.**

ഥമികമായ ആവശ്യത്തെപ്പോലും സന്തോഷമുള്ള കാര്യമാക്കി അവൻ തീർത്തിരിക്കുന്നത്. [2]മാറ്റങ്ങൾക്കുവേണ്ടിയുള്ള മനുഷ്യരുടെ താത്പര്യത്തിനു തുല്യമായി സ്ഥിരമായ ചിലതിനു വേണ്ടിയുള്ള താത്പര്യവും അവൻ മനുഷ്യർക്കു നൽകുന്നു. താൻ സൃഷ്ടിച്ച ലോകത്തിൽ ഈ രണ്ട് താത്പര്യങ്ങളേയും ഒരുപോലെ തൃപ്തിപ്പെടുത്തുന്നതരത്തിൽ മാറുന്നതും സ്ഥിരമായതും തമ്മിലൊരു സമന്വയം അവൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് അവൻ മനുഷ്യർക്ക് ഋതുക്കൾ നൽകിയിരിക്കുന്നു. അവ ഓരോന്നും വ്യത്യസ്തമായിരിക്കെത്തന്നെ എല്ലാ വർഷവും അത് ഒരു പോലെ തന്നെയാണ്. ഓരോ വസന്തകാലവും പുതുമയുള്ളതാണെങ്കിലും എല്ലാവർഷത്തിലും അത് ആവർത്തിച്ചു വരുന്നു. സഭയിലും ഇങ്ങനെതന്നെ-ഉപവാസവും വിരുന്നും മാറിമാറിവരുന്നു. പക്ഷേ അതും പഴയതിന്റെ ആവർത്തനങ്ങൾമാത്രമാണ്.

ആഹാരം കഴിക്കുന്നതിലുള്ള സുഖത്തെ പ്രത്യേകം എടുത്ത് അതു പെരുപ്പിച്ച് മനുഷ്യരെ തീറ്റിക്കൊതിയന്മാരാക്കുന്നതുപോലെ മാറ്റങ്ങൾ





**'ആഹാരം കഴിക്കുന്നതിലുള്ള സുഖത്തെ പ്രത്യേകം എടുത്ത് അതു പെരുപ്പിച്ച് മനുഷ്യരെ തീറ്റിക്കൊതിയന്മാരാക്കുന്നതുപോലെ എല്ലാ കാര്യത്തിലും മനുഷ്യരെ വഴിതെറ്റിക്കുവാൻ നമുക്ക് കഴിയും.'**

നൽകുന്ന സ്വാഭാവികമായ ആനന്ദത്തെ എടുത്ത് വഴിതെറ്റിച്ച് എപ്പോഴും പുതുമയ്ക്കായി ദാഹിക്കുന്ന ഒരു സ്വഭാവം മനുഷ്യരിൽ നാം ഉണ്ടാക്കുന്നു. ഇങ്ങനെയൊരു സ്വഭാവം മനുഷ്യരിൽ ഉണർത്തുന്നത് നമ്മുടെ പണിയാണ്. ഇവിടെ നമ്മുടെ ചുമതല മറന്ന് അലസരായിട്ടിരുന്നാൽ മനുഷ്യർ സ്വാഭാവികമായി തൃപ്തിയുള്ളവരായിത്തീരും. മാത്രമല്ല അവരുടെ ജീവിതത്തിൽ പുതുമയുള്ള അനുഭവങ്ങളും സ്ഥിരമായ കാര്യങ്ങളും ഇടകലർന്നു വരുമ്പോൾ അവർ സന്തോഷമുള്ളവരായിരിക്കുകയും ചെയ്യും. വേനൽക്കാലത്തെ തുടർന്ന് ശരത്കാലം. അങ്ങനെ കൃത്യമായിട്ടുള്ള ഋതുഭേദങ്ങളിൽ കുട്ടികൾ തികഞ്ഞ സന്തോഷമുള്ളവരായിരിക്കുമല്ലോ. അതുകൊണ്ട് നമ്മുടെ നിരന്തരമായ ശ്രമങ്ങൾ വഴി മാത്രമേ അനിശ്ചിതവും ക്രമമില്ലാത്തതുമായ മാറ്റത്തിനും പുതുമയ്ക്കും വേണ്ടിയുള്ള നിർബന്ധം മനുഷ്യരിൽ നിലനിർത്താൻ സാധിക്കുകയുള്ളൂ.

ഇങ്ങനെയൊരു നിർബന്ധം മനുഷ്യരിൽ നിലനിർത്തുന്നതുകൊണ്ട് പലവിധ ഗുണങ്ങളുണ്ട്. ഒന്നാമത് ഇവിടെ ആഗ്രഹങ്ങൾ പെരുകുന്നതുകൊണ്ട് സുഖം കുറയുന്നു. പുതുമ നൽകുന്ന സുഖവും അതിന്റെ സ്വഭാവത്താൽ, തന്നെ ഈ പറഞ്ഞ നിയമത്തിനു വിധേയമാണ്. തുടർച്ചയായി പുതുമ അന്വേഷിക്കുക എന്നത് പണച്ചെലവുള്ള കാര്യമാണ്. അതുകൊണ്ട് തന്നെ പുതുമയ്ക്കു വേണ്ടിയുള്ള താത്പര്യം അത്യാഗ്രഹമോ അസന്തുഷ്ടിയോ അല്ലെങ്കിൽ രണ്ടും കൂടിയോ ഉണ്ടാക്കുന്നു. [3]പുതുമയ്ക്കുവേണ്ടിയുള്ള താത്പര്യം അത്യാർത്തി പിടിച്ചതാകുമ്പോൾ മനുഷ്യൻ ആനന്ദത്തിനുള്ള നിർദോഷകരമായ മാർഗ്ഗങ്ങൾ വേഗത്തിൽ കൈവിട്ട് ശത്രു നിരോധിച്ചിരിക്കുന്ന കാര്യങ്ങളിലേയ്ക്ക് കടക്കും. അങ്ങനെ പഴയ കാര്യങ്ങളോടുള്ള വെറുപ്പ് കൂട്ടുക വഴി നാം ഈ അടുത്ത കാലത്തു വിവിധ കലാരൂപങ്ങൾ നമുക്ക് അപകടകരല്ലാത്തതാക്കി തീർത്തു. കലാകാരന്മാരിപ്പോൾ ദിനം പ്രതി കൂടുതൽകൂടുതൽ പുതുമയ്ക്കായി ദാഹിക്കുകയും അതിന്റെ

ഫലമായി കൂടുതൽ ഭോഗാസക്തരും യുക്തിരഹിതരും ക്രൂരരും നിഗളികളും ആയിത്തീരുകയും ചെയ്യുന്നു. അവസാനം ഒരു പുതിയ പരിഷ്കാരമോ സമ്പ്രദായമോ സൃഷ്ടിക്കണമെങ്കിൽ പുതുമയ്ക്കായുള്ള ആഗ്രഹം ഒഴിച്ചു കൂടാൻ പറ്റാത്തതായിത്തീരുന്നു.

പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചിന്ത കൊണ്ടുവരിക വഴി യഥാർത്ഥ 'അപകടത്തിൽ' നിന്നു മനുഷ്യരുടെ ശ്രദ്ധയെ മാറ്റുകയാണ് നാം ചെയ്യുന്നത്. ഓരോ തലമുറയുടേയും പരിഷ്കാരത്തിനുവേണ്ടിയുള്ള മുറവിളിയെ അപകടകരമല്ലാത്ത കാര്യങ്ങൾക്കെതിരെ തിരിച്ച് വിട്ടശേഷം നമ്മൾ ഒരു തലമുറയെ മുഴുവൻ രോഗാതുരമാക്കാവുന്ന കാര്യങ്ങളെ അംഗീകാരയോഗ്യമാക്കിത്തീർക്കുകയാണു ചെയ്യുന്നുത്. [4]ഈ മനുഷ്യരെ വെള്ളം പൊങ്ങുമ്പോൾ തീ അണയ്ക്കാൻ നടക്കുന്നവരാക്കുക എന്നതാണ് നമ്മുടെ കളി. മനുഷ്യർ വാസ്തവത്തിൽ ശീതോഷ്ണവാന്മാരും ലോക മയത്വമുള്ളവരുമാകുമ്പോൾ അത്യുത്സാഹം കാണിക്കുന്നതിന്റെ അപകടം വെളിപ്പെടുത്തുന്നത് ഒരു പരിഷ്കാരമാക്കി നാം തീർക്കുന്നു. ഒരു നൂറ്റാണ്ട് കഴിഞ്ഞ് നാം മനുഷ്യരെ എല്ലാം വികാരപരമായി കാണുന്നവരാക്കുമ്പോൾ ഉള്ള മുറവിളി എല്ലാം കേവലം 'മനസ്സിലാക്കുന്നതിലെ' അപകടത്തെ കുറിച്ചായിരിക്കും. അതിഭാവുകത്വത്തെ എടുത്ത് കാട്ടി ക്രൂരതയെ മറയ്ക്കുന്നു. ഉത്തരവാദിത്വം ഇല്ലാത്ത മടിയന്മാരെ വെള്ളപൂശാൻ മാന്യതയെയും വ്യഭിചാരികളെ ന്യായീകരിക്കാൻ വിശുദ്ധിയേയും നമ്മൾ പഴി പറയുന്നു. മനുഷ്യർ അടിമകളോ ക്രൂരനായൊരു ഏകാധിപതിയോ ആകുവാൻ എപ്പോഴെങ്കിലും തിടുക്കം കാണിക്കുകയാണെങ്കിൽ എല്ലാറ്റിനോടുമുള്ള അയഞ്ഞ സമീപനമാണ് ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം എന്ന് സ്ഥാപിക്കാനാണ് നാം ശ്രമിക്കുന്നത്.

നമ്മുടെ ഏറ്റവും വലിയ വിജയം ഈ പഴയതും മാറ്റമില്ലാത്തതുമായ കാര്യങ്ങളോടുള്ള വെറുപ്പിനെ ഒരു തത്വശാസ്ത്രമായി ഉയർത്തുവാനും അതുവഴി ബുദ്ധിജീവികളുടെ മണ്ടത്തരങ്ങളെ ഉപയോഗിച്ച് ആളുകളുടെ ഇഷ്ടത്തെ കളങ്കപ്പെടുത്തുവാനും കഴിഞ്ഞു എന്നതാണ്. ഇവിടെയാണ് ആധുനിക ചിന്തയുടെ ചരിത്രപരമായ സ്വഭാവം നമുക്ക് പ്രയോജനം ചെയ്യുന്നതായി ത്തീരുന്നത്. വിരസമായ ആവർത്തനം ശത്രു ഇഷ്ടപ്പെടുന്നു. [5]മനുഷ്യർ ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും തന്നോട് തന്നെ ചില ലളിതമായ ചോദ്യങ്ങൾ ചോദിക്കണമെന്ന് ശത്രു ആഗ്രഹിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. "ഇത് നീതിയുള്ളതാണോ"? "ഇത് വിവേകത്തോടെയുള്ളതാണോ?" "ഇത് സാധിക്കുന്നതാണോ?" എന്നിങ്ങനെ ചില ചോദ്യങ്ങൾ. ഈ സമയം തന്നെ വേറെ ചില ചോദ്യങ്ങൾ ചോദിക്കുവാൻ നമ്മൾ പ്രേരിപ്പിക്കുന്നു. "ഇത് ഈ കാലഘട്ടത്തിനു യോജിക്കുന്നതാണോ?" "ഇത് പുരോഗമനപരമോ അതോ പിന്തിരിപ്പനോ?" "ചരിത്രത്തിന്റെ ഗതി ഇതാണോ?" ഇങ്ങനെ ചില ചോദ്യങ്ങൾ തങ്ങളോടു തന്നെ ചോദിക്കുവാൻ മനുഷ്യരെ നാം പ്രേരിപ്പിക്കുമ്പോൾ വാസ്തവത്തിൽ പ്രസക്തമായ പല ചോദ്യങ്ങളും വിട്ടുപോകുന്നു. മനുഷ്യർ ചോദിക്കുന്ന ചോദ്യങ്ങൾ തീർച്ചയായും ഉത്തരം കിട്ടാത്തതാണ്. കാരണം ഭാവിയെക്കുറിച്ച് അവർക്കൊന്നുമറിയില്ല. മനുഷ്യരുടെ ഭാവി തീരുമാനിക്കുന്നത് വലിയ ഒരളവിൽ അവരുടെതന്നെ ചില തെരഞ്ഞെടുപ്പുകൾ ആണ്. അതിന്റെ ഫലമായി മനുഷ്യരുടെ മനസ്സ് ശൂന്യതയിൽ ചുറ്റിക്കറങ്ങുമ്പോൾ നമുക്ക് ഇഷ്ടമുള്ള തരത്തിൽ അവരെ വളയ്ക്കുവാൻ സാധിക്കും. അത്തരത്തിലുള്ള വലിയൊരു പ്രവൃത്തി നടന്നു കഴിഞ്ഞു. ചില മാറ്റങ്ങൾ നല്ലതിനാണെങ്കിൽ മറ്റ് ചിലത് കൂടുതൽ മോശമായതിനു വേണ്ടിയാണ്. മറ്റ് ചിലത് അവഗണിക്കപ്പെട്ടതുമാണ്. ഈ വിവരം മനുഷ്യരിൽ നിന്ന് മറയ്ക്കണം. "മാറ്റമില്ലാത്തത്" എന്ന വിശേഷണത്തിനു പകരം നാം കുറച്ചു കൂടി വികാരപരമായ വിശേഷണം "പ്രവർത്തനരഹിതമായത്" എന്നതു നാം നൽകുന്നു. പ്രത്യേകപരിഗണന ലഭിച്ച ചില പ്രമുഖർക്കു മാത്രം നേടാവുന്ന ഒരു വാഗ്ദത്തനാടായി ഭാവിയെക്കുറിച്ച് ചിന്തിക്കുവാൻ നാം മനുഷ്യരെ പരിശീലിപ്പിച്ചിട്ടുണ്ട്. അല്ലാതെ ആർക്കും, എന്ത് ചെയ്താലും അറുപതുമിനിട്ടു കഴിഞ്ഞാൽ ഒരു മണിക്കൂർ എന്നതോതിൽ കടന്നു ചെല്ലാവുന്ന ഒരു സ്ഥലമായിട്ടല്ല ഭാവിയെ നാം അവരുടെ മുമ്പിൽ ചിത്രീകരിച്ചിട്ടുള്ളത്.



സ്നേഹപൂർവ്വം
അമ്മാവൻ പിശാച്

## അടിക്കുറിപ്പുകൾ

**1. അങ്ങനെയൊന്നും പറയാനില്ലാത്ത ക്രിസ്ത്യാനികളാണെങ്കിൽ ഏറ്റവും കുറഞ്ഞത് അവർ 'വ്യത്യാസമുള്ള ക്രിസ്ത്യാനികൾ' എങ്കിലും ആയിരിക്കട്ടെ.**

വെറും ഒരു ക്രിസ്ത്യാനിയായിരിക്കുന്നത് ഒരു പോരായ്മയാണെന്ന ചിന്ത ക്രിസ്തീയ ലോകത്തു കടത്തിവിട്ടതു സാത്താന്റെ ഒരു തന്ത്രമാണ്. ക്രിസ്തീയതയുടെ കൂടെ എന്തെങ്കിലും ഉണ്ടായിരിക്കണം എന്നതാണ് ഇപ്പോൾ നാട്ടുനടപ്പ്. ഉദാഹരണത്തിന് ക്രിസ്തീയതയും മനശ്ശാസ്ത്രവും, ക്രിസ്തീയതയും സാമൂഹികസേവനവും എന്നിങ്ങനെ. വിശേഷണം ഒന്നും ഇല്ലാതെ ഒരു ക്രിസ്ത്യാനി മാത്രമായി നില്ക്കുന്നതിൽ ഇന്നു പലർക്കും താത്പര്യമില്ല. ക്രിസ്തീയതയുടെ അനന്യത നഷ്ടപ്പെടുത്തി മറ്റെന്തെങ്കിലും അതിനോടു ചേർക്കുവാനുള്ള പിശാചിന്റെ തന്ത്രം മനസ്സിലാകാത്തതുകൊണ്ടാണിത്.

എല്ലാ ക്രിസ്ത്യാനികളെയും അവരുടെ തനിമയിൽ നിർത്താതെ ക്രിസ്തീയതയോടൊപ്പം എന്തെങ്കിലും കൂടെ ഉള്ളവരാക്കി നിർത്താൻ ശ്രമിക്കണമെന്ന് അമ്മാവൻ പിശാച് ഇവിടെ ഉപദേശിക്കുന്നു. അങ്ങനെയൊന്നുമില്ലാതെ വെറും ക്രിസ്ത്യാനിയായി ഒരുവൻ നിൽക്കുകയാണെങ്കിൽ ഏറ്റവും കുറഞ്ഞത് 'ഒരു വ്യത്യാസമുള്ള ക്രിസ്ത്യാനി' (A Chrirstian with a difference) എന്ന ലേബലെങ്കിലും നൽകി അവനെ വെറും ക്രിസ്ത്യാനി(Mere Christian) യാക്കി നിർത്താതിരിക്കുകയാണ് വേണ്ടതത്രേ!

കൂടുതൽ വായനയ്ക്ക് സി.എസ്.ലൂയിസിന്റെ 'Mere Christian' എന്ന പുസ്തകം നോക്കുക.

**2. മാറ്റങ്ങൾക്കുവേണ്ടിയുള്ള മനുഷ്യരുടെ താത്പര്യത്തിനു തുല്യമായി സ്ഥിരമായ ചിലതിനു വേണ്ടിയുള്ള താത്പര്യവും അവൻ മനുഷ്യർക്കു നൽകുന്നു.**

ആവർത്തിച്ചു വരുന്ന എല്ലാറ്റിനോടും വെറുപ്പും പുതുമയ്ക്കുവേണ്ടിയുള്ള അദമ്യമായ ദാഹവും മനുഷ്യരുടെ ഹൃദയത്തിൽ സാത്താൻ കടത്തിവിട്ടതാണെന്ന് അമ്മാവൻ പിശാച്

ഇവിടെ പറയുന്നു.

ഇതിന്റെ അർത്ഥം ദൈവം പുതുമയൊന്നും ഇല്ലാത്തവനും ആത്മീയത വിരസവുമാണെന്നല്ല. ആനന്ദമാണ്-അതിന്റെ നല്ല അർത്ഥത്തിൽ-ജീവിതത്തിന്റെ പരമമായ ഉദ്ദേശ്യമെന്നു കരുതുന്നവനാണ് ദൈവമെന്ന് അമ്മാവൻ പിശാചു തന്നെ തുടർന്നു പറയുന്നതു ശ്രദ്ധിക്കുക. ("നിന്റെ സന്നിധിയിൽ സന്തോഷപൂർണതയും നിന്റെ വലത്തു ഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്". സങ്കീ.16:11. ശരിയായ സന്തോഷവും പുതുമയും ദൈവത്തിലാണുള്ളത്.)

ഭക്ഷണം കഴിക്കുക എന്നതു ജീവന്റെ നിലനിൽപിന് ആവശ്യമായ പ്രാഥമികമായ ഒരു കാര്യമാണ്. പക്ഷേ ദൈവം അതിൽ സന്തോഷം സന്നിവേശിപ്പിച്ചിരിക്കുന്നു. വിവിധ ഋതുകൾ മാറി മാറിവരത്തക്കവണ്ണം ദൈവം കാലാവസ്ഥയെ നിർണയിച്ചിരിക്കുന്നതും പുതുമ സൃഷ്ടിക്കുന്ന ദൈവസ്വഭാവത്തിലേക്കാണു വിരൽ ചൂണ്ടുന്നത്. പക്ഷേ മാറ്റത്തിനും പുതുമയ്ക്കും വേണ്ടി മാത്രമല്ല സ്ഥിരവും നിത്യവുമായ കാര്യങ്ങൾക്കു വേണ്ടിയും ദൈവം നിലകൊള്ളുന്നു. ഉദാഹരണത്തിന് ഋതുക്കൾ മാറിമാറി വരുന്നുണ്ടെങ്കിലും എല്ലാവർഷവും ഇതേ ഋതുക്കൾ തന്നെയാണ് ആവർത്തിച്ചു വരുന്നത്. സഭയിലും ഉപവാസവും ഉണ്ട് സ്നേഹ വിരുന്നും ഉണ്ട്. പക്ഷേ അതും ആവർത്തിച്ചുവരുന്നു. ഒരേ സമയം മാറ്റത്തിനും സ്ഥിരതയ്ക്കും വേണ്ടിയുള്ള വ്യത്യസ്ത താത്പര്യങ്ങൾ ദൈവം തന്നെയാണു മനുഷ്യനിൽ നൽകിയിരിക്കുന്നത്.

**3. പുതുമയ്ക്കുവേണ്ടിയുള്ള താത്പര്യം അത്യാർത്തി പിടിച്ചതാകുമ്പോൾ മനുഷ്യർ ആനന്ദത്തിനുള്ള നിർദ്ദോഷമായ മാർഗ്ഗങ്ങൾ കൈവിട്ട് ശത്രു നിരോധിച്ചിരിക്കുന്ന കാര്യങ്ങളിലേക്കു കടക്കും.**

ദൈവം ആനന്ദത്തിന് എതിരല്ല. എന്നാൽ അത് അത്യാർത്തി പിടിച്ചതും ദോഷകരവുമാകരുതെന്നും അവിടുന്നു നിഷ്കർഷിക്കുന്നു. എന്നാൽ സ്ഥിരവും മാറ്റമില്ലാത്തുതമായതിനോടു വെറുപ്പുണ്ടാക്കി ആനന്ദത്തിനും പുതുമയ്ക്കും വേണ്ടി അതിരുവിട്ട് പോകാൻ മനുഷ്യരെ പ്രേരിപ്പിക്കുകയാണ് പിശാചു ചെയ്യുന്നത്. ഉദാഹരണത്തിന് ഭക്ഷണം കഴിക്കുന്നതിൽ ദൈവം സന്തോഷത്തെ സന്നിവേശിപ്പിച്ചിട്ടുണ്ട്. എന്നാൽ പിശാചു ചെയ്യുന്നത് ഭക്ഷണം കഴിക്കുന്നതിലുള്ള സുഖത്തെ പ്രത്യേകം എടുത്ത് അതു പെരുപ്പിച്ച് മനുഷ്യരെ തീറ്റക്കൊതിയന്മാരാക്കുകയാണ്. ആനന്ദത്തിനും പുതുമയ്ക്കും വേണ്ടിയുള്ള താത്പര്യത്തെ പിശാച് അതിരുകടന്ന അത്യാർത്തിയാക്കി മാറ്റി മനുഷ്യരെ അസന്തുഷ്ടരാക്കി മാറ്റുന്നു. (സന്തോഷത്തിനുവേണ്ടിയുള്ള അന്വേഷണം തന്നെ മനുഷ്യരെ അസന്തുഷ്ടിയിൽ കൊണ്ടെത്തിക്കുന്നു!). ഒപ്പം പുതുമയ്ക്കും ആനന്ദത്തിനും വേണ്ടിയുള്ള പരക്കം പാച്ചിലിൽ ദൈവം (അമ്മാവൻ പിശാചിന്റെ ഭാഷയിൽ 'ശത്രു') വച്ചിട്ടുള്ള അതിരുകളെ മനുഷ്യൻ ലംഘിക്കുവാനും പിശാചു പ്രേരിപ്പിക്കുന്നു. മനുഷ്യരുടെ നിർദ്ദോഷമായ സന്തോഷം ഇല്ലാതാക്കുക, അവരെക്കൊണ്ട് ദൈവകല്പന ലംഘിപ്പിക്കുക-'ഒരു വെടിയ്ക്ക് പിശാച് രണ്ടു പക്ഷികളെ'യാണു വീഴ്ത്തുന്നത്!

**4. മനുഷ്യരെ വെള്ളം പൊങ്ങുമ്പോൾ തീ അണയ്ക്കാൻ നടക്കുന്നവരാക്കുക എന്നതാണു നമ്മുടെ കളി.**

പുതുമയ്ക്കുവേണ്ടിയുള്ള അന്വേഷണം അതതു കാലഘട്ടങ്ങളിൽ പുതിയ പരിഷ്കാരങ്ങളും ഫാഷനുകളും കൊണ്ടുവരുന്നു. ഓരോ കാലഘട്ടത്തിലും വ്യത്യസ്ത ചിന്താഗതികളാണു ഫാഷനാകുന്നത്. 'പൊതുജന



വികാരം' എന്നു നാം വിളിക്കുന്ന, അതതുകാലത്തെ നാട്ടുനടപ്പായ ഈ ചിന്തകളെ സൃഷ്ടിക്കുന്നത് തങ്ങളാണെന്ന് അമ്മാവൻ പിശാച് ഇവിടെ പറയുന്നു. ജനവികാരത്തെ ഒരു കാര്യത്തിനെതിരെ തിരിച്ചുവിട്ട് അതിന്റെ ബഹളത്തിനിടയിൽ അതീവ തിന്മയായ മറ്റൊരു കാര്യത്തെ അംഗീകരിപ്പിക്കുന്നതാണു സാത്താന്റെ തന്ത്രം. 'വെള്ളം പൊങ്ങുമ്പോൾ ആളുകളെ തീ അണയ്ക്കാൻ നടക്കുന്നവരാക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് യഥാർത്ഥപ്രശ്നത്തെ ശ്രദ്ധയിൽ നിന്നു മാറ്റി അയഥാർത്ഥമായ ഒരു കാര്യത്തോടു 'നിഴൽ യുദ്ധം' നടത്താൻ പ്രേരിപ്പിക്കുക എന്നതാണ്.

ആളുകൾ ഒത്തുതീർപ്പുകാരും ശീതോഷ്ണവാന്മാരും ആകുമ്പോൾ ആ പ്രശ്നത്തിൽ നിന്നു ശ്രദ്ധമാറ്റാനായി ആത്മീയ കാര്യങ്ങളിൽ വലിയ ഉത്സാഹം കാട്ടുന്നതും മൗലികവാദവുമാണ് ഇപ്പോഴത്തെ വലിയ പ്രശ്നം എന്ന പുകമറ പിശാച് സൃഷ്ടിക്കുന്നു. മറ്റൊരു കാലഘട്ടത്തിൽ, അനാവശ്യമായി കരുണകാട്ടുകയും ദുർബലന്മാരാകുകയും ചെയ്യുന്നതിനെതിരെ ജനചിന്തയെ തിരിച്ചുവിടുന്നു. എന്നിട്ട് അതിന്റെ മറവിൽ ക്രൂരതയെ ന്യായീകരിക്കുന്നു. ഉത്തരവാദിത്വമില്ലാത്ത മടിയന്മാരെ വെള്ളപൂശാനായി മാന്യതയ്ക്കെതിരേയും വ്യഭിചാരത്തെ ന്യായീകരിക്കാനായി തീക്ഷ്ണവിശുദ്ധിക്കെതിരേയും പൊതുജനവികാരത്തെ തരാതരംപോലെ തിരിച്ചുവിടുന്നതും പിശാചിന്റെ തന്ത്രമാണ്.

ഒരു ക്രിസ്ത്യാനി ജനാഭിപ്രായത്തോട് ഒപ്പം നിൽക്കുന്നതിലെ അപകടത്തിലേക്കല്ലേ ഈ കാര്യങ്ങൾ വിരൽ ചൂണ്ടുന്നത്?.

**5. മനുഷ്യർ ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും തന്നോടുതന്നെ ചില ലളിതമായ ചോദ്യങ്ങൾ ചോദിക്കണമെന്നു ശത്രു ആഗ്രഹിക്കുന്നു.**

'ശത്രു' എന്ന് അമ്മാവൻ പിശാച് വിളിക്കുന്നതു ദൈവത്തെയാണ്. മനുഷ്യർ ഏതു തിരഞ്ഞെടുപ്പു നടത്തുമ്പോഴും 'ഇതു നീതിയാണോ, സാധ്യമായതാണോ, വിവേകപൂർവമായതാണോ' എന്നീ ചോദ്യങ്ങൾ ചോദിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. എന്നാൽ 'ഇതു ഈ കാലത്തിനു യോജിച്ചതാണോ? ഇതു പുരോഗമനപരമായതാണോ, ചരിത്രത്തിന്റെ ഗതിക്കു യോജിച്ചതാണോ?' എന്നീ ചോദ്യങ്ങൾ മനുഷ്യർ ചോദിച്ച് അതിനനുസരിച്ചു തീരുമാനങ്ങൾ എടുക്കണമെന്നാണു പിശാച് ആഗ്രഹിക്കുന്നത്. ഈ ചോദ്യങ്ങൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക: ദൈവം ഉന്നയിക്കുന്ന ചോദ്യങ്ങൾ ലളിതമാണ് കൃത്യതയുള്ളതാണ്. എന്നാൽ പിശാചു ചോദിക്കുന്ന ചോദ്യങ്ങൾ വ്യക്തമായ ഉത്തരമില്ലാത്തതും ആപേക്ഷികവുമാണ്. 'പുരോഗമനപരം' 'കാലത്തിനുയോജിച്ചത്', 'ചരിത്രഗതിക്കു ചേർന്നത്' എന്നീ കാര്യങ്ങളൊക്കെ ആരാണു നിശ്ചയിക്കുന്നത്? 'ചരിത്രത്തോട് ഒത്തുപോകുന്നത്, പുരോഗമനപരം, കാലത്തിനു ചേർന്നത്' എന്നിങ്ങനെയുള്ള അളവുകോലുകൾ നാം ഉപയോഗിക്കുമ്പോൾ നാം ചെന്നെത്തുന്നത് ഇവയെക്കുറിച്ചെല്ലാം ഉള്ള ഈ ലോകത്തിന്റെ ധാരണകളിലേക്കാണ്. ഈ ധാരണകളെ അതതുകാലത്തു രൂപപ്പെടുത്തുന്നതു പിശാചാണെന്നു നേരത്തെ നാം കണ്ടുകഴിഞ്ഞു. ഫലത്തിൽ ഓരോ തീരുമാനവും ഈ ചോദ്യങ്ങളുടെ വെളിച്ചത്തിൽ നാം കൈക്കൊണ്ടാൽ നാം സാത്താന്റെ അഭിപ്രായത്തെ സ്വന്ത അഭിപ്രായമായി സ്വീകരിക്കുകയും അവന്റെ കൊട്ടിനൊത്തു തുള്ളുകയുമായിരിക്കും ചെയ്യുന്നത്.!

## വിഹാഹരജിസ്ട്രേഷൻ:നിയമനടപടികൾ ആരംഭിക്കുന്നു

**ന്യൂഡൽഹി:** മതാചാരപ്രകാരം നടക്കുന്ന വിവാഹങ്ങൾ ഉൾപ്പെടെ രാജ്യത്തെ മുഴുവൻ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന സുപ്രിംകോടതി നിർദ്ദേശത്തെ തുടർന്ന് ഇതുസംബന്ധിച്ചു നിയമനിർമാണം നടത്താൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിർബന്ധിതമായി. രാജ്യത്തു നടക്കുന്ന എല്ലാവിവാഹങ്ങളും രജിസ്റ്റർ ചെയ്യണമെന്നും ഇതിനായി മൂന്നു മാസത്തിനുള്ളിൽ കേന്ദ്ര,സംസ്ഥാന ഗവർമ്മെന്റുകൾ നിയമനിർമ്മാണം നടത്തണമെന്നുമാണ് സുപ്രിംകോടതി നിർദ്ദേശം.



നിലവിലുള്ള വിവാഹരജിസ്റ്റർ നിയമത്തിൽ വിവാഹം നിർബന്ധമായി രജിസ്റ്റർ ചെയ്യാൻ വകുപ്പില്ലെങ്കിൽ നിയമം ഭേദഗതി ചെയ്യണം. വിവാഹം രജിസ്റ്റർ ചെയ്ത വിവരം പരസ്യപ്പെടുത്തുകയും വേണം. രജിസ്ട്രേഷനു ചുമതലയുള്ള ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്. വിവാഹരജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനെക്കുറിച്ച് ദേശീയവനിതാ കമ്മീഷൻ തയ്യാറാക്കിയ കരടുരൂപരേഖകൂടി പരിഗണിച്ചശേഷമാണ് സുപ്രിംകോടതി നിർദ്ദേശം. ദേശീയന്യൂനപക്ഷ കമ്മീഷൻ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായം ആരാഞ്ഞശേഷമാണ് വനിതാകമ്മീഷൻ കരടു രൂപരേഖ തയ്യാറാക്കിയത്.

രാജ്യത്ത് പൊതുസിവിൽ കോഡ് എന്ന ആശയത്തിന്റെ ചുവടുപിടിച്ചാണു സുപ്രിംകോടതി വിധിയെന്ന് ആക്ഷേപമുണ്ട് എന്നാൽ ഇതുമൂലം മതാചാരങ്ങളുടെപ്രാധാന്യം കുറയുന്നില്ലെന്നും വിവാഹ അനുബന്ധതർക്കങ്ങളിൽ സ്ത്രീകൾക്ക് ഇതു പ്രയോജനം ചെയ്യുമെന്നും ചൂണ്ടിക്കാട്ടി മുസ്ലീം വനിതാസംഘടനകൾ കോടതിവിധിയെ സ്വാഗതം ചെയ്തിട്ടുണ്ട്. ക്രിസ്തീയാചാരപ്രകാരം നടക്കുന്ന വിവാഹങ്ങളിൽ, വിദേശത്തു പോകാൻ താത്പര്യമുള്ളവർ ഇപ്പോൾതന്നെ വിവാഹം രജിസ്റ്റർ ചെയ്യാറുണ്ട്. നിയമംപ്രാബല്യത്തിൽ വന്നാൽ എല്ലാവരും അതു ചെയ്യേണ്ടിവരും.

## ഹീബ്രു സംഗീതരാജ്ഞി അന്തരിച്ചു

ജറുസലേം: ഹീബ്രു സംഗീതരാജ്ഞി എന്നറിയപ്പെടുന്ന ഷോഷനാ ദാംരി അന്തരിച്ചു. 1923 ൽ യെമനിലെ ദാമറിലായിരുന്നു ഷോഷനാ യുടെ ജനനം. 1925 ൽ ഇപ്പോഴത്തെ യിസ്രായേലിന്റെ ഭൂമിയിലേക്ക് ഈ കുടുംബം കുടിയേറി.

കുട്ടിയായിരിക്കുമ്പോൾ വിവാഹാഘോഷങ്ങളിൽ അമ്മയോടൊപ്പം പാടിക്കൊണ്ടാണ് ഷോഷനാ സംഗീതലോകത്തേക്കു ചുവടുവച്ചത്. പതിനാലാം വയസ്സിൽ യിസ്രായേലി റേഡിയോയിൽ പാടിത്തുടങ്ങി. യെമനിലെ സംഗീതരീതികൾ കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ ഇവർ ഹീബ്രുഗായികയായി ഉയരുകയായിരുന്നു.

൦



# മറ്റൊരു ‘പരദേശി മോക്ഷയാത്ര’

ഒരു തീർത്ഥാടകൻ വാഗ്ദത്തദേശത്തേക്കുള്ള പ്രയാണത്തിലായിരുന്നു. അവൻ തോളിൽ തന്റെ കുരിശും വഹിച്ചിരുന്നു. കുരിശിന്റെ ഭാരം സസന്തോഷം വഹിച്ച് ആഹ്ലാദഭരിതനായി അവൻ നടന്നുപോയി.

പക്ഷേ യാത്ര അതിദുർഘടമായിരുന്നു. കല്ലും, മുള്ളും അവന്റെ പാദങ്ങളെ നോവിച്ചു. വെയിലും യാത്രാക്ഷീണവും അവനെ തളർത്തി. തോളിലെ കുരിശ് ഇപ്പോൾ കൂടുതൽ ഭാരമുള്ളതായി അവനു തോന്നി.

ക്ഷീണിച്ചു തളർന്ന് അവൻ ഒരു തണലിൽ വിശ്രമിക്കാനിരുന്നു. അപ്പോഴാണവൻ ആ കാഴ്ച കണ്ടത്- മൂർച്ചയേറിയ മഴുവുമായി ഒരാൾ മരങ്ങൾ മുറിക്കുന്നു. തീർത്ഥാടകന് പൊടുന്നനെ ഒരാശയം തോന്നി. അവൻ അയാളോടു ചോദിച്ചു "സുഹൃത്തേ, താങ്കളുടെ മഴു അല്പനേരത്തേയ്ക്ക് ഒന്നു കടം തരാമോ? എന്റെ ഈ മരക്കുരിശ് വലിയ ഭാരം. ഞാൻ മഴു ഉപയോഗിച്ച് ഇതിന്റെ നീളം അല്പം കുറച്ചുകൊള്ളട്ടെ".

മരംവെട്ടുകാരൻ തീർത്ഥാടകന് മഴു നല്കി. അവൻ അതുപയോഗിച്ച് തന്റെ കുരിശിന്റെ നീളം കുറച്ചു. ഉവ്വ്, ഇപ്പോൾ കുരിശിന്റെ ഭാരം നന്നേ കുറഞ്ഞിട്ടുണ്ട്.

ക്ഷീണം മാറ്റി ഭാരം കുറഞ്ഞ കുരിശുമായി തീർത്ഥാടകൻ യാത്ര തുടർന്നു.

കുറെ മുന്നോട്ടു പോയപ്പോൾ ഒടുവിലതാ മുന്നിൽ വാഗ്ദത്തനാട്. തീർത്ഥാടകൻ ആഹ്ലാദത്തോടെ അങ്ങോട്ട് ഓടി അടുത്തു. അടുത്തെത്തിയപ്പോൾ അവൻ കണ്ടു വാഗ്ദത്തനാടിനും തനിക്കും മദ്ധ്യത്തിൽ ആഴമേറിയ ഒരു ഗർത്തമുണ്ട്. ഈ പിളർപ്പിനു മുകളിൽ തന്റെ കുരിശ് ഒരു പാലം പോലെ ഇട്ട് അതിലൂടെ വേണം വാഗ്ദത്തനാട്ടിലേക്കു പ്രവേശിക്കാൻ.

തീർത്ഥാടകൻ വേഗത്തിൽ തന്റെ കുരിശെടുത്ത് ആ കിടങ്ങിനുമേൽ കുറുകെ ഇട്ട് അക്കരെ കടക്കാൻ നോക്കി. പക്ഷേ കുരിശിനു നീളം കുറവായിരുന്നു! അവൻ ആ കുരിശിന്റെ ചുവട്ടിൽ നിന്ന് നേരത്തെ എത്രഭാഗം മുറിച്ചു കളഞ്ഞോ കൃത്യം അത്രയും നീളം കുറവ്!

തീർത്ഥാടകൻ പൊട്ടിക്കരഞ്ഞുപോയി. "കഷ്ടം! കുരിശിന്റെ നീളം കുറയ്ക്കാതിരുന്നെങ്കിൽ ഇപ്പോൾ അക്കരെ എത്തുമായിരുന്നു".

കവിളിലൂടെ ഒലിച്ചിറങ്ങുന്ന കണ്ണീരുമായി തീർത്ഥാടകൻ പെട്ടെന്നു ഞെട്ടിയുണർന്നു. ഉവ്വ്, അതൊരു സ്വപ്നമായിരുന്നു. താൻ തണലിൽ ഇരുന്ന് അറിയാതെ ഉറങ്ങിപ്പോയി. അവൻ വെമ്പലോടെ കുരിശെടുത്തു നോക്കി. ഇല്ല നീളം കുറഞ്ഞിട്ടില്ല. അതൊരു സ്വപ്നം ആയിരുന്നു.

തീർത്ഥാടകൻ ക്ഷീണം മറന്ന് ആഹ്ലാദത്തോടെ തന്റെ കുരിശെടുത്ത് തോളിൽ വച്ച് വാഗ്ദത്തനാട്ടിലേയ്ക്കു വീണ്ടും നടക്കുകയാണ്. ഇല്ല, ഇപ്പോൾ കുരിശിന് ഭാരം ഉള്ളതായി അവനു തോന്നുന്നില്ല.

## Just a Minute




Pheba P.Cleetus, Kochi